# പൗരോഹിത്യ
# വജ്രജൂബിലി സ്മരണിക

## ഫാദർ ജേക്കബ് കളിയന്താനത്ത്

## 1966 - 2026

Faith ◆ Family ◆ Fellowship
KALIYANTHANATH


സമാഹരണം

**ഡോ. വറുഗ്ഗീസ് കെ. ജോൺ**


https://www.kaliyanthanath.org

**POWROHITHYA VAJRA JUBILEE SMARANIKA**
Fr. Jacob Kaliyanthanath


| | | |
|---|---|---|
| Compiled by | : | Dr. Varughese K. John |
| Edited by | : | Dr. C. Stephen<br>(Formerly HoD, Dept. of Malayalam,<br>Mar Ivanios College, Thiruvananthapuram) |
| Layout, Design & Printing | : | St. Joseph's Press, Thiruvananthapuram<br>Ph: 0471-2322888 |
| Published on | : | February 14, 2026 |
| Website | : | https://www.kaliyanthanath.org |
| E-mail ID | : | varughese.kjohn@gmail.com |
| Contact | : | +91 9446101425 |



©*Right Reserved*
(For Private Circulation Only)

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 4 |
| അനുഗ്രഹ സന്ദേശം :<br>**മാർ ബസ്സേലിയോസ് കാർഡിനൽ ക്ലീമിസ് ബാവാ** | 9 |
| ആശംസകൾ : | |
| ഫാ. എബ്രഹാം പാപ്പാടി | 11 |
| ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ OIC | 13 |
| ശ്രീമതി. ലിസമ്മ ചാക്കോ | 15 |
| **ഒന്നാം ഭാഗം :** | |
| **ധന്യൻ മാർ ഈവാനിയോസ് മുണ്ടൻമലയിൽ<br>പാകിയ സുവിശേഷ ദൗത്യം** | **17 - 32** |
| ധന്യൻ മാർ ഈവാനിയോസ് ലഘു ജീവചരിത്രം :<br>ബിഷപ്പ് ആന്റണി മാർ സിൽവാനോസ് | 18 |
| ധന്യൻ മാർ ഈവാനിയോസും വടശ്ശേരിക്കരയിലെ മലങ്കര<br>കത്തോലിക്കാ സഭയുടെ വളർച്ചയും : ലിജു ജോർജ്ജ് | 23 |
| **രണ്ടാം ഭാഗം :**<br>**വജ്രജൂബിലിയുടെ നിറവിൽ-ഫാ. ജേക്കബ് കളിയന്താനത്ത്** | **33 - 44** |
| **മൂന്നാം ഭാഗം :** | |
| **കളിയന്താനത്ത് കുടുംബത്തിന്റെ പശ്ചാത്തലം** | **45 - 56** |
| **നാലാം ഭാഗം :** | |
| **കളിയന്താനത്ത് കുടുംബത്തിലെ ഇളംതലമുറ** | **57 -106** |
| കോരള വർക്കി - റാഹേൽ സന്തതി പരമ്പര | 58 |
| ഏലിയാമ്മ- കാലായിൽ മത്തായി സന്തതി പരമ്പര | 89 |
| കോരള തോമസ് - ത്രേസ്യാമ്മ സന്തതി പരമ്പര | 97 |
| പ്രാർത്ഥനയിൽ ഓർമ്മിക്കാൻ | 103 |
| ദുഃഖാർത്തരായ കുടുംബാംഗങ്ങൾ | 105 |
| കുടുംബാംഗങ്ങളായ മറ്റു വൈദികർ | 106 |
| **അനുബന്ധം :** | **107-111** |
| 1. കത്തോലിക്കാ സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങൾ | 107 |
| 2. ലെയൊ പതിനാലാമൻ മാർപാപ്പ | 108 |
| 3. ഏഴു കൂദാശകൾ | 110 |



# ആമുഖം

**പൗ**രോഹിത്യത്തിന്റെ ആറു ദശകങ്ങൾ പൂർത്തീകരിക്കുന്ന ബഹു. ജേക്കബ് കളിയന്താനത്തച്ചന് (ഞങ്ങളുടെ പ്രിയപ്പെട്ട കുഞ്ഞുമോനച്ചൻ) കുടുംബാംഗങ്ങൾ ഏവരുടേയും നാമത്തിലും എന്റെ വ്യക്തിപരമായ നാമത്തിലും പ്രാർത്ഥനാശംസകൾ നേരുന്നു.

1966 ഫെബ്രുവരി 2-ാം തീയതി മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിൽ വെച്ച് അഭി. ബേസിൽ ഡിസൂസ്സ (മാംഗ്ലൂർ ബിഷപ്പ്) തിരുമേനിയിൽ നിന്നും Dn. കെ.വി. ജേക്കബ് വൈദീകപട്ടം സ്വീകരിച്ച് ഫാ. ജേക്കബ് കളിയന്താനത്ത് അഭിഷിക്തനായി. ആ ധന്യമുഹൂർത്തത്തിന് തന്റെ മാതാപിതാക്കൾക്ക് സാക്ഷ്യം വഹിക്കാൻ ഭാഗ്യം ലഭിച്ചു. കുടുംബത്തിൽ നിന്ന് മറ്റാർക്കും തന്നെ മംഗലാപുരത്തു നടന്ന പട്ടത്വ ശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചില്ല. എന്നാൽ കുടുംബത്തോട് ഏറ്റവും അടുപ്പമുള്ള വൈദികരായ ബഹു. ജേക്കബ് ജോൺ അച്ചൻ, ബഹു. ഏബ്രഹാം തെക്കേടത്ത് അച്ചൻ, ബഹു. സാമുവൽ തെങ്ങുവിളയിൽ അച്ചൻ, ബഹു. ഫാ. വർഗ്ഗീസ് ഇടത്തിൽ (OK അച്ചൻ), ബഹു. ജോൺ പുത്തൻവിളയിൽ അച്ചൻ, ബഹു. സി. സബീന S.I.C., ബഹു. സി. ജോസഫിൻ S.I.C. എന്നിവർക്ക് പ്രസ്തുത മംഗളകർമ്മത്തിൽ പങ്കെടുക്കാൻ സാധിച്ചു.

1966 ഫെബ്രുവരി 5-ാം തീയതി ശനിയാഴ്ച ബഹുമാനപ്പെട്ട കളിയന്താനത്തച്ചൻ തന്റെ പ്രഥമ ദിവ്യബലി മാതൃഇടവകയായ വടശ്ശേരിക്കര സെന്റ് മേരീസ് (ഇപ്പോൾ സെന്റ് ആന്റണീസ്) മലങ്കര കത്തോലിക്കാ ദേവാലയത്തിൽ സമുചിതമായി അർപ്പിച്ചു. പ്രസ്തുത

ദിവ്യബലി മദ്ധ്യേ തിരുവനന്തപുരം അതിരൂപതയുടെ തലവനും പിതാവുമായ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി വചന സന്ദേശം നല്കി നവവൈദികന് എല്ലാ അനുഗ്രഹാശംസകളും നേർന്നു.

കളിയന്താനത്തു കുടുംബവീട് സ്ഥിതി ചെയ്യുന്നത് പ്രസ്തുത ദേവാലയത്തോടു ചേർന്നാണ് (വടശ്ശേരിക്കര - ചിറ്റാർ റോഡ്). ഞങ്ങളുടെ വീടിന്റെ എതിർവശത്തുള്ള ഫോറസ്റ്റ് റെസ്റ്റ് ഹൗസിൽ വെച്ചാണ് ദിവ്യബലിയർപ്പണത്തിനുശേഷമുള്ള സ്നേഹഭോജനം ക്രമീകരിച്ചത്. അഭിവന്ദ്യ ബനഡിക്റ്റ് തിരുമേനിയും മറ്റു വൈദികരും, ക്ഷണിക്കപ്പെട്ട എല്ലാവരും ഈ സ്നേഹ ഭോജനത്തിൽ പങ്കുകൊണ്ടു. ഈ ചടങ്ങുകളിലൊക്കെ ആറു വയസ്സുകാരനായ എനിക്കും അന്നു പങ്കെടുക്കാൻ സാധിച്ചു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നിന്നുള്ള രണ്ടാമത്തെ പുരോഹിതനാണ് ബഹു. ജേക്കബ് കളിയന്താനത്തച്ചൻ. ആദ്യത്തേത് ബഹു. മാത്യു വാഴപ്പിള്ളേത്ത് റമ്പാച്ചൻ ആയിരുന്നു.

എന്റെ ജീവിതത്തിൽ എന്റെ അമ്മാച്ചനച്ചൻ എന്നതിലുപരി കുഞ്ഞുമോനച്ചൻ എന്റെ അടുത്ത കൂട്ടുകാരനായിരുന്നു. ഞങ്ങൾ തമ്മിൽ എല്ലാ കാര്യങ്ങളും തുറന്നു സംസാരിക്കുകയും താന്താങ്ങളുടെ സ്വകാര്യതയെ ഏറ്റവും ബഹുമാനത്തോട് കാണുകയും ചെയ്തിരുന്നു. മറ്റാരോടും വിദ്വേഷമോ, വെറുപ്പോ പ്രകടിപ്പിക്കാതെ എല്ലാവർക്കും നന്മ മാത്രം വരണമെന്നാഗ്രഹിക്കുന്ന വ്യക്തിത്വം; ഇതാണെന്റെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ കുഞ്ഞുമോനച്ചനെപ്പറ്റിയുള്ള വ്യക്തിപരമായ അഭിപ്രായം. അച്ചൻ വികാരി ആയി സേവനം അനുഷ്ഠിച്ചിട്ടുള്ള സ്ഥലങ്ങളിലൊക്കെ എനിക്ക് പലതവണ സന്ദർശിക്കാനും ചിലപ്പോഴൊക്കെ കൂടെ താമസിക്കാനും സാധിച്ചിട്ടുണ്ട്. ബഹു. അച്ചനെ ഒരു സ്നേഹ വാത്സല്യ നിധിയായിട്ടാണ് അവിടത്തെ ഇടവക ജനം കരുതിയിരുന്നത് എന്ന് എനിക്കു നേരിൽ കണ്ട് മനസ്സിലാക്കാൻ സാധിച്ചു.

പ്രിയപ്പെട്ട കുഞ്ഞുമോനച്ചനുമായിട്ടുള്ള നിരന്തരമായ ഇടപെടലുകൾ എന്റെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്.

അതിൽ എടുത്തു പറയേണ്ടത് അച്ചന്റെ ജീവിതത്തിലെ സത്യസന്ധതയും ആത്മാർത്ഥതയുമാണ്. ഒരു കാര്യത്തിലും ഒരു വളച്ചു കെട്ടുമില്ലാതെ തുറന്നു സംസാരിക്കാനുള്ള ധൈര്യം അദ്ദേഹം എപ്പോഴും പ്രകടിപ്പിച്ചിരുന്നു. അതിനാൽ തന്നെ അദ്ദേഹത്തിന് മിത്രങ്ങളെപ്പോലെ തന്നെ എതിരാളികളും ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. എന്റെ ജീവിതത്തിൽ അദ്ദേഹത്തിൽ നിന്നും പഠിച്ച ഈ പാഠം ഞാൻ പിൻതുടരാൻ  ശ്രമിക്കുന്നു. വേറൊന്ന് എടുത്ത് പറയാനുള്ളത് ഒരു കാര്യത്തിലും അതിയായ മോഹമോ അത്യാർത്തിയോ കാണിയ്ക്കാതെ എന്താണോ ഉള്ളത് അതിൽ പൂർണ്ണസംതൃപ്തനാകുന്നു എന്നുള്ളതാണ്. തന്റെ പൗരാഹിത്യജീവിതം നല്കിയ വലിയൊരു മൂല്യമായി ഇതിനെ കണക്കാക്കാം.

തന്റെ സമ്പാദ്യത്തിന്റെ വലിയ പങ്ക് പാവങ്ങളുടെ അഭിവൃദ്ധിയ്ക്കുവേണ്ടി ചെലവഴിക്കുന്നതായി എനിയ്ക്കറിയാം. അത് ഒരു ഭവന നിർമ്മിതിക്കായോ, അല്ലെങ്കിൽ വിദ്യാഭ്യാസത്തിനായോ അർഹതപ്പെട്ട ആളുകൾക്ക് കൊടുത്തിരുന്നു. പ്രത്യേകം എടുത്തു പറയേണ്ടത് കുഞ്ഞുമോനച്ചൻ തന്റെ കുടുംബാംഗങ്ങൾ ആരേയും സാമ്പത്തികമായി സഹായിക്കാൻ തല്പരനല്ലായിരുന്നു എന്നുള്ളതാണ്. ആ തത്വചിന്ത അദ്ദേഹത്തിന് തന്റെ ആത്മീയ ഗുരുക്കന്മാരിൽ നിന്നു ലഭിച്ചതായിരിക്കണം.

അറുപതു വർഷക്കാലം വൈദികനായി തന്റെ ശുശ്രൂഷ ചെയ്തുവെന്നത് പ്രിയപ്പെട്ട അച്ചന് ചാരിതാർത്ഥ്യം നല്കുന്നതും, കുടുംബാംഗങ്ങളായ ഞങ്ങൾക്ക് അഭിമാനവും സന്തോഷവും നല്കുന്നതുമാകുന്നു. ദൈവത്തിന്റെ നിയോഗവും വിളിയും അനുസരിച്ച് തന്റെ ജീവിതം നയിക്കപ്പെട്ടു. വി. പൗലോസ് പറഞ്ഞതുപോലെ 'എനിയ്ക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്' (ഫിലി. 1:21) എന്ന വചനം എന്നും പ്രിയപ്പെട്ട അച്ചനെ മുന്നോട്ടു നയിക്കുന്നു.

വിശ്വാസത്തെപ്രതി വളരെയേറെ ത്യാഗങ്ങൾ സഹിച്ച തന്റെ മാതാപിതാക്കളുടെ പാത പിൻതുടർന്ന് പ്രിയപ്പെട്ട കളിയന്താന

ത്തച്ചൻ ഞങ്ങളുടെ കുടുംബത്തിന്റെ കെടാവിളക്കായി തന്റെ 86–ാം വയസ്സിലും ഞങ്ങളെ മുന്നോട്ട് നയിക്കുന്നു. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണകളിൽ ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

ഇതിന്റെ രചനയ്ക്കുവേണ്ടി സഹായിച്ച അനേകം വ്യക്തികളുണ്ട്. പ്രത്യേകിച്ച് നല്ലൊരു അനുഗ്രഹ സന്ദേശം നല്കിയ മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനിയോടുള്ള സ്നേഹവും കടപ്പാടും അറിയിക്കുന്നു. ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ലഘു ജീവചരിത്രം എഴുതി നല്കിയ അഭി. ഡോ. ആന്റണി മാർ സിൽവാനോസ് പിതാവിനോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. പ്രിയപ്പെട്ട കളിയന്താനത്തച്ചന്റെ ഉത്തമ സുഹൃത്ത് ഏബ്രഹാം പാപ്പാടി അച്ചൻ തന്റെ ഓർമ്മകൾ പങ്കുവച്ച ലേഖനം വളരെ സ്നേഹനൈർമ്മല്യമുള്ള ആത്മാർത്ഥമായ വാക്കുകളാണ്. അച്ചന് കുടുംബത്തിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു. ആശംസ സന്ദേശം നല്കിയനുഗ്രഹിച്ച പ്രിയ ബഹു. ഇഗ്നേഷ്യസ് തങ്ങളത്തിൽ അച്ചന് കുടുംബാംഗങ്ങൾ ഏവരുടേയും എന്റേയും പ്രത്യേക നന്ദി അർപ്പിക്കുന്നു. പ്രിയ കുഞ്ഞുമോനച്ചന്റെ മാവിയുടെ ചെറുമകൾ ലിസ്സമ്മ ചാക്കോ ആശംസകൾ നേർന്നു കൊണ്ടുള്ള ലേഖനം നൽകിയതിന് പ്രത്യേക നന്ദി അറിയിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ അനുബന്ധമായി വളരെ കാതലായ മൂന്നു കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അതിൽ 'കത്തോലിക്കാ സഭയുടെ വിശ്വാസ സത്യങ്ങൾ' അഭി. സിൽവാനോസ് പിതാവ് എഡിറ്റ് ചെയ്ത് നല്കിയത് നന്ദിയോടെ അനുസ്മരിക്കുന്നു. ഡോ. ജയിംസ് ടി ജോസഫ് (തെക്കേച്ചരുവിൽ) അനുബന്ധത്തിൽ ഏഴ് കൂദാശകളെപ്പറ്റി സംക്ഷിപ്തമായ വിവരണം നല്കി. പ്രിയപ്പെട്ട ജയിംസിന് പ്രത്യേകം നന്ദി.

കളിയന്താനത്തച്ചന്റെ ജ്യേഷ്ഠ സഹോദരൻ കെ.വി. ജോഷ്വാ (കുഞ്ഞച്ചൻ) തന്റെ ഓർമ്മയിൽ നിന്നും ചരിത്രസംബന്ധമായ അനേകം കാര്യങ്ങൾ പറഞ്ഞു തന്നത് ഈ ഗ്രന്ഥത്തിന്റെ


രചനയിൽ സഹായിച്ചു. കുഞ്ഞച്ചായന് പ്രത്യേക നന്ദി. പ്രിയപ്പെട്ട ലിജു (കളിയന്താനത്ത് കെ.വി. ജോർജിന്റെ മകൻ) ഈ ഗ്രന്ഥരചന യിൽ പഴയ ചിത്രങ്ങൾ സംഘടിപ്പിച്ചും, മറ്റ് ചരിത്ര രേഖകൾ നല്കിയും സഹായിച്ചു. ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലിജുവിന്റെ ലേഖനം ചരിത്രരേഖകളെ അടിസ്ഥാനമാക്കിയുള്ളതാണ്. ലിജുവിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

ഈ ഗ്രന്ഥത്തിന് ഭാഷാശുദ്ധി നല്കി ഇതിനെ ക്രമപ്പെടു ത്തിയത് എന്റെ പ്രിയ സുഹൃത്ത് ഡോ. സി. സ്റ്റീഫൻ (മാർ ഈവാനി യോസ് കോളേജ്, മലയാള വിഭാഗം മുൻ മേധാവി) ആണ്. അദ്ദേഹം ഇതിന് വേണ്ടി കണ്ടെത്തിയ സമയവും പ്രയത്നവും വളരെ വിലപ്പെ ട്ടതാണ്. പ്രിയ സ്റ്റീഫൻ സാറിന് കുടുംബത്തിന്റെയും എന്റെയും പ്രത്യേകം സ്നേഹവും നന്ദിയും അറിയിക്കുന്നു.

ഈ ഗ്രന്ഥത്തെ നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം ഭാഗത്തിൽ 'ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ സുവി ശേഷ ദൗത്യം' എന്ന ശീർഷകത്തിൽ രണ്ട് ലേഖനങ്ങൾ ഉൾപ്പെടു ത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ ഫാ. ജേക്കബ് കളിയന്താന ത്തിന്റെ ജീവചരിത്രം പ്രതിപാദിക്കുന്നു. മൂന്നാം ഭാഗത്തിൽ കളിയ ന്താനത്ത് കുടുംബത്തിന്റെ പശ്ചാത്തലം വിവരിക്കുന്നു. നാലാം ഭാഗത്തിൽ കളിയന്താനത്തു കുടുംബത്തിലെ ഇളംതലമുറയെ കുറി ച്ചുള്ള വിവരണം കാണാം. ഇതിന്റെ രചനയിൽ സഹായിച്ച എല്ലാ വർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചുകൊണ്ട് ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

**ഡോ. വറുഗ്ഗീസ് കെ. ജോൺ (ഷാജി)**
[പുൽപ്പള്ളി പഴശ്ശിരാജ
കോളേജ് മുൻ പ്രിൻസിപ്പൽ.
കുടുംബത്തിലെ നാലാംതലമുറ
യിലെ മൂത്ത മകൻ]

തിരുവനന്തപുരം-15,
ഫെബ്രുവരി 2, 2026.



# THE SYRO-MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Tel: +91 471 2541331
Official E-mail: catholicostvm@gmail.com

## അനുഗ്രഹ സന്ദേശം

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ ബഹുമാനപ്പെട്ട ജേക്കബ് കളിയന്താനത്ത് അച്ചൻ പൗരോഹിത്യത്തിന്റെ അറുപത് അനുഗ്രഹീത വർഷങ്ങൾ പിന്നിടുന്നതിൽ അളവറ്റ സന്തോഷത്തോടെ ദൈവത്തിന് നന്ദി പറയുന്നു. പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കരയിൽ കളിയന്താനത്ത് കോരള വർക്കി-റാഹേൽ ദമ്പതികളുടെ മകനായി ജനിച്ച്, തിരുവനന്തപുരം സെന്റ് അലോഷ്യസ് സെമിനാരിയിലും മാംഗ്ലൂർ സെന്റ് ജോസഫ് സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി 1966 ഫെബ്രുവരി 2-ന് വൈദികനായി അഭിഷിക്തനായി. അന്നു മുതൽ ഇന്നുവരെയുള്ള 60 വർഷക്കാലം നമ്മുടെ അനേകം ഇടവകകളിലും സ്ഥാപനങ്ങളിലും സമർപ്പണത്തോടെ ശുശ്രൂഷ ചെയ്ത് ദൈവത്തെ മഹത്വപ്പെടുത്തി. പുനരൈക്യത്തിന്റെ ആദ്യനാളുകൾ മുതൽ ധന്യൻ മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം ചേർന്നുനിന്ന ഒരു കുടുംബമാണ് കളിയന്താനത്ത് കുടുംബം. ആ ബന്ധവും സഭാസ്നേഹവും എക്കാലവും ബഹുമാനപ്പെട്ട അച്ചന്റെ ശുശ്രൂഷകളിൽ പ്രകടമായിരുന്നു. ഏൽപ്പിക്കപ്പെട്ട ചുമതലകളെല്ലാം വിശ്വാസത്തിന്റെ ആഴത്തിൽ സഭാധികാരികളോടു ചേർന്നുനിന്ന് ശ്ലാഘനീയമായി അച്ചൻ നിർവ്വഹിച്ചു. മഞ്ഞക്കാല ഇടവക മുതൽ തിരുവനന്തപുരത്തെ ഗുഡ് സമരിറ്റൻ ഹോം വരെ നീണ്ട വിശ്രമമില്ലാത്ത അച്ചന്റെ ശുശ്രൂഷകളിൽ നിന്ന് അനേകർ ആശ്വാസവും കൃപയും പ്രാപിച്ചു. അച്ചന്റെ പൗരോഹിത്യത്തെ പ്രതി ഞാൻ ദൈവത്തെ സ്തുതിക്കുകയും നന്ദിപറയുകയും ചെയുന്നു.

ക്രിസ്തുവിന്റെ മനുഷ്യത്വത്തിൻമേൽ പിതാവായ ദൈവം വർഷിച്ച വലിയ ദാനമാണ് പൗരോഹിത്യം. വചനം മാംസമായ നിമിഷം ക്രിസ്തു നിത്യപുരോഹിതനായും ഏകമദ്ധ്യസ്ഥനായും അഭിഷേകം ചെയ്യപ്പെട്ടു. പുതിയനിയമ പൗരോഹിത്യത്തിന്റെ അടിസ്ഥാനവും സ്രോതസും ക്രിസ്തുവിന്റെ പൗരോഹിത്യമാണ്. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള മനുഷ്യസാദ്ധ്യമായ ഏറ്റവും പരമമായ ഉൾചേരൽ പൗരോഹിത്യാഭിഷേകം എന്ന കൂദാശയിലാണ് സാദ്ധ്യമാകുക. നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ. 15:16). ഒരു പുരോഹിതനും തന്റെ വിളിയെ തന്റെ തന്നെ തെരഞ്ഞെടുപ്പായി കാണാനാകില്ല. 'അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല' (ഹെബ്രാ.5:4). ദൈവത്തിനും ദൈവജനത്തിനുമിടയിൽ നിന്നുകൊണ്ട് ബലിയും യാഗങ്ങളും ദൈവജനത്തിനുവേണ്ടി അർപ്പിക്കുകയും, ദൈവത്തിൽ നിന്ന് കൃപാദാനങ്ങളും കരുണയും, ക്ഷമയും മനുഷ്യർക്കു നൽകുവാൻ ദൈവം പുരോഹിതനെ ഉപകരണമാക്കുന്നു. ലോകം സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാ സ്വർഗ്ഗീയ നന്മകളും ദൈവം ഭൂമിക്ക് സമ്മാനിക്കുക യേശുക്രിസ്തുവിലൂടെയാണ് (എഫേ.1:3). ക്രിസ്തുവിന്റെ അധികാരവും ശക്തിയും പൗരോഹിത്യാഭിഷേകത്തിലൂടെ സ്വീകരിച്ച്,

ക്രിസ്തുവിന്റെ നാമത്തിൽ, ഈ സ്വർഗ്ഗീയ കൃപാവരങ്ങൾ മനുഷ്യർക്ക് ലഭ്യമാക്കുക എന്നതാണ് ഓരോ പുരോഹിതന്റെയും വിളി.

ബഹുമാനപ്പെട്ട അച്ചനെ 2007 മുതലാണ് ഏറ്റവും അടുത്ത് പരിചയപ്പെടുന്നതിന് എനിക്ക് ഇടയായത്. 2007 മുതൽ 2013 വരെ മേജർ അതിഭദ്രാസനത്തിന്റെ അസിസ്റ്റന്റ് ഫിനാൻസ് ഓഫീസറും അരമനയിലെ ഹൗസ് മിനിസ്റ്ററായും സേവനം അനുഷ്ഠിച്ചിരുന്ന വേളയിൽ ബഹു. അച്ചന്റെ പൗരോഹിത്യ സമർപ്പണത്തെ കൂടുതൽ മനസ്സിലാക്കുന്നതിന് ഇടയായി. ബഹു. അച്ചന്റെ സഭാസ്നേഹവും പരോഹിത്യ കൂട്ടായ്മ ഊഷ്മളമാക്കുവാനുള്ള താൽപര്യവും എടുത്തു പറയേണ്ടതാണ്. സുസ്മേരവദനനായി എല്ലായ്പ്പോഴും കാണപ്പെടുന്ന ബഹു. അച്ചൻ ഏറെ നാൾ പ്രചോദനമായി നമ്മൊടൊപ്പമുണ്ടാകട്ടെ!

ശുശ്രൂഷാ പൗരോഹിത്യത്തിന്റെ അറുപതു സുവർണ്ണ വർഷങ്ങൾ പിന്നിടുന്ന ബഹുമാനപ്പെട്ട ജേക്കബ് കളിയന്താനത്ത് അച്ചന് എല്ലാ ദൈവാനുഗ്രഹവും നന്മകളും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പേരിൽ ഞാൻ ഹൃദയപൂർവ്വം നേരുന്നു.

ദൈവം ബഹു. അച്ചനെ ധാരാളമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis.

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

# ആശംസകൾ



നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനത്തിന്റെ പെരുനാളായ ഫെബ്രുവരി 2 -ന് (1966) ഡീക്കൻ കെ.വി. ജേക്കബ് വൈദികാഭിഷേകം സ്വീകരിച്ചു. ഇപ്പോൾ വജ്രജൂബിലിയുടെ നിറവിൽ നിൽക്കുന്ന ജേക്കബ് അച്ചന് മംഗളാശംസകൾ നേരുന്നു. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ തയ്യാറാക്കുന്ന സ്മരണികയിൽ എന്റെ ഓർമ്മകൾ പങ്കുവെയ്ക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

ഞങ്ങൾ തമ്മിലുള്ള ആത്മബന്ധം ആഴമുള്ളതും ദൃഢതയുള്ളതുമായി പരിണമിച്ചത് വർഷങ്ങളായി പല ഘട്ടമായിട്ടുള്ള ഞങ്ങളുടെ ഇടപെടലുകളിലൂടെയാണ്. മൈനർ സെമിനാരി മുതൽ വൈദികപട്ടം ലഭിക്കുന്നതുവരെ ഞങ്ങൾ വെക്കേഷൻ സമയങ്ങളിലാണ് കണ്ടുമുട്ടിയിരുന്നത്. 1965-66 ആയപ്പോഴേക്കും ഞങ്ങളുടെ സുഹൃത്ത്ബന്ധം കൂടുതൽ ശക്തമായി തീർന്നു. ദൈവീക ലക്ഷ്യത്തോടും വൈദിക ശുശ്രൂഷയോടുള്ള താല്പര്യത്തോടും കൂടി ഞങ്ങൾ പഠിച്ചും കളിച്ചും പ്രാർത്ഥിച്ചും പിന്നിട്ട ദിനങ്ങൾ ഊഷ്മളതയോടെ ഞാൻ ഓർക്കുന്നു. കളിയന്താനത്തച്ചൻ എന്നേക്കാൾ മൂന്നു വർഷം സീനിയറാണ്. ഞാൻ വൈദികനായതിനുശേഷം ഞങ്ങൾ സഹവികാരിമാരായി ഒരേ സ്ഥലത്ത് ശുശ്രൂഷ ചെയ്തത് ഞങ്ങളുടെ സ്നേഹബന്ധം കൂടുതൽ അടുപ്പമുള്ളതാക്കി. 1978-ൽ ഞങ്ങൾ ഒരുമിച്ച് ഇന്റർനാഷണൽ കരിസ്മാറ്റിക് കൺവെൻഷനിൽ പങ്കെടുക്കാൻ ബോംബെയ്ക്ക് യാത്ര ചെയ്തതും അവിടെ താമസിച്ചതും അവിസ്മരണീയമാണ്. 1982-ൽ ഞാൻ ജേക്കബ്

അച്ചന്റെ മാതൃഇടവകയായ വടശ്ശേരിക്കരയിൽ വികാരിയായി വന്നു. ഇത് എന്നെ അദ്ദേഹത്തിന്റെ കുടുംബവുമായി കൂടുതൽ അടുപ്പിച്ചു.

പിന്നീട് ഞങ്ങൾ പല അവസരങ്ങളിൽ ഗ്രൂപ്പായി നടത്തിയ വിനോദയാത്രകളൊക്കെ ഞങ്ങളുടെ സൗഹൃദത്തെ കൂടുതൽ അടുപ്പമുള്ളതാക്കി തീർത്തു.

ബഹു. ജേക്കബ് അച്ചൻ നിഷ്കളങ്കനും മറ്റാരോടും വിദ്വേഷം മനസ്സിൽ കൊണ്ടു നടക്കാത്ത ആളുമാണ് എന്നുള്ളത് എടുത്തു പറയേണ്ടതാണ്. അദ്ദേഹത്തിന്റെ സുഹൃത്ബന്ധങ്ങൾ എനിയ്ക്കു കൂടുതൽ സുഹൃത്തുക്കളെ നേടിത്തന്നിട്ടുണ്ട്. നല്ലവരായ ആ സുഹൃത്തുക്കളുമായി ഇപ്പോഴും ഞങ്ങളുടെ ഊഷ്മളബന്ധം തുടരുന്നുണ്ട്. ദൈവകൃപയാൽ ഞങ്ങൾ രണ്ടുപേരും ഒരു കാര്യത്തിലും ഈ സമയം വരെ പിണങ്ങുകയോ, അഭിപ്രായവ്യത്യാസത്തിൽ ആവുകയോ ചെയ്തിട്ടില്ല. എല്ലാ കാര്യങ്ങളും വളരെ തുറവിയോടു കൂടി സംസാരിക്കും. ഒരു തീരുമാനം കൈക്കൊള്ളുന്നതിനു മുമ്പ് ഞങ്ങൾ പരസ്പരം അതിനെപ്പറ്റി ചർച്ച ചെയ്യും. ഇങ്ങനെ മാനസികമായ ഒരു ഐക്യം ഞങ്ങൾക്കിടയിൽ ഉണ്ട്. ആരോഗ്യപരമായ കാരണങ്ങളാൽ ഞങ്ങളുടെ യാത്രകൾ മുടങ്ങിപ്പോയെങ്കിലും തിരുവനന്തപുരത്ത് വരുമ്പോഴെല്ലാം ജേക്കബ് അച്ചനോടൊത്ത് ഗുഡ് സെമരിറ്റൻ സെന്ററിൽ താമസിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. അച്ചനുമായിട്ടുള്ള സൗഹൃദത്തെക്കുറിച്ചുള്ള ഊഷ്മളമായ ഓർമ്മകൾ ഇപ്പോഴും ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു.

ബഹുമാനപ്പെട്ട ജേക്കബ് അച്ചന്റെ വജ്രജൂബിലി ആഘോഷിക്കുന്ന ഈ സമയത്ത് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേർന്നു കൊള്ളുന്നു.

ഇതുവരെ ഞങ്ങളെ ഒരുമിച്ച് നടത്തിയ ദൈവനാമത്തിന് മഹത്വം ഉണ്ടായിരിക്കട്ടെ.

മാവേലിക്കര,<br>02.02.2026.

**ഫാ. ഏബ്രഹാം പാപ്പാടി**<br>മാവേലിക്കര രൂപത

# ആശംസകൾ



**ബ**ഹുമാനപ്പെട്ട ജേക്കബ് കളിയാന്തനത്ത് അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ അറുപതാം വാർഷികം ആഘോഷിക്കുന്ന അവസരത്തിൽ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

പൗരോഹിത്യത്തിന്റെ മഹനീയത മനസ്സിലാക്കുന്നതിനും ബഹുമാനപ്പെട്ട ജേക്കബ് അച്ചന്റെ വൈദിക ശുശ്രൂഷാ ജീവിത സാക്ഷ്യം പ്രകാശിപ്പിക്കുന്നതിനും സ്മരണിക ഉതകും.

ധന്യൻ മാർ ഈവാനിയോസ് പിതാവ് മുണ്ടൻമലയിൽ ബഥനി സന്യാസ സമൂഹങ്ങൾ സ്ഥാപിച്ച നാൾ മുതൽ കളിയന്താനത്ത് കുടുംബം വന്ദ്യപിതാവിനോട് ചേർന്നു നിന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭത്തിൽ വടശ്ശേരിക്കരയിലും സമീപപ്രദേശങ്ങളിലും സഭയുടെ പ്രവർത്തനങ്ങളിൽ ശുഷ്കാന്തിയോടെ ഇടപെട്ടു.

ബഹുമാനപ്പെട്ട അച്ചന്റെ മാതൃഇടവകയിൽ ചുരുങ്ങിയ കാലം ശുശ്രൂഷ ചെയ്യുവാൻ എനിക്ക് അവസരം ലഭിച്ചു. ഇടവക ദേവാ ലയത്തോട് തൊട്ടു ചേർന്ന ഭവനം. അടുപ്പം മടുപ്പുണ്ടാ ക്കിയില്ല. മറിച്ച് വൈദികരോടും ഇടവക കൂട്ടായ്മയോടും ഇഴുകിച്ചേർന്നു ജീവിച്ച കുടുംബം ബഹുമാനപ്പെട്ട അച്ചന്റെ പൗരോഹിത്യത്തിലേക്കുള്ള വിളിക്കു പ്രചോദനമായി എന്നു കരുതാം.

ശൈശവം മുതൽ ലഭിച്ച ആത്മീയവും സഭാപരവുമായ പരിശീലനം അച്ചന്റെ വൈദികശുശ്രൂഷയ്ക്ക് വളരെ ഫലദായക

മായി. അച്ചൻ ശുശ്രൂഷ ചെയ്ത ഇടങ്ങളിലെല്ലാം നല്ല സാക്ഷ്യം നൽകുവാൻ സാധിച്ചു. തന്നെ സഭ ഭരമേൽപ്പിച്ച ജനത്തെ അച്ചൻ അറിഞ്ഞ് അവരുടെ ശുശ്രൂഷയ്ക്ക് സമയം കണ്ടെത്തി.

മിഷൻ പ്രദേശങ്ങളിൽ ഉള്ള അച്ചന്റെ ശുശ്രൂഷ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. പലവിധത്തിലുള്ള സേവനം ആവശ്യമായിരുന്നു. അവയൊക്കെ ശ്രദ്ധയോടെ നിർവ്വഹിച്ചു. പൗരോഹിത്യ ജീവിതത്തിന് ഊർജ്ജം പകരുന്ന ഒന്നാണ് വൈദികരുടെ കൂട്ടായ്മ. എല്ലാ വിഷയങ്ങളും പരസ്പരം ആലോചിച്ചും പ്രോത്സാഹിപ്പിച്ചും ശുശ്രൂഷ ശക്തിപ്പെടുത്തുവാൻ സഹായിക്കുന്ന ഈ രീതി അച്ചൻ അവലംബിച്ചു.

എല്ലാവരോടും സ്നേഹത്തോടും നിറഞ്ഞ പുഞ്ചിരിയോടും സഹവസിക്കുന്ന അച്ചന്റെ തുടർന്നുള്ള ജീവിതം അനുഗ്രഹപ്രദമാകട്ടെ, പരിശുദ്ധാത്മാവ് തുണയ്ക്കട്ടെ.

സ്മരണിക പ്രസിദ്ധീകരിക്കുന്നതിന് കഠിനാധ്വാനം ചെയ്യുന്ന കുടുംബാംഗങ്ങളെ അഭിനന്ദിക്കുന്നു. വായനക്കാർക്ക് നന്മ ലഭിക്കട്ടെ.

തിരുവല്ല,
26.01.2026.

**ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ OIC**
ബഥനി ആശ്രമം

# ആശംസകൾ



സ്നേഹം നിറഞ്ഞ ആദരവോടും ഹൃദയംഗമമായ കടപ്പാടോടും കൂടി ഞങ്ങളുടെ കുടുംബാംഗമായ പ്രിയപ്പെട്ട കുഞ്ഞുമോനച്ചന്റെ പൗരോഹിത്യ ജീവിതത്തിന്റെ 60-ാം വാർഷികം ആഘോഷിക്കുന്ന ഈ പുണ്യാവസരത്തിൽ ഞങ്ങളുടെ കുടുംബത്തെ പ്രതിനിധീകരിച്ച് ആത്മാർത്ഥമായ അഭിനന്ദനങ്ങൾ ഞാൻ അർപ്പിക്കുന്നു.

അച്ചന്റെ ജീവിതം ഒരു ആത്മസമർപ്പണ യാത്രയാണ്. ദൈവത്തോടുള്ള ആഴമായ സ്നേഹത്തിന്റെയും മനുഷ്യസേവനത്തിന്റെയും ഒരു സാക്ഷ്യം. പ്രാർത്ഥനയിലും വിനയത്തിലും ആഴം കണ്ടെത്തി, ദൈവകൃപയുടെ പ്രതിഫലനമായി, സ്നേഹനിധിയായ അച്ചൻ അനേകർക്ക് ആത്മീയ പ്രചോദനമായി ശോഭിക്കുന്നു. 1986 മുതൽ 1992 വരെ അച്ചൻ ഞങ്ങളുടെ കൈപ്പട്ടൂർ ഇടവകയിൽ വികാരിയായിരുന്നു. പുനരൈക്യത്തിനു മുമ്പു തന്നെ സ്ഥാപിതമായ ഞങ്ങളുടെ ഈ കൊച്ചുപള്ളിയിൽ വേളാങ്കണ്ണി മാതാവിന്റെ നാമധേയത്തിൽ ഒരു കുരിശ്ശടി തീർത്തത് അച്ചന്റെ സമയത്താണ്. പള്ളിക്ക് ചുറ്റുമതിൽ തീർത്തതും അച്ചന്റെ കാലത്താണ്. നന്മയുടെയും സ്നേഹത്തിന്റെയും വാക്കുകളേ അച്ചനെപ്പറ്റി കേട്ടിട്ടുള്ളു. കളിയന്താനത്തച്ചൻ എല്ലാവർക്കും പ്രിയങ്കരനായിരുന്നു.

മാവിയുടെ മകളായ ഞങ്ങളുടെ അമ്മയെ ലില്ലിക്കുട്ടിയമ്മാമ്മ എന്നാണ് അച്ചൻ വിളിച്ചിരുന്നത്. പേഴുമ്പാറ അപ്പച്ചനെയും അമ്മച്ചിയെയും കാണാൻ അമ്മ പോകുമ്പോൾ ചെറുപ്രായത്തിൽ എന്നെ കൂടി കൊണ്ടുപോകുമായിരുന്നു. പക്ഷേ, ആദ്യം വടശ്ശേരിക്കര വീട്ടിൽ കയറി അച്ചന്റെ അപ്പച്ചനെയും അമ്മച്ചിയെയും കാണുമായിരുന്നു. എപ്പോൾ ചെന്നാലും സ്നേഹത്തോടെ സ്വീകരിച്ച്

എല്ലാ കാര്യങ്ങളും തിരക്കുന്ന അപ്പച്ചനും അമ്മച്ചിയും അവിടെയുണ്ടായിരുന്നു. കാപ്പി കുടിക്കാതെ അമ്മച്ചി ഞങ്ങളെ വിടുകയില്ലായിരുന്നു. ഈ ഓർമ്മകളെല്ലാം മനസ്സിൽ മായാതെ നില്ക്കുന്നു. ഞങ്ങൾക്കു ലഭിച്ച ആ സ്നേഹവാത്സല്യങ്ങളൊന്നും ഇന്നത്തെ തലമുറയ്ക്ക് ലഭിച്ചിട്ടുണ്ടാവില്ല. എന്റെ അമ്മയുടെയും അച്ചായന്റെയും മരണശേഷവും കുടുംബത്തിന്റെ വലുതും ചെറുതുമായ സന്തോഷത്തിലും ദുഃഖത്തിലും അച്ചന്റെ സാന്നിദ്ധ്യം ഇപ്പോഴും ഞങ്ങളോടു കൂടെയുള്ളത് ഞാൻ നന്ദിയോടെ കാണുന്നു.

2025 ഒക്ടോബർ 28-ന് അച്ചനെ സന്ദർശിച്ചപ്പോൾ എനിക്കു ലഭിച്ച അച്ചന്റെ സ്നേഹപൂർണ്ണമായ പുഞ്ചിരിയും സ്നേഹാലിംഗനവും സമാധാനപൂർണ്ണമായ മനോഭാവവും വാക്കുകൾ കൊണ്ട് വിവരിക്കാനാവില്ല. ജോയിച്ചായൻ, മോനച്ചൻ, ഡിയാൻഡ്രാ- ഇവരും എന്നോടൊപ്പം ഉണ്ടായിരുന്നു. രോഗാവസ്ഥയിൽ പോലും എല്ലാവരോടും കുറച്ചു നേരം സംസാരിച്ചു. ഞങ്ങളെ അനുഗ്രഹിച്ചു, ഫോട്ടോയും എടുത്തു. 'എന്നാൽ നിങ്ങൾ പോകുവിൻ, എല്ലാ നന്മകളും നേരുന്നു' എന്നീ വാക്കുകൾ അച്ചന്റെ കൃത്യനിഷ്ഠയും സമയത്തിന്റെ വിലയെക്കുറിച്ചുള്ള ബോധ്യവും എനിക്ക് മനസ്സിലാക്കി തന്നു.

അറുപതു വർഷങ്ങളുടെ ഈ പൗരോഹിത്യയാത്രയിൽ അച്ചൻ അനേകം ഹൃദയങ്ങളെ സ്പർശിച്ചിരിക്കുന്നു. കർത്താവിന്റെ വിളിക്കു മറുപടി നൽകി, ആത്മാർത്ഥതയോടും സമർപ്പണ ബോധത്തോടും കൂടി ദൈവരാജ്യത്തിനായി അർപ്പിച്ച അച്ചന്റെ സേവന ജീവിതം എല്ലാവർക്കും പ്രചോദനമാകട്ടെ. ദൈവം അച്ചനെ പൂർണ്ണാരോഗ്യത്തോടും ആത്മശക്തിയോടും ആയിരിക്കാൻ കൂടുതൽ അനുഗ്രഹിക്കട്ടെ. രൂപത്തിലോ ഭാവത്തിലോ, സൗന്ദര്യത്തിലോ, സമ്പത്തിലോ അല്ല ഒരുവൻ വലിയവനാകുന്നത് - നന്മയുടെ മനസ്സുകൊണ്ടാണ്. ആ നല്ല മനസ്സിനെ നമുക്കു പിൻതുടരാൻ ശ്രമിക്കാം.

നമ്മുടെ പ്രിയപ്പെട്ട അച്ചന്റെ ഈ ജൂബിലി അവിസ്മരണീയമാക്കാൻ മുൻകൈയെടുത്ത്, സമയം കണ്ടെത്തി, പ്രയത്നിച്ച ഷാജിക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

മാവേലിക്കര, **ലിസമ്മ ചാക്കോ**
02.02.2026. ലിസി ഭവൻ, നാലാഞ്ചിറ


ഒന്നാം ഭാഗം



# ധന്യൻ മാർ ഈവാനിയോസ്

1882 - 1953

## മുണ്ടൻമലയിൽ പാകിയ സുവിശേഷ ദൗത്യം



# ധന്യൻ മാർ ഈവാനിയോസ്
## ലഘുജീവചരിത്രം

**1882**-ൽ മാവേലിക്കരയിൽ ജനിച്ച പി.ടി. ഗീവർഗീസ് (മാർ ഈവാനിയോസ്) പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ. ബിരുദം നേടി. തുടർന്നു കോട്ടയം എം.ഡി. ഹൈസ്കൂളിന്റെ പ്രിൻസിപ്പലായി.

1911-ൽ അബ്ദുള്ള പാത്രിയർക്കീസ് അന്ത്യോക്യായിൽ നിന്നു മലങ്കരയിൽ എത്തുകയും ഈ സഭയുടെ ഭൗതികവും ആത്മീയവുമായ പൂർണ അധികാരം പാത്രിയർക്കീസിന് എഴുതി നൽകുന്നതിനു മലങ്കരസഭയിലെ മെത്രാപ്പോലീത്താമാരോട് ആവശ്യപ്പെടുകയും ചെയ്തു. വട്ടശേരിൽ മാർ ദിവന്ന്യാസിയോസ് ഈ കല്പനയിൽ ഒപ്പിട്ടില്ല. അതിനാൽ വട്ടശേരിൽ തിരുമേനിയെ പാത്രിയർക്കീസ് മുടക്കുകയും സഭയിൽ പ്രശ്നങ്ങൾ ആരംഭിക്കുകയും ചെയ്തു. തിരുമേനിയുടെ മുടക്ക് അഴിക്കുന്നതിനായി ഫാ. പി.ടി. ഗീവർഗീസ് മുൻകൈ എടുത്ത്, ഭരണാധിപതി പുറത്താക്കിയിരുന്ന അന്ത്യോക്യായിലെ മുൻപാത്രിയർക്കീസ് അബ്മശിഹായെ മലങ്കരയിലേക്കു ക്ഷണിച്ചു. അദ്ദേഹം വന്നു വട്ടശേരിൽ തിരുമേനിയുടെ മുടക്ക് അഴിക്കുകയും 1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുകയും ചെയ്തു.

വട്ടശേരിൽ തിരുമേനിയെ അനുകൂലിച്ചവർ മെത്രാൻ കക്ഷിയും പാത്രീയർക്കീസ് ബാവായെ അനുകൂലിച്ചവർ ബാവാകക്ഷി

യുമായി. പിൽക്കാലത്തു മെത്രാൻ കക്ഷി ഓർത്തഡോക്സ് സഭ യെന്നും ബാവാകക്ഷി യാക്കോബായ സഭയെന്നും അറിയപ്പെട്ടു. അങ്ങനെ മലങ്കരയിൽ നാലാമത്തെ വലിയൊരു പിളർപ്പുണ്ടായി. പഴയ സെമിനാരിയുടെ അങ്കണം കലഹങ്ങളുടെ വേദിയായി. ഇതു ഫാ. പി.ടി. ഗീവർഗീസിനെ ഏറെ വേദനിപ്പിച്ചു.

ഈ പശ്ചാത്തലത്തിലാണ് ഡോ. മോട്ട് 1912-ൽ സെറാ മ്പൂരിൽ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ വട്ടശേരിൽ മാർ ദിവന്നാ സിയോസ് മെത്രാപ്പോലീത്തായ്ക്കൊപ്പം ഫാ. പി.ടി. ഗീവർഗീസ് സംബന്ധിക്കുന്നത്. അവിടെവച്ച് ഫാ. ഗീവർഗീസിന്റെ ഉന്നത വിദ്യാഭ്യാസ യോഗ്യത മനസിലാക്കുകയും അദ്ദേഹത്തിന് അവിടെ പഠിപ്പിക്കുന്നതിനായി ക്ഷണം ലഭിക്കുകയും ചെയ്തു. എന്നാൽ, അദ്ദേഹം ആ ക്ഷണം നിരസിച്ചു. പിന്നീട് 1913-ൽ വട്ടശേരിൽ തിരുമേനിയുടെ അനുവാദത്തോടെ അദ്ദേഹം സെറാമ്പൂരിലേക്കു പോയി.

1913-ൽ സെറാമ്പൂരിൽ പ്രഫസറായി അദ്ദേഹം ശുശ്രൂഷ ആരംഭിച്ചു. പ്രതിമാസം 1000 രൂപ ശമ്പളം ലഭിച്ചിരുന്നു. തനിക്കു ലഭിച്ച പണം എം.ഡി. സെമിനാരിക്കും വൈദികകോളജിനും വേണ്ടി ചെലവഴിച്ചതു കൂടാതെ അദ്ദേഹം ധാരാളം ചെറുപ്പക്കാരെ സെറാ മ്പൂരിൽ കൊണ്ടുപോയി പഠിപ്പിക്കുകയും ചെയ്തു. സെറാമ്പൂർ വാസം അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ഇന്ത്യ മുഴുവൻ സുവിശേഷം പ്രഘോഷിക്കണം എന്ന ചിന്ത അദ്ദേഹത്തെ സ്വാധീനിച്ചു.

സെറാമ്പൂരിൽ കത്തി ജ്വലിച്ചുനിന്ന ഫാ. പി. ടി. ഗീവർഗീസ് സെറാമ്പൂരിലെ ആനുകൂല്യങ്ങളും പദവിയും സമ്പത്തുമെല്ലാം ഉപേക്ഷിച്ചു കാഷായവസ്ത്രം ധരിച്ച്, മൺചട്ടി എടുത്തു താപസ ജീവിതത്തിനായി മുണ്ടൻമല കയറി. പഞ്ചാബിൽ ആശ്രമം ആരംഭി ക്കാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. സുഹൃത്തായ ഇലഞ്ഞി ക്കൽ ജോൺ വക്കീൽ ഇതറിഞ്ഞ് മുണ്ടൻമലയിൽ തനിക്കുണ്ടായി രുന്ന 100 ഏക്കർ സ്ഥലം ആശ്രമത്തിനായി വിട്ടുനൽകാമെന്നു പറഞ്ഞു. ഫാ. പി.ടി. ഗീവർഗീസ് പിതാവിൽ നിന്ന് 1500 രൂപ വാങ്ങി

250 ഏക്കർ സ്ഥലം കൂടി വാങ്ങി. പിന്നീട് 50 ഏക്കർ സ്ഥലം കൂട്ടിച്ചേർത്തു. അങ്ങനെ 400 ഏക്കർ സ്ഥലത്ത് ആശ്രമം ആരംഭിച്ചു.

1925–ൽ ഫാ. പി.ടി. ഗീവർഗീസിനെ (മാർ ഈവാനിയോസ്) ബഥനിയുടെ മെത്രാനായി വാഴിച്ചു. 1926–ൽ പരുമലയിൽ കൂടിയ ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് കത്തോലിക്കാസഭയുമായി പുനരൈക്യത്തിനായുള്ള സാധ്യത ആരായാൻ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തി. എന്നാൽ, അതിനുള്ള സാധ്യതകൾ തെളിഞ്ഞുവന്നപ്പോൾ സഭാ നേതൃത്വം പുനരൈക്യം എന്ന ആശയത്തിൽ നിന്നു പിന്മാറി. മാർ ഈവാനിയോസും ശിഷ്യരും മുണ്ടൻ മലയിൽ ജീവിച്ച കർശനമായ സന്യാസ ആധ്യാത്മികതയിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉണ്ടായി. കർത്താവിന്റെ ആത്മാവ് തന്റെ മേൽ ഉണ്ട്, ഇന്ത്യ മുഴുവൻ സുവിശേഷം പ്രഘോഷിക്കാൻ കർത്താവ് തന്നെ അഭിഷേകം ചെയ്തിരിക്കുന്നു എന്ന ബോധ്യത്തിൽ മാർ ഈവാനിയോസും ശിഷ്യരും 1930 ഓഗസ്റ്റ് 20ന് മുണ്ടൻ മല ഇറങ്ങി.

പരിശുദ്ധാത്മാഭിഷേകത്തിൽ സ്ഥാനം, അംഗീകാരം, സുരക്ഷിതത്വം, അധികാരം, സമ്പത്ത് എല്ലാം അദ്ദേഹം ഉപേക്ഷിച്ചു. മുണ്ടൻമലയിൽ ആശ്രമത്തിന്റെ പേരിൽ ഉണ്ടായിരുന്ന 400 ഏക്കർ സ്ഥലവും ആസ്തികളും ഓർത്തഡോക്സ് സഭയിലെ ട്രസ്റ്റിമാരെ ഏൽപിച്ചു.

1930 സെപ്റ്റംബർ 20ന് മാർ ഈവാനിയോസും അനുയായികളും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ഈ സമൂഹം മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്ന് അറിയപ്പെട്ടു.

മധ്യതിരുവിതാംകൂറിൽ ബഥനി വൈദികരുടെയും ബഥനി സന്യാസിനികളുടെയും അല്മായ പ്രേഷിതരുടെയും നേതൃത്വത്തിൽ പുനരൈക്യ ശുശ്രൂഷയും പ്രേഷിത ശുശ്രൂഷയും നടന്നു. അങ്ങനെ ധാരാളമാളുകൾ പുനരൈക്യപ്പെട്ട് ഈ ചെറിയ സമൂഹത്തിലേക്കു കടന്നുവന്നു. ഈ ചെറിയ സമൂഹത്തിൽ പരിശുദ്ധാത്മാവിന്റെ അടയാളമായ ഐക്യവും സ്നേഹവും നിലനിന്നിരുന്നു.

തിരുവനന്തപുരം മെത്രാപ്പോലീത്തായായി ജ്വലിച്ചു നിന്നിരുന്ന മാർ ഈവാനിയോസ് 1953 ജൂലൈ 15നു കാലം ചെയ്തു.

മാർ ഈവാനിയോസിനെ കബറടക്കിയതു പട്ടം സെന്റ് മേരീസ് കത്തീഡ്രലിലാണ്. ഈ കബറിങ്കലേക്കു ധാരാളം വിശ്വാസികൾ പ്രാർഥനയ്ക്കായി ഇന്നു കടന്നുവരുന്നു.

എന്താണു മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധിയുടെ കാതൽ? സെറാമ്പൂരിൽ വച്ച് കത്തോലിക്കാ, പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ മിഷൻ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി ഇന്ത്യ മുഴുവൻ സുവിശേഷം പ്രഘോഷിക്കാൻ തന്റെ സഭയെ നവീകരിക്കണമെന്നും അതിനു താനാണ് ആദ്യം നവീകരിക്കപ്പെടേണ്ടതെന്നുമുള്ള ബോധ്യങ്ങളിൽ തന്നെത്തന്നെ നവീകരിക്കാൻ സ്വയം സമർപ്പിച്ചു. സ്വയം നവീകരിച്ച്, ദൈവസമ്പാദനത്തിനായി തന്നെത്തന്നെ സമർപ്പിച്ച്, സന്യാസത്തിന്റെ ആഴങ്ങളിലേക്കു കടന്നുചെന്ന് ഇന്ത്യ മുഴുവൻ സുവിശേഷം പ്രഘോഷിക്കാനുള്ള തീക്ഷ്ണതയിൽ എല്ലാം വിട്ടുപേക്ഷിച്ച് സ്വയം പരിത്യജിച്ച് സുവിശേഷ ശുശ്രൂഷയ്ക്കായി നേരിടേണ്ടി വരുന്ന എല്ലാ സഹനത്തെയും ഏറ്റെടുത്ത് തന്നെത്തന്നെ സമർപ്പിച്ചു എന്നതാണ് അദ്ദേഹത്തിന്റെ വിശുദ്ധിയുടെ കാതൽ.

ഒരു വ്യക്തിയുടെ വിശുദ്ധിയുടെ അടയാളങ്ങൾ അഥവാ ദൈവികതയുടെ ആഴം മരണശേഷം പിൽക്കാല സമൂഹമാണു തിരിച്ചറിയുന്നത്. യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷമാണു പിൽക്കാല സമൂഹം അവനിലെ ദൈവത്വത്തെ പൂർണമായി മനസിലാക്കിയത്. ഓരോ വിശുദ്ധന്റെയും ജീവിതത്തിൽ ഈ വളർച്ച നമുക്കു കാണാം.

മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ജീവിച്ചിരുന്ന കാലത്തുതന്നെ അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തെ പലരും അംഗീകരിച്ചിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ വിശുദ്ധിയുടെ കൂടുതൽ ആഴങ്ങൾ ഇക്കാലത്തു മനസിലാക്കാൻ നാം ശ്രമിക്കുകയാണ്. ഇന്നു മലങ്കര കത്തോലിക്കാ സഭയ്ക്ക് എന്തെല്ലാം ലഭിച്ചുവോ

അതിന്റെയെല്ലാം ഉറവിടം മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയും അദ്ദേഹത്തിലുണ്ടായിരുന്ന പരിശുദ്ധാത്മാവിന്റെ ഇട പെടലുമാണ്. അദ്ദേഹത്തിന്റെ വിശുദ്ധിയെക്കുറിച്ചു കൂടുതൽ ബോധ്യം ലഭിച്ചതുകൊണ്ടാണ് ഇന്ന് അദ്ദേഹത്തിന്റെ കബറിങ്ക ലേക്ക് ആയിരങ്ങൾ കടന്നു വരുന്നത്. പരിശുദ്ധ ഫ്രാൻസിസ് മാർ പ്പാപ്പാ അദ്ദേഹത്തെ 2024 മാർച്ച് 14-ാം തീയതി ധന്യൻ പദവി യിലേക്ക് ഉയർത്തി. വാഴ്ത്തപ്പെട്ടവൻ, വിശുദ്ധൻ എന്നീ പദവികളി ലേക്ക് അദ്ദേഹത്തെ ഉയർത്തുന്നതിനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

**മോസ്റ്റ് റവ. ഡോ. ആന്റണി മാർ സിൽവാനോസ്**
*(കൂരിയ ബിഷപ്പ്, മലങ്കര കത്തോലിക്കാസഭ)*

പട്ടം, തിരുവനന്തപുരം,
ഫെബ്രുവരി 2, 2026.

# ധന്യൻ മാർ ഈവാനിയോസും വടശ്ശേരിക്കരയിലെ മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയും



**പ**ത്തനംതിട്ട ജില്ലയുടെ കിഴക്കേഭാഗത്ത് പമ്പയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന പ്രകൃതിരമണീയമായ ചെറിയ മലയോര ഗ്രാമമാണ് വടശ്ശേരിക്കര.

ശബരിമല തീർത്ഥാടകരുടെ ഒരു പ്രധാന ഇടത്താവളമാണ് വടശ്ശേരിക്കര. ശബരിമല സന്നിധാനത്തിന്റെ അടിത്തട്ടയായ പമ്പയിലേക്ക് ഏകദേശം 60 കി.മീ. ദൂരം പ്രധാന റോഡുമാർഗ്ഗം വടശ്ശേരിക്കരയിൽ നിന്നും യാത്ര ചെയ്താണ് അയ്യപ്പഭക്തർ പമ്പയിൽ എത്തിച്ചേരുന്നത്. മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ ദേവാലയത്തിലേക്കും ഇതേ പാതയിലൂടെയാണ് കടന്നുപോകുന്നത്.


ധന്യൻ മാർ ഈവനിയോസ് തിരുമേനി 1919-ൽ സ്ഥാപിച്ച ബഥനി സന്യാസ ആശ്രമം സ്ഥിതി ചെയ്യുന്ന പുണ്യതീർത്ഥാടന കേന്ദ്രമായ പെരുനാട്-മുണ്ടൻമല , വടശ്ശേരിക്കരയുടെ വടക്കുകിഴക്കുഭാഗത്ത് 4 കി.മീ. ദൂരത്തിലാണ്.

മേൽപ്പറഞ്ഞ തീർത്ഥാടന കേന്ദ്രങ്ങളുടെ സാമീപ്യം കൊണ്ടു തന്നെ വടശ്ശേരിക്കര ഒരു ഭക്തിസാന്ദ്രമായ പ്രദേശമായി പുരാതന കാലം മുതലേ സ്ഥിതി ചെയ്യുന്നു.

ഒരുഭാഗത്ത് പമ്പാ നദിയും കല്ലാറും മറുഭാഗത്ത് നിബിഡമായ വനവും ചേർന്ന ഒരു ഗ്രാമമായിരുന്നു വടശ്ശേരിക്കര. ജന

സാന്ദ്രത നന്നേ കുറവുള്ള ഒരു ഭൂപ്രദേശം ആയിരുന്നു വടശ്ശേരിക്കര. മറ്റു സമീപദേശങ്ങളിൽ നിന്നും ഒരു നൂറ്റാണ്ടു മുമ്പു കുടിയേറിയ ആളുകളാണ് ഭൂരിഭാഗവും. അതിൽ കൂടുതലും യാക്കോബയസഭ, മാർത്തോമാ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ഓരോ പ്രദേശത്തു നിന്നും വന്നവരെ ആ പ്രദേശത്തിന്റെ പേരിൽ വിളിച്ചു പോന്നു.

മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യ ശില്പിയായ ധന്യൻ മാർ ഈവാനിയോസ് തിരുമേനി സെറാമ്പൂർ കോളേജിലെ പ്രൊഫസർ സ്ഥാനം ഉപേക്ഷിച്ച് യാക്കോബായ സഭയിലെ സാമുദായിക സ്നേഹിയായ ഇലഞ്ഞിക്കൽ ഇ.ജെ. ജോണിന്റെ അധീനതയിലുള്ള 100 ഏക്കർ സ്ഥലത്ത് 'ബഥനി ക്രിസ്താനുകരണ സമൂഹം' എന്ന സന്യാസ ആശ്രമം തുടങ്ങാൻ തീരുമാനിച്ചു. അന്നത്തെ ചെങ്ങന്നൂർ താലൂക്കിന്റെ ഏറ്റവും കിഴക്കേ അറ്റത്തുള്ള വടശ്ശേരിക്കരയ്ക്ക് സമീപം പമ്പാനദിയുടെയും കക്കാട്ടാറിന്റെയും സംഗമസ്ഥാനത്തു നിന്ന് അല്പം കിഴക്കു മാറി ഉയർന്ന് പൊന്തി നിൽക്കുന്ന, കുറ്റിക്കാടുകളാൽ നിബിഡമായ മുണ്ടൻമല എന്നറിയപ്പെടുന്ന സ്ഥലം. ആയിരക്കണക്കിന് തീർത്ഥാടകർ അയ്യപ്പ ദർശനത്തിനായി ഈ മലയുടെ താഴ്വാരത്തിലൂടെ കടന്നുപോകുന്ന, പ്രകൃതി രമണിയമായ ശാന്തസ്ഥലം. 1917 മുതൽ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി 1920 ലെ പെന്തിക്കോസ്തി ദിവസത്തിൽ 10 അംഗങ്ങളുമായി പെരുനാട്ടിൽ ആശ്രമം ആരംഭിച്ചു (ഗിരിദീപം). 1925 മെയ് 1 ന് (മകരം 15) നിരണം ഇടവകയിൽ വച്ച് ഫാദർ പി.റ്റി. ഗീവർഗീസിനെ ബഥനിയുടെ മെത്രാനായി അഭിഷേകം ചെയ്തു. ആ കാലത്ത് വനപ്രദേശത്താൽ ചുറ്റപ്പെട്ട പെരുനാട്ടിൽ നിന്നുള്ള ഏറ്റവും അടുത്ത ജനവാസ കേന്ദ്രം വടശ്ശേരിക്കരയാണ്. ബഥനിമലയിൽ ഒരു ദേവാലയം ആരംഭിച്ചപ്പോൾ ചുറ്റുപാടുമുള്ള ക്രൈസ്തവർക്ക് അത് ഒരു സങ്കേതം ആയി മാറി. 1926 മുതൽ അന്നത്തെ സഭയിലെ കലഹങ്ങൾ കാരണം സത്യസഭയായ കത്തോലിക്കാ സഭയുമായിട്ടുള്ള ഐക്യത്തിനായി കത്തിടപാടുകൾ ആരംഭിച്ചപ്പോൾ വടശ്ശേരിക്കരയിലെ ചെറിയ സമൂഹം കൂടുതൽ ശക്തമായി. ഇവിടെ ഒരു ബഥനി ചാപ്പൽ ആരംഭിച്ചു ഇന്ന് മർത്തമറിയം ഓർത്തഡോക്സ് തീർ



കൊണ്ടിരുന്നു. എങ്കിലും അവയൊന്നും മാർ ഈവാനിയോസിനെ സ്വ നിശ്ചയത്തിൽ നിന്നും അണുമാത്രം വ്യതിചലിപ്പിക്കുവാൻ പര്യാപ്തമായില്ലെന്നു താഴെ ചേർക്കുന്ന കത്തുകളിൽനിന്നും ഗ്രഹിക്കാവുന്നതാണ്.

കഥാപുരുഷന്റെ കത്തോലിക്കാപുനരൈക്യമെന്ന ആദർശം ഗ്രഹിച്ച മാർ ദീവന്നാസ്യോസ് തിരുവനന്തപുരത്തു നിന്നും അയച്ച ഒരു കത്തിന് നല്കിയ മറുപടിയാണ് താഴെചേർക്കുന്നതു്:—

വടശ്ശേരിക്കര,
12—3—105.

മേലുദ്ധരിച്ച കത്തിനു മാർ ദീവന്നാസ്യോസ് ഉടൻതന്നെ മറുപടി അയച്ചുകൊടുത്തു. അതിനു കഥാപുരുഷൻ അയച്ച മറുപടി ചുവടെ ചേർക്കുന്നു:—

വടശ്ശേരിക്കര,
22—3—105.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ബഥന്യാശ്രമം, മാർ ഈവാനിയോസ് (ഒപ്പ്)
വടശ്ശേരിക്കര.
9-6-1105

തഥാടന ദേവാലയം നിൽക്കുന്ന സ്ഥാനത്തിന് സമീപം ഓലമേഞ്ഞ ഒരു ഷെഡ്ഡിലാണ് ആരാധനകൾ നടന്നത്. പെരുനാട്ടിലെ ബഥനി പള്ളി കഴിഞ്ഞാൽ ഫാദർ പി.റ്റി.ഗീവർഗീസ് നേരിട്ട് ആരംഭം കുറിച്ച മറ്റൊരു ദേവാലയം വടശ്ശേരിക്കരയിലാണ്. മലമുകളിൽ നിന്ന് ഇറങ്ങി വടശ്ശേരിക്കരയിൽ വന്നെങ്കിലേ അന്ന് യാത്രാസൗകര്യവും മറ്റു വാർത്താ വിനിമയ സൗകര്യങ്ങളും ഉണ്ടായിരുന്നുള്ളൂ. വടശ്ശേരിക്കര തപാൽ ഓഫീസ് വഴിയാണ് തിരുമേനി കത്തുകൾ അയച്ചതും സ്വീകരിച്ചിരുന്നതും.

വടശ്ശേരിക്കരയിലെ ചെറിയ സമൂഹം അന്ന് എല്ലാ സൗകര്യവും ഒരുക്കി കൊടുത്തിരുന്നു. അക്കാലത്ത് ബാലനായിരുന്ന കളിയന്താനത്ത് കോരള വർക്കി തിരുമേനിക്ക് ഒരു വലിയ സഹായിയായിരുന്നു. പനച്ചിമൂട്ടിൽ മാണി കുര്യാക്കോസ്, ചെറുത്തോൺ കുരുവിള തോമസ് തുടങ്ങിയ ചിലരാണ് മറ്റു സഹായങ്ങൾ ചെയ്തു വന്നിരുന്നത്. പെരുനാട് ബഥനിയിലെ ആരാധനാ സമൂഹത്തിന്റെ ഭാഗമായി ഇവർ പ്രവർത്തിച്ചിരുന്നു. 1930ൽ പെരുനാട്ടിലുള്ള എല്ലാ സ്വത്തുക്കളും ഉപേക്ഷിച്ച് കത്തോലിക്കാ സഭയുമായി ചേർന്നു നിൽക്കാൻ തിരുമേനി തീരുമാനിച്ചപ്പോൾ 19 പേരുമായി ഒരു കൊതുമ്പ് വള്ളത്തിൽ പൂവത്ത്മൂട് കടവിൽ നിന്ന് വടശ്ശേരിക്കരയിലെത്തി. ഇന്നത്തെ പള്ളിക്കടവിൽ ഈ മൂന്ന് കുടുംബങ്ങൾ സ്വീകരിച്ച് അന്നുണ്ടായിരുന്ന 19 പേർക്കും ഉച്ച ഭക്ഷണം നൽകി. വിശ്രമത്തിനു ശേഷം മാർത്തോമാ സഭ അംഗമായിരുന്ന ഒരു

കുടുംബത്തിൽ നിന്നും ഒരു കെട്ടുവള്ളം മാണി കുര്യാക്കോസും കോരള വർക്കിയും കൂടി സംഘടിപ്പിച്ചു കൊണ്ടുവന്ന് റാന്നി കടവ് വരെ പോകാൻ സൗകര്യം ചെയ്തു. പിന്നീട് ഒരു ചുണ്ടൻ വള്ളത്തിൽ വെണ്ണിക്കുളത്തേക്കും യാത്രതിരിച്ചു. 1930 സെപ്റ്റംബർ 20ന് തിരുമേനി അഞ്ചു പേരുമായി കത്തോലിക്കാ സഭയിലെ കൊല്ലം ബെൻസിഗർ തിരുമേനിയുടെ മുമ്പാകെ തങ്കശ്ശേരി അരമന യിൽ വച്ച് പുനരൈക്ക്യപ്പെട്ടു. 1930 നു മുമ്പ് തന്നെ ഈ പ്രദേശത്ത് തിരുമേനിയുടെ നേതൃത്വത്തിൽ ദേവാലയങ്ങൾ ഉണ്ടായിരുന്നു. എങ്കിലും ഇവിടെയുള്ള സമൂഹത്തിന് അന്ന് കത്തോലിക്കരാകാൻ സാധിച്ചില്ല. വടശ്ശേരിക്കരയിലെ യാക്കോബായ ദേവാലയം നില നിന്നിരുന്നത് പനച്ചിമൂട്ടിൽ മാണിയുടെ കൈവശമുണ്ടായിരുന്ന ഭൂമിയിൽ ആയിരുന്നുവെങ്കിലും കത്തോലിക്കാ സഭയിൽ ചേരാനു ള്ള സൗകര്യം കിട്ടിയില്ല. ഇവിടെയുള്ള പരിമിതമായ സൗകര്യങ്ങളി ൽ ഈ ചെറിയ സമൂഹം ആരാധനകൾ കൃത്യമായി നടത്തിയിരുന്നു. 1933ൽ തിരുമേനിക്ക് മലങ്കര കത്തോലിക്കാ സഭ ഹൈറാർക്കി റോമാ മാർപാപ്പയിൽ നിന്ന് അനുവദിച്ചു കിട്ടുന്നതുവരെ ഇടവകകൾ സ്ഥാപിക്കാൻ കഴിയില്ലായിരുന്നു. 1930 മുതൽ 33 വരെയുള്ള കാലയ ളവിൽ സഭയുടെ തുടക്ക കാലത്ത് തിരുവനന്തപുരത്തും തിരുവല്ലയി ലും മാവേലിക്കരയിലും പോയി തിരുമേനിയെ കാണുന്നതിലും എല്ലാ സഹായങ്ങളും ചെയ്യുന്നതിലും കോരളവർക്കി സമയം കണ്ടെത്തിയിരുന്നു. അങ്ങനെ 1932ലെ ഒരു ദിവസം കൃത്യമായി പറഞ്ഞാൽ ജൂലൈ 31ന് തിരുമേനിയെ കാണാൻ മാവേലിക്കര ഉള്ള ഭവനത്തിൽ ചെന്നപ്പോൾ വർക്കിയോട് 'താൻ കത്തോലിക്കൻ ആയിട്ട് തിരികെ പോയാൽ മതി' എന്ന് പറഞ്ഞു. അങ്ങനെ അന്ന് തന്നെ ഔദ്യോഗമായി കത്തോലിക്കാ സഭയിൽ പുനരൈക്യപ്പെട്ടു. പിന്നീട് രണ്ടു മാസങ്ങൾക്ക് ശേഷം 1932 സെപ്റ്റംബറിൽ വടശ്ശേരി ക്കരയിലെ മറ്റ് കുടുംബാംഗങ്ങളായ പനച്ചിമൂട്ടിൽ, ചെറുത്തോൺ കുടുംബാംഗങ്ങളെ ചേർത്ത് ഒരു സമൂഹം ആയി രൂപീകരിച്ചു. അന്ന് യാക്കോബായ സഭയിൽ ഇവിടെ ഉണ്ടായിരുന്ന എല്ലാവരും കത്തോ ലിക്കരായി മാറി. പിന്നീട് ഇവിടെ യാക്കോബായ സഭാസമൂഹം ഇല്ലാതായി. 1933 സെപ്റ്റംബർ 25ന് ഇവിടെ ഒരു സ്ഥലം ബ്രിട്ടീഷ്

കമ്പനിയിൽ നിന്ന് വാങ്ങി സെന്റ്മേരിസ് എന്ന് ഒരു ദേവാലയം ഈവാനിയോസ് തിരുമേനി തന്നെ സ്ഥാപിച്ചു. ഇന്നത്തെ വടശ്ശേരിക്കര മാർ ഈവാനിയോസ് സെൻട്രൽ സ്കൂൾ ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലത്തായിരുന്നു ഈ മിഷൻ കേന്ദ്രം ആരംഭം കുറിച്ചത്. പനച്ചിമൂട്ടിൽ മാണി അതിന് ഒരു വലിയ ഘടകം ആയി രുന്നു. വർഷങ്ങളോളം ഇവിടെ വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. മാർ ഈവാനിയോസ് തിരുമേനി ക്ക് ബഥനിയിലേക്ക് പോകാൻ കഴിയാത്തതിനാൽ പലപ്പോഴും വടശ്ശേരിക്കരയിലെ ഈ കെട്ടിട ത്തിൽ വന്നു താമസിച്ചിട്ടുണ്ട്. ഈ കെട്ടിടം അന്നത്തെ ബ്രിട്ടീഷു കാർ അവരുടെ എസ്റ്റേറ്റിന്റെ ഒരു ആഫീസ് ആയി ഉപയോ




ഗിച്ചിരുന്നതാണ്. 1970 വരെ ഈ ദേവാല യം ഇവിടെ പ്രവർത്തിച്ചുവന്നു. ഈ ദേവാ ലയത്തിന്റെ ഏറ്റവും അടുത്തുള്ള കുടുംബ വും വ്യക്തിയും കളിയന്താനത്ത് കോരള വർക്കി ആയിരുന്നു. പ്രാരംഭ പ്രവർത്തന ങ്ങളിൽ ഇവിടെയുണ്ടായിരുന്ന കുടുംബ ങ്ങളെല്ലാം വളരെ ക്ലേശത്തോടെ കൂടി പ്രവർത്തിച്ചിരുന്നവരായിരുന്നു. പെരുന്നാട്ടിലെ ബഥനി ദേവാലയത്തിൽ അൾത്താര ബാലനായി പ്രവർത്തിക്കാനും തിരുമേനിയുടെ കത്തുകൾ വടശ്ശേരിക്കര തപാൽ ആഫീസിൽ നിന്ന് വാങ്ങാനും തിരികെ അയയ്ക്കാനും കോരള വർക്കി കാണിച്ച ഉത്സാഹകരമായ നിസ്വാർത്ഥ പ്രവർ ത്തനങ്ങൾ ശ്ലാഘനീയമാണ്. ചുറ്റുപാടുമുള്ള സമൂഹങ്ങൾ 'റീത്ത് സഭ' എന്ന് ആക്ഷേപിക്കുകയും വസ്തുവകകളെയും വളർത്തു മൃഗങ്ങളെയും രാത്രിയുടെ മറവിൽ നശിപ്പിക്കുകയും ഒക്കെ ചെയ്തിരുന്ന ഒരു കാലമായിരുന്നു അത്. സ്വന്തം ജീവന് പോലും പലപ്പോഴും അപകടകരമായ ഭീഷണി ഉണ്ടായിട്ടുണ്ട്. ഒരിക്കൽ തന്റെ രണ്ടു മക്കളായ കെ.വി. തോമസിനെയും കെ.വി. ജോഷ്വാ യും കൂട്ടി വടശ്ശേരിക്കര ചന്തയിൽ എത്തിയപ്പോൾ ഏതിർഭാഗ ത്തുള്ളവർ ആക്രമിച്ച ഒരു സംഭവം ഇപ്പോഴും ജീവിച്ചിരിക്കുന്നവ

രുടെ ഓർമ്മയിൽ ഉണ്ട്. അന്ന് ജീവൻ രക്ഷിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായിരുന്നു. അങ്ങനെയുള്ള നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അന്ന് ഈ സമൂഹത്തെ എതിർക്കാൻ നിന്നവരിൽ പലരും പിന്നീട് പശ്ചാത്തപിച്ച് പല കാരണങ്ങൾ കൊണ്ടും ഈ സഭയുടെ അംഗങ്ങളായി മാറി എന്നത് ചാരിതാർത്ഥ്യത്തോടെ ഓർക്കേണ്ടതാണ്. തിരുവനന്തപുരം മലങ്കരസഭയുടെ കേന്ദ്രം ആക്കിയപ്പോൾ കോരള വർക്കി ഇവിടെ നിന്നും സൈക്കിളിൽ യാത്ര ചെയ്ത് തിരുവനന്തപുരത്ത് എത്തി തിരുമേനിയുമായി സംസാരിക്കുകയും പിതാവിന്റെ നിർദേശപ്രകാരം പല ക്രമീകരണങ്ങൾ നടപ്പിലാക്കുകയും ചെയ്യാറുണ്ടായിരുന്നു. തിരുമേനി ഇവിടേക്ക് വന്നാൽ കുതിര വണ്ടി ചെറുത്തോൺ കുടുംബത്തിന് മുമ്പിലുള്ള ഒരു സ്ഥലത്ത് നിർത്തിയതിനുശേഷം ഇടവകാംഗങ്ങളെ സന്ദർശിച്ച്, പഴയ പള്ളിയിൽ വിശ്രമിച്ച്, വിശുദ്ധ കുർബാനയർപ്പിച്ച് കടന്നുപോയിട്ടുണ്ട്. ഇവിടെയുള്ള അന്നത്തെ ചെറിയ സമൂഹത്തിന്റെ ഭക്ഷണവും ആതിഥ്യവും സ്വീകരിച്ചാണ് തിരുമേനി കടന്നുപോയിട്ടുള്ളത്.

കോരള വർക്കിയുടെ പിതാവിനെയും മാതാവിനെയും പെരുനാട്ടിലുള്ള ബഥനി പള്ളിയിലാണ് സംസ്കരിച്ചിട്ടുള്ളത്. മുതിർന്ന രണ്ട് മക്കളെയും ഇവിടെ അന്നു പള്ളിയില്ലാത്തതിനാൽ പെരുനാട്ടിൽ ബഥനിയിൽ തന്നെ മാമോദിസ നൽകുകയാണുണ്ടായത്. കോരള വർക്കിയുടെ ഉപ്പാപ്പൻ കോരള തോമ എന്ന വ്യക്തിയെയാണ് ആദ്യമായി വടശ്ശേരിക്കര സെമിത്തേരിയിൽ സംസ്കരിച്ചത്. ഇദ്ദേഹമാണ് കോരള വർക്കി ഇല്ലാതിരുന്ന സമയത്ത് രണ്ടു മക്കളെയും ബഥനിയിൽ കൊണ്ടുപോയി മാമോദിസമുക്കാൻ സൗകര്യമുണ്ടാക്കിയത്. ബാക്കി ഏഴു മക്കളും കത്തോലിക്കാ സഭയിൽ വടശ്ശേരിക്കരയിൽ വച്ച് മാമോദിസ സ്വീകരിച്ചു. ആദിമകാലത്ത് ക്രൈസ്തവർ വലിയ പീഡനങ്ങൾ നേരിട്ടതുപോലെ ഇവർക്കും നേരിടേണ്ടി വന്നു. വിവിധ സ്ഥലങ്ങളിൽ നിന്നും കുടിയേറി വന്നവരാണ് ഈ പ്രദേശങ്ങളിലെ കർഷകർ. തോമായും കുടുംബവും നിരണത്തു നിന്നും വന്ന കല്ലുപുരയ്ക്കൽ വലിയ കുടുംബത്തിന്റെ

ഭാഗമായ കളിയന്താനത്ത് ശാഖയിൽപെട്ടവരായിരുന്നു. മാർത്തോമ്മാ പൈതൃകമുള്ള നിരണത്തു നിന്നും നിലയ്ക്കലിന്റെ സമീപത്തേക്കാണ് കൃഷി ആവശ്യത്തിനായി ഇവർ വന്നത്. നേരത്തെ സൂചിപ്പിച്ചതു പോലെ 'നിന്റെ അമ്മയുടെ റീത്ത്' എന്നു പറഞ്ഞുകൊണ്ടുള്ള ഉപദ്രവങ്ങൾ പലതും നേരിട്ടാണ് കത്തോലിക്കാ സമൂഹം ഇവിടെ ഉണ്ടായത് എന്നത് ഒരു ചരിത്ര സത്യമാണ്. ത്യാഗ മനസ്സോടെ കത്തോലിക്കാ കൂട്ടായ്മ വളർത്താനും മറ്റു സമൂഹങ്ങളിൽ നിന്ന് വരുന്നവരെ തുറന്ന മനസ്സോടെ സ്വീകരിക്കാനുമുള്ള വലിയ തുറവി നമ്മുടെ പിതാക്കന്മാർക്ക് ഉണ്ടായിരുന്നു. ഇന്ന് അതൊക്കെ തൃണവത്കരിക്കാൻ ഉള്ള ശ്രമങ്ങൾ നടക്കുന്നത് നമുക്ക് കാണാൻ കഴിയും.

ഇടവക ട്രസ്റ്റി, സെക്രട്ടറി, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ, ലീജൻ ഓഫ് മേരി, പ്രാർത്ഥന യോഗം തുടങ്ങി ഭക്ത സംഘടനകളുടെ തുടക്കക്കാരൻ കളിയന്താനത്ത് കോരള വർക്കി ആയിരുന്നു. കിഴക്കൻ മേഖലയിൽ ഉള്ള പള്ളികളുടെ ആരംഭത്തിനും അവിടെ സൺഡേ സ്കൂൾ, ലീജൻ ഓഫ് മേരി, പ്രാർത്ഥന യോഗം തുടങ്ങി ഭക്ത സംഘടനകൾ ആരംഭിക്കാൻ ഇവിടെ ഉള്ള കോരള വർക്കിയെ സഭ നിയോഗിച്ചിരുന്നു. അൻപത് വർഷം സൺഡേ സ്കൂൾ അധ്യാപകൻ ആയിരുന്നതിനു മാർ ഗ്രീഗോറിയോസ് തിരുമേനി തിരുവനന്തപുരത്തു കോരള വർക്കിയെ പ്രത്യേകം ആദരിച്ചു സർട്ടിഫിക്കറ്റ് നൽകിയിരുന്നു. പുതിയ പള്ളി കൂദാശാവേളയിൽ റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചത് കോരള വർക്കി ആയിരുന്നു. കളിയന്താനത്ത് റാഹേലമ്മ സ്ത്രീ സമാജത്തിന്റെ സജീവ നേതൃത്വത്തിൽ ഉണ്ടായിരുന്നു. മാർ ഈവനിയോസ് പിതാവിന്റെ കബറിങ്കലേക്കു പദയാത്ര ആരംഭിക്കുന്നതിന് മുൻപ് സൈക്കിളിൽ കുറച്ചു പേരുമായി തുടങ്ങിയതും കോരള വർക്കി ആയിരുന്നു. നിലക്കൽ വനത്തിൽ കുരിശ് കണ്ടപ്പോൾ ഇവിടെ നിന്ന് കുറച്ചു പേരുമായി പീടികയിൽ ജോഷാ അച്ചനൊപ്പം പോകുകയും മാർത്തോമ്മാ സ്ലീഹായുടെ പള്ളി ആരംഭിക്കുന്നതിനുള്ള പോരാട്ടങ്ങളിൽ മുൻപന്തിയിൽ നിൽക്കുകയും ചെയ്തു.

കോരള വർക്കി, റാഹേലമ്മ ദമ്പതികളുടെ അൻപതാമത്തെ വിവാഹവാർഷികം ഇവിടെ ആഘോഷിക്കുകയും ചാരിറ്റി പ്രവർത്ത

നത്തിന് ഒരു തുക നിക്ഷേപിക്കുകയും ചെയ്തിരുന്നു. നിരവധി അക്രൈസ്തവരെ മാമോദീസ നൽകാൻ ഒരുക്കിയ ഒരു മിഷനറി ആയിരുന്നു കോരള വർക്കി. കൂടാതെ ഇടവക രജിസ്റ്റർ പരിശോധിച്ചാൽ ആരംഭകാലത്തെ മിക്കവരുടെയും തലതൊട്ട് അപ്പനോ അമ്മയോ ഈ അപ്പച്ചനോ അമ്മിച്ചിയോ ആയിരുന്നു എന്ന് കാണാം.

## പുനരൈക്യവും വടശ്ശേരിക്കര ഇടവകയും

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മഗൃഹമായ മാവേലിക്കര പണിക്കർ വീട്ടിൽ വെച്ച് 1932 ജൂലൈ മാസത്തിൽ കോരളവർക്കി ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ കത്തോലിക്കാവിശ്വാസത്തിലേക്ക് പുനരൈക്യപ്പെട്ടു. തുടർന്ന് തന്റെ സന്തത സഹചാരികളായ വടശ്ശേരിക്കര ചെറുത്തോൺ തോമായും കുടുംബവും, വടശ്ശേരിക്കര പനച്ചിമൂട്ടിൽ മാണി കുറിയാക്കോസും കുടുംബവും പുനരൈക്യപ്പെട്ടു. അങ്ങനെ മൂന്ന് കുടുംബങ്ങളുടെ ഒരു കൂട്ടായ്മയായി വടശ്ശേരിക്കരയിൽ മലങ്കര കത്തോലിക്കാ കൂട്ടായ്മ ആരംഭിച്ചു. പ്രാരംഭത്തിൽ വടശ്ശേരിക്കരയിൽ ഇപ്പോൾ ഓർത്തഡോക്സ് ദേവാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഒരു ഓല മേഞ്ഞ ഷെഡിൽ ആണ് ദിവ്യബലിയും പ്രാർത്ഥനകളും നടത്തി പോന്നത്. പിന്നീട് 1933-ൽ കോട്ടയംകാരൻ കോരസാറിൽ നിന്നും വടശ്ശേരിക്കര - ചിറ്റർ റോഡ് സൈഡിൽ (ഇപ്പോൾ സ്കൂൾ, സെമിത്തേരി ഇവ സ്ഥിതി ചെയ്യുന്ന സ്ഥലം) രണ്ടര ഏക്കർ ഭൂമിയും അതിൽ നിലനിന്നിരുന്ന ഓടിട്ട കെട്ടിടവും കൂടി മാർ ഈവാനിയോസ് തിരുമേനി വാങ്ങി. തുടർന്ന് ഈ കെട്ടിടം വടശ്ശേരിക്കര മലങ്കര കത്തോലിക്ക ദേവാലയമായി തിരുമേനി കൂദാശ ചെയ്ത് വിശ്വാസികൾക്കു സമർപ്പിച്ചു. വടശ്ശേരിക്കരയിൽ ഇപ്പോൾ കാണുന്ന പുതിയ ദേവാലയം സ്ഥാപിക്കുന്നതു വരെ (1970) ഇവിടെ ആയിരുന്നു ഇടവക കൂട്ടായ്മ പ്രവർത്തിച്ചു വന്നത്.

തുടർന്നുള്ള കാലഘട്ടത്തിൽ വടശ്ശേരിക്കര മലങ്കര കത്തോലിക്ക ദേവാലയത്തിലേക്കു ചേർന്ന കുടുംബാംഗങ്ങൾ -

ചാവടിയിൽ തോമസ്സും കുടുംബവും, ആഞ്ഞിലിവേലിയിൽ ബാവയും കുടുംബവും, പുലുമറ്റത്തിൽ കുടുംബം, വണ്ടകത്തിൽ

ചാക്കോച്ചേട്ടനും സഹോദരങ്ങളും, വാഴപ്പിള്ളേത്ത് തോമസ്സും കുടുംബവും, നരുവഞ്ചിൽ കുടുംബം.

1930 കളുടെ അവസാനത്തോടെ ഏതാണ്ട് 17 കുടുംബങ്ങൾ വടശ്ശേരിക്കര ഇടവക അംഗങ്ങളായി തീർന്നു.

1940 മുതൽ 1950 വരെയുള്ള കാലഘട്ടത്തിൽ വടശ്ശേരിക്കര ഇടവക കൂട്ടായ്മയിൽ ചേർന്നവർ - വാഴപ്പിള്ളേത്ത് അച്ചൻ, അച്ച ന്റെ സഹോദരങ്ങൾ - അഞ്ച് കുടുംബക്കാർ, കോന്നാത്ത് തോമസ്സ് (അപ്പായി, തിരുമേനിയുടെ വല്യപ്പന്റെ സഹോദരൻ), ചെറിയത്ത് മത്തായിയും കുടുംബവും, വട്ടപ്പാറയിൽ തോമസ്സും കുടുംബവും. പിന്നീട് കൂടുതൽ കുടുംബങ്ങൾ ചേർന്നു.

1949 ആയപ്പോഴേക്കും വാഴപ്പിള്ളത്ത് വല്യച്ഛന്റെ നേതൃത്വ ത്തിൽ കുറച്ചു കുടുംബങ്ങൾ ചേർന്നു. 1950-60 കാലഘട്ടത്തിൽ തിരുവനന്തപുരത്തുനിന്നു കച്ചവടത്തിന് വന്ന പല കുടുംബങ്ങളും ചേർന്ന് അമ്പതോളം ഇടവകാംഗങ്ങളായി. 1960-70 കാലഘട്ടത്തിൽ എത്തിയപ്പോൾ മാർത്തോമ്മ സഭയിൽ നിന്ന് കോന്നാത്ത് ഒരു കുടുംബം ചേർന്നു. 1970 കൾ ആയപ്പോഴേക്കും മറ്റ് കുടുംബങ്ങ ളും ചേർന്ന് നൂറിൽപരം കുടുംബങ്ങൾ ആയി മാറി. ആ കാലഘട്ട ത്തിലാണ് പുതിയ പള്ളി, ഇപ്പോഴത്തെ സെൻറ് ആൻറണീസ് ദേവാ ലയം നിർമ്മിക്കപ്പെട്ടത്. ഇന്ന് മലങ്കര കത്തോലിക്കാ സഭയിലെ ഒരു വലിയ ദേവാലയം, ധാരാളം വൈദികരും സന്യസ്തരും മെത്രാ നും ഒക്കെ അടങ്ങുന്ന ഒരു നല്ല ഇടവകയായി മാറി. ആദ്യകാലത്ത് പാലായിൽ നിന്നും ചങ്ങനാശ്ശേരിയിൽ നിന്നും ഒക്കെ സീറോ മലബാർ സഭയിൽപെട്ട വൈദികരുടെ വലിയ ത്യാഗോജ്ജ്വലമായ സേവനങ്ങൾ ഇവിടെ കിട്ടിയിട്ടുണ്ട്. അതിനെ പ്രോത്സാഹിപ്പിക്കാ നും ദൈവവിളി വളർത്താനും ഈ കുടുംബങ്ങൾക്ക് തുടക്കത്തിൽ തന്നെ സാധിച്ചിരുന്നു. ചരിത്രത്തിലെ ഈ സത്യങ്ങൾ ആർക്കും മറച്ചുവെക്കാൻ കഴിയില്ല. നമ്മുടെ പൂർവികർ ഇവിടെ മാത്രമല്ല അവർ പോയ സ്ഥലങ്ങളിൽ എല്ലാം ഈ സഭയെ കെട്ടിപ്പൊക്കാൻ വലിയ ശ്രമങ്ങൾ നടത്തിയവരാണ്. തിരുവനന്തപുരത്ത് വലിയ എതിർപ്പുകളെ നേരിട്ട കാലഘട്ടത്തിൽ തിരുമേനിക്കൊപ്പം നിൽ

ക്കാൻ കോരള വർക്കിയുടെ സഹോദരൻ തോമസ് (ടോം) ആദ്യം മുതലേ ഉണ്ടായിരുന്നു. ഇവിടത്തെ മക്കളെല്ലാം വിവിധ ജോലി സ്ഥലങ്ങളിലേക്ക് പോയി. ചെന്ന സ്ഥലങ്ങളിൽ അതായത് അമേരിക്ക, അറേബ്യൻ രാജ്യങ്ങൾ, യൂറോപ്പ്, ബോംബെ, എറണാകുളം, മാവേലിക്കര തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും സഭയുടെ കെട്ടുപണിയിൽ നിർണ്ണായകമായ പങ്കാളിത്തത്തോടെ പ്രവർത്തിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. ഇവരെയെല്ലാം ഈ പുസ്തകത്തിൽ പലഘട്ടത്തിലായി നമുക്ക് മനസ്സിലാക്കാൻ കഴിയും.

## ആദ്യകാല വികാരിമാർ

ബഥനി ആശ്രമ വൈദികരാണ് ആദ്യകാലത്ത് വടശ്ശേരിക്കരയിൽ താമസിച്ച് ശുശ്രൂഷ ചെയ്തു പോന്നത്. ഫാ. ജോഷ്വാ OIC, ഫാ. ജോബ് OIC, പിന്നീട് വന്ന വികാരിമാർ - കുമ്പഴ അച്ചൻ, കടമ്മനിട്ട അച്ചൻ, മൈലപ്ര അച്ചൻ, ഫാ. മാത്യു തെക്കിൻകാട്ടിൽ, ഫാ. ജേക്കബ് മുണ്ടപ്പള്ളി, ഫാ. ശാമുവേൽ തൈക്കൂട്ടത്തിൽ, ഫാ. ശാമുവേൽ ശങ്കരത്തിൽ, ഫാ. വർഗ്ഗീസ് വടശ്ശേരി, ഫാ. ശാമുവേൽ തെങ്ങുവിള, ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ OIC, ഫാ. സ്റ്റീഫൻ തിരുവാലിൽ OIC, ഫാ. നോബർട്ട്, ഫാ. ജോർജ്ജ് ജോൺ കിഴക്കേതിൽ (ജോസിയച്ചൻ).

1971-ൽ ഇപ്പോൾ നിലനിൽക്കുന്ന പുതിയ ദേവാലയം കൂദാശ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

പഴയ ദേവാലയ കെട്ടിടം പിന്നീട് വൈദീക മന്ദിരമായി മാറ്റി. ഇടവക വികാരിയ്ക്കു ഉള്ള താമസസൗകര്യം പുതിയ ദേവാലയത്തിനു സമീപം ആക്കിയപ്പോൾ പഴയ കെട്ടിടം ബഥനി കോൺവെന്റ് ആക്കി മാറ്റി. ഇപ്പോൾ അവിടെ ഒരു അൺ എയ്ഡഡ് സ്കൂൾ പ്രവർത്തിയ്ക്കുന്നു (മാർ ഈവാനിയോസ് സ്കൂൾ).

**ലിജു ജോർജ്ജ്**
കളിയന്താനത്ത്
(ഡി.സി.സി. ജനറൽ സെക്രട്ടറി,
പത്തനംതിട്ട)

വടശ്ശേരിക്കര,
02.02.2026

രണ്ടാം ഭാഗം

# വജ്ര ജൂബിലിയുടെ നിറവിൽ

## ഫെബ്രു. 02, 2026



## ഫാ. ജേക്കബ് കളിയന്താനത്ത്

## ജനനവും ബാല്യകാലവും

കളിയന്താനത്ത് കോരള വർക്കി റാഹേൽ ദമ്പതികളുടെ മക്കളിൽ അഞ്ചാമനായി 1940 ഒക്ടോബർ 04-ാം തീയതി വടശ്ശേരി ക്കരയിൽ കുഞ്ഞുമോൻ എന്ന വിളിപ്പേരുള്ള കെ.വി. ജേക്കബ് ഭൂജാത നായി. ജേക്കബ് എന്ന മാമോദീസാ പേരിൽ വടശ്ശേരിക്കര മലങ്കര കത്തോലിക്കാ പള്ളിയിൽ വെച്ചു സ്നാനം നൽകി. പ്രാഥമിക വിദ്യാഭ്യാസം (1944-48) വീടിന്റെ തൊട്ടടുത്തുള്ള (മറ്റെല്ലാ സഹോദര ങ്ങളും പഠിച്ച സ്കൂൾ) EALP സ്കൂളിൽ (പറപള്ളിക്കൂടം) നടത്തി. മാർത്തോമ്മ സഭയുടെ മാനേജ്മെന്റിലുള്ള ഒരു സ്കൂൾ ആണിത്. മിഡിൽ സ്കൂൾ-ഹൈസ്കൂൾ വിദ്യാഭ്യാസം (1949-57) വടശ്ശേരിക്കര ഹൈസ്കൂളിൽ നടത്തി. അന്നു സഹപാഠികളായിരുന്ന പ്രിയ സുഹൃത്തുക്കൾ: മാർ ഇവാനിയോസ് കോളേജിലെ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ പ്രൊഫസർ ആയിരുന്ന രാജു എബ്രഹാം, കേരള ടീം ബാസ്ക്കറ്റ് ബോൾ പ്ലെയർ ആയിരുന്ന ശ്രീ. ടി.സി. കോശി, ആലുവ FACT യിലെ ഉയർന്ന ഉദ്യോഗസ്ഥനായ ശ്രീ. ടി.ജെ. ജോൺ, മുംബൈയിൽ സാന്താക്രൂസ് എയർപോർട്ട് ഉദ്യോഗസ്ഥനായിരുന്ന വടശ്ശേരിക്കര പുളിവേലിൽ ശ്രീ. പി.വി. കോശി (തങ്കച്ചൻ), ഗ്രാമ സേവകനായി ഉദ്യോഗം വഹിച്ച ശ്രീ. പി.എ. തോമസ് മുതലായവർ.

1957 ജൂൺ മാസം എസ്.എസ്.എൽ.സി. വിജയകരമായി പൂർത്തിയാക്കി. മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ആഗ്രഹ പ്രകാരം തിരുവനന്തപുരത്തെ പട്ടത്തുള്ള സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ കെ.വി. ജേക്കബ് വൈദിക വിദ്യാർത്ഥി യായി. ഒരു ദൈവനിയോഗം എന്ന പോലെ വാഴപ്പിള്ളേത്ത് പാപ്പച്ചൻ എന്ന സെമിനാരിക്കാരന്റെ (കുരിശുമല മാത്യൂസ് റമ്പാൻ) സൗഹൃദവും സമ്പർക്കവും ഇതിന് പ്രേരകമായി. തന്റെ ദൈവ വിളിയിലേക്കുള്ള ഒരു ചാലകശക്തി ആയിരുന്നു വാഴപ്പിള്ളേത്ത് മാത്യൂസ് റമ്പാച്ചൻ.

# വൈദിക ജീവിതത്തിലെ വഴികാട്ടി



വന്ദ്യ കുരിശുമല മാത്യൂസ് റമ്പാൻ
വാഴപ്പിള്ളേത്ത്
(1937 -2019)

1957 കാലഘട്ടത്തിൽ സെമിനാരി റെക്ടർ ആയിരുന്നത് മാർത്താണ്ഡം രൂപതയുടെ പ്രഥമ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി (Rev. Fr. Lawrence Thottam) ആയിരുന്നു. മലങ്കര സഭയിലെ പ്രമുഖ വൈദികരായ റവ. ഫാ. ജോസഫ് പുത്തൻപുര (ശൂരനാട്), റവ. ഫാ. ഗീവർഗ്ഗീസ് ചെങ്കി ലേത്ത് (ചെങ്ങന്നൂർ), റവ. ഫാ. ജോസഫ് തടത്തിൽ (അതിരുങ്കൽ) എന്നിവർ അച്ചന്റെ അന്നത്തെ സഹപാഠികൾ ആയിരുന്നു. 1957 മുതൽ 1959 വരെയുള്ള മൈനർ സെമിനാരിയിലെ പഠനം പൂർത്തി യാക്കിയപ്പോൾ ബ്ര. കെ.വി. ജേക്കബിനെ അഭിവന്ദ്യ ഗ്രിഗോറി യോസ് തിരുമേനി മംഗലാപുരം സെന്റ് ജോസഫ്സ് മേജർ സെമി നാരിയിലേക്കു വൈദിക വിദ്യാർത്ഥികൾക്കുള്ള തുടർ വിദ്യാഭ്യാ സമായ ഫിലോസഫിയും തിയോളജിയും പഠിയ്ക്കാൻ വേണ്ടി അയച്ചു.

## മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരി (1959 – 66)

മംഗലാപുരം കത്തോലിക്കാ രൂപതയുടെ കീഴിലുള്ള സെന്റ് ജോസഫ്സ് മേജർ സെമിനാരിയുടെ അന്നത്തെ റെക്ടർ ഒരു ഇറ്റാലിയൻ വൈദികനായ റവ. ഫാ. റോക്ക എസ്. ജെ. ആയിരുന്നു.





ബ്ര. കെ.വി. ജേക്കബിന്റെ അഡ്മിഷൻ കാലം മുതൽ പഠനം തീരുന്നവരെ (1966) അദ്ദേഹമായിരുന്നു റെക്ടർ. മംഗലാപുരം സെമിനാരിയ്ക്ക് ഏതാണ്ട് രണ്ടര നൂറ്റാണ്ടിന്റെ പഴക്കം ഉണ്ട്. ആധുനിക രീതിയിലുള്ള സെന്റ് ജോസഫ്സ് സെമിനാരി നിലവിൽ വന്നത് 1879-ലാണ്. പിന്നീട് ഈ സെമിനാരിയെ ഇന്റർഡൈസോസിയൻ സെമിനാരി ആയി 1923-ൽ പ്രഖ്യാപിച്ചു. ഇപ്പോൾ സെന്റ് ജോസഫ്സ് ഇന്റർഡൈസോസിയൻ സെമിനാരി, മാംഗ്ലൂർ എന്ന പേരിൽ അറിയപ്പെടുന്നു. അതിനാൽ ഇന്ത്യയിലെ വിവിധ രൂപതകളിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികൾ ഇവിടേക്ക് പഠിയ്ക്കാൻ വന്നു തുടങ്ങി.

മാംഗ്ലൂർ നഗരത്തിന്റെ ഹൃദയ ഭാഗമായ ജപ്പുവിലാണ് സെമിനാരി സ്ഥിതി ചെയ്യുന്നത്. വശ്യസുന്ദരമായ കാമ്പസ്സ്, വിശാലമായ ലൈബ്രറി, ആധുനിക സൗകര്യങ്ങളോടു കൂടിയ ക്ലാസ്സ് മുറികൾ, വിശാലമായ ചാപ്പൽ, കളിസ്ഥലങ്ങൾ, വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ട താമസസൗകര്യങ്ങൾ ഇവ ഉൾകൊള്ളുന്ന ഒരു വലിയ സമുച്ചയമായി ഇന്നും നിലകൊള്ളുന്നു.

## വൈദികപട്ടം സ്വീകരിക്കൽ :



1966 ഫെബ്രുവരി മാസം 2-ാം തീയതി മംഗലാപുരം സെമിനാരിയിൽ വെച്ച് മാംഗ്ലൂർ ബിഷപ്പായ അഭിവന്ദ്യ ബേസിൽ ഡിസൂസ്സാ തിരുമേനിയിൽ നിന്നും വൈദീക പട്ടം സ്വീകരിച്ചു. ഈ കാലഘട്ടത്തിൽ രണ്ടാം വത്തിയ്ക്കാൻ സുന്നഹദോസ് നടക്കുന്നതുകൊണ്ട് വൈദീക പട്ടം ലഭിയ്ക്കാൻ ഒരു വർഷം കാലതാമസം ഉണ്ടായി. 1965-ൽ പഠനം പൂർത്തിയാക്കി ആ വർഷം തന്നെ പട്ടം ലഭിക്കേണ്ടിയിരുന്നു. മലങ്കരയിലെ രണ്ട് ബിഷപ്പുമാരും ആ സമയത്ത് രണ്ടാം വത്തിയ്ക്കാൻ സുന്നഹദോസിൽ പങ്കെടുക്കുന്നതിനാൽ നാട്ടിൽ ഉണ്ടായിരുന്നില്ല. അതിനാൽ അഭി. അർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് മാംഗ്ലൂർ സെമിനാരിയിൽ വെച്ച് പട്ടം സ്വീകരിച്ചു. പ്രസ്തുത ചടങ്ങിൽ വടശ്ശേരിക്കരയിൽ നിന്നും മാതാപിതാക്കൾ പങ്കെടുത്തു. ബ്ര. കെ.വി. ജേക്കബ് ഉൾപ്പെടെ 17 പേർക്കാണ് അന്നേ ദിവസം വൈദികപട്ടം ലഭിച്ചത്. സഹപാഠികളുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.



Sitting L-R: 1. Fr. C.R. Prabhu, 2. Fr. Valerian D'souza (Rector)
3. Fr. Rocca (Rector), 4. Bp. Basil D'souza, 5. Fr. Antony Pinto (Spiritual Fr.), 6. Fr. Archbald Correa, 7. Fr. Denis Menezes


Standing L-R (I Row): 1. Fr. Ignatius Rodrigues, 2.Fr. Joseph Morris
3. Fr. George Kattumana, 4. Fr. J.B. D'Souza,
5. Fr. Thomas Vayalil , 6. Fr. Oswald Lasrado,
7. Fr. Joseph Kuttiyani

Standing L- R (II Row): 1. Fr. Marian Pinto, 2. Fr. Abraham Moloparambil,
3. Fr. Jacob Kaliyanthanath, 4. Fr. Joseph Kunnath,
5. Fr. Joseph Martis, 6. Fr. Robert Fernandes, 7. Fr. Mark Valdar

| | | |
|---|---|---|
| 1. | ഫാ. സി.ആർ. പ്രഭു | ജംഷ്ഡ്പൂർ രൂപത |
| 2. | ഫാ. ആർച്ച്ബാൽഡ് കൊരയ | ബെല്ലാരി രൂപത |
| 3. | ഫാ. ഡെന്നീസ് മെനേസസ് | ബെല്ലാരി രൂപത |
| 4. | ഫാ. ഇഗ്നേഷ്യസ് റോഡ്റിഗസ് | യു.എസ്.എ. |
| 5. | ഫാ. ജോസഫ് മോറിസ് | മാംഗ്ലൂർ രൂപത |
| 6. | ഫാ. ജോർജ്ജ് കാട്ടുമന | V.C., എറണാകുളം |
| 7. | ഫാ. ജെ.ബി. ഡിസൂസ | മാംഗ്ലൂർ രൂപത |
| 8. | ഫാ. തോമസ്സ് വയലിൽ | ബഗ്ഡോദ്ര രൂപത |
| 9. | ഫാ. ഓസ്വാൽഡ് ലസറദോ | മാംഗ്ലൂർ രൂപത |
| 10. | ഫാ. ജോസഫ് കുറ്റിയാനി | V.C., എറണാകുളം |

| | | |
|---|---|---|
| 11. | ഫാ. മരിയൻ പിന്റോ | മാംഗ്ലൂർ രൂപത |
| 12. | ഫാ. ഏബ്രഹാം മോളാപ്പറമ്പിൽ | MCBS |
| 13. | ഫാ. ജേക്കബ് കളിയന്താനത്ത് | തിരുവനന്തപുരം അതിരൂപത |
| 14. | ഫാ. ജോസഫ് കുന്നത്ത് | ബഗ്ഡോദ്ര രൂപത |
| 15. | ഫാ. ജോസഫ് മാർറ്റിസ് | മാംഗ്ലൂർ രൂപത |
| 16. | ഫാ. റോബർട്ട് ഫെർണാണ്ടസ് | ബൽഗാം രൂപത |
| 17. | ഫാ. മാർക്ക് വാൽഡർ | മാംഗ്ലൂർ രൂപത |

ഇവരിൽ എട്ടുപേർ ഇപ്പോൾ ജീവിച്ചിരിപ്പില്ല. 17 പേരിൽ ആറു മലയാളി വൈദികർ ഉണ്ടായിരുന്നു (ഇപ്പോൾ ജീവിച്ചിരിക്കുന്നത് രണ്ടു പേർ). മലങ്കര റീത്തിൽ നിന്നും ഫാ. ജേക്കബ് കളിയന്താനത്ത് മാത്രമെ ഉണ്ടായിരുന്നുള്ളൂ എന്നത് ശ്രദ്ധേയം. 1966 ഫെബ്രുവരി 2-ാം തീയതി രാവിലെ 8 മണിക്ക് ആരംഭിച്ച വൈദിക പട്ടത്വ ശുശ്രൂഷ ഏതാണ്ട് 12 മണിയോടുകൂടി അവസാനിച്ചു.




Sitting L -R: 1. Fr. Jacob John, 2. Sr. Sabeena SIC, 3. Smt. Rahelamma
4. Fr. Jacob Kaliyanthanath, 5. Sri. Korala Varkey, 6. Fr. Abraham Thekkedath, 7. Fr. Samuel Thenguvilayil
Standing L-R: 3. Fr. OK Varghese, 4. Fr. John Puthenvilayil
Others : Seminarians & Friends studying in different institutions in Mangalore

പട്ടത്വ കൂദാശയിൽ വടശ്ശേരിക്കര വികാരി ബഹു. ഫാ. സാമുവേൽ തെങ്ങുവിള, മറ്റു ബഹുമാന്യ വൈദികരായ ഫാ. എബ്രഹാം തെക്കേടത്ത്, ഫാ. ജേക്കബ് ജോൺ, ഫാ. ജോൺ പുത്തൻവിളയിൽ, ഫാ. വറുഗീസ് ഇടത്തിൽ (OK അച്ചൻ), റവ. സി. ജോസഫീൻ S.I.C., റവ. സി. സബീന S.I.C. എന്നിവർ പങ്കെടുത്തു.

## പ്രഥമ ദിവ്യബലിഅർപ്പണം

വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വെച്ച് ആദ്യബലി 1966 ഫെബ്രുവരി 5-ാം തീയതി അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ബഹു. ജേക്കബ് കളിയന്താനത്ത് അച്ചൻ അർപ്പിച്ചു. സന്നിഹിതരായ മറ്റു പ്രധാന വൈദികർ: മൈലപ്ര അച്ചൻ, കുമ്പഴ അച്ചൻ, മുണ്ടപ്പള്ളി അച്ചൻ, ഫാ. മാത്യു തേക്കിൻകാട്, ഫാ. സാമുവേൽ തെങ്ങുവിള. ബലി അർപ്പണത്തെ തുടർന്ന് ഫോറസ്റ്റ് റെസ്റ്റ് ഹൗസിൽ വെച്ച് സ്നേഹ ഭോജന സത്ക്കാരം നടന്നു.



## സേവനങ്ങൾ :

തന്റെ വൈദിക പട്ടത്തിനുശേഷം ആദ്യമായി മഞ്ഞക്കാല സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ചിന്റെ അസിസ്റ്റന്റ് വികാരി ആയി നിയമിതനായി (1966 – 69). അന്നത്തെ അവിടത്തെ വികാരി ഫാ. കോശി ചക്കാലമണ്ണിൽ ആയിരുന്നു. തുടർന്ന് തിരുവനന്ത പുരം അതിരൂപതയുടെ തെക്കെ അറ്റത്തുള്ള മിഷൻ രൂപതകളി ലേക്കു വികാരി ആയി നിയമിക്കപ്പെട്ടു. 1969 മുതൽ 1973 വരെയുള്ള 4 വർഷക്കാലം പാറശ്ശാല, ചെറുവാരക്കോണം, നടയ്ക്കാവ്, മെതു കമ്മേൽ, പുഷ്പഗിരി (കന്യാകുമാരി ഡിസ്ട്രിക്ട്) എന്നീ സ്ഥലങ്ങ ളിൽ സേവനം ചെയ്തു.



മഞ്ഞമല മിഷൻ ഇടവക അംഗങ്ങളോടൊപ്പം

പിന്നീട് വികാരി ആയി സേവനം ചെയ്ത സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1973 - 80 | പോത്തൻകോട്, വേങ്ങോട്, മഞ്ഞമല |
| 1980 - 85 | ഉള്ളന്നൂർ, മെഴുവേലി, ഉളനാട് |
| 1985 - 86 | പഴകുളം, പെരിങ്ങനാട് |
| 1986 - 92 | തുമ്പമൺ, കൈപ്പട്ടൂർ, മുടിയൂർക്കോണം |
| 1992 - 97 | കാരംമൂട്, ശാസ്തവട്ടം |
| 1997 - 2002 | കൂടൽ, നെടുമങ്കാവ് |
| 2002 - 2007 | വേങ്ങോട്, വെള്ളാനിക്കൽ, മഞ്ഞമല |

2007 - 2013 കാലം അഭിവന്ദ്യ ക്ലീമീസ് ബാവാ തിരുമേനിയുടെ ആവശ്യപ്രകാരം ബാവാ തിരുമേനിയോടൊപ്പം പട്ടം അരമനയിൽ സേവനം ചെയ്തു. വൈദികരുടെ അലവൻസുകൾ നൽകുന്ന ചുമതല ആയിരുന്നു പ്രധാന ജോലി. കൂടാതെ അരമനയുടെ ഹൗസ് മിനിസ്റ്ററായും പ്രവർത്തിച്ചു. ഇവിടെ പ്രവർത്തിച്ചതുമൂലം അഭിവന്ദ്യ ബാവാ തിരുമേനിയുടെ വിശ്വസ്തനായി കൂടുതൽ സമ്മതിയുള്ള ഒരു സീനിയർ വൈദികനായി കളിയന്താനത്തച്ചൻ മാറിയിരുന്നു. എന്നാൽ തന്റെ ഈ സ്നേഹ സൗഹൃദം ഒരിക്കലും വ്യക്തിലാഭത്തിനുവേണ്ടി ഉപയോഗിച്ചിരുന്നില്ല എന്നത് ശ്രദ്ധേയമാണ്. ഈ കാലഘട്ടത്തിൽ പോങ്ങുംമൂട് മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ വികാരി ആയും സേവനം ചെയ്തു. 2013-ൽ തൽസ്ഥാനത്തു നിന്നും വിരമിച്ചശേഷം രോഗികൾക്കും, അവരുടെ കൂടെയുള്ളവർക്കും താമസ്സം നല്കി വന്നിരുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിനു സമീപമുള്ള സഭയുടെ Good Samaritan എന്ന സ്ഥാപനത്തിന്റെ ചുമതലക്കാരനായി 2025 ഡിസംബർ 31 വരെ അവിടെ പ്രവർത്തിച്ചു. ഇപ്പോൾ വിശ്രമജീവിതത്തിനായി പിരപ്പൻകോട് സെന്റ് ജോൺസ് ഹോസ്പിറ്റൽ കാമ്പസ്സിലുള്ള പ്രീസ്റ്റ് ഹോമിൽ (സായൂജ്യം) താമസിക്കുന്നു.

തന്റെ സഹപാഠികളായ വൈദികരോടൊപ്പം മംഗലാപുരം സെമിനാരിയിൽ വച്ച് 1991-ൽ രജതജൂബിലിയും 2015-ൽ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു.



തന്റെ വൈദീക ജീവിത കാലത്ത് മാതാപിതാക്കളുമായും, സഹോദരങ്ങളുടെ കുടുംബാംഗങ്ങളുമായും നല്ല സ്നേഹ ബന്ധം പുലർത്തിയിരുന്നു. തന്റെ ജേഷ്ഠ സഹോദരൻ കെ.വി. ജോഷ്വാ കുടുംബസമേതം മലേഷ്യയിൽ ആയിരുന്നപ്പോൾ അവിടെ സന്ദർശിക്കാൻ ഏതാനും ആഴ്ചകൾ കൂടെ താമസിക്കാനും സമയം കണ്ടെത്തി. കൂടാതെ ഏറ്റവും ഇളയ സഹോദരി കെ.വി. അന്നമ്മ (ലീലാമ്മ) ജർമ്മനിയിൽ നഴ്സ് ആയി ജോലി ചെയ്യുന്ന അവസരത്തിൽ അവരുടെ കുടുംബത്തെ സന്ദർശിച്ച് മൂത്ത മകന്റെ മാമോദീസ നടത്തുവാനും സാധിച്ചു.



കൂടാതെ അമേരിക്കയിലെ തന്റെ മാതൃസഹോദരിയുടെ മക്കളെ സന്ദർശിച്ചിട്ടുണ്ട്. ഓസ്ട്രേലിയയിൽ സുഹൃത്തുക്കളെ സന്ദർശിച്ചു. റോം, ഫ്രാൻസ്, ഗ്രീസ് മുതലായ രാജ്യങ്ങളിൽ തീർത്ഥാടനം നടത്തിയിട്ടുണ്ട്.













പൗരോഹിത്യത്തിന്റെ അറുപത് വർഷങ്ങൾ പൂർത്തീകരിച്ച ഞങ്ങളുടെ കുഞ്ഞുമോനച്ചന് എല്ലാ ആയുരാരോഗ്യസൗഖ്യങ്ങളും നേരുന്നു.

## മൂന്നാം ഭാഗം

# കളിയന്താനത്തു കുടുംബത്തിന്റെ പശ്ചാത്തലം

# കല്ലുപുരയ്ക്കൽ കുടുംബം

**കോ**ട്ടയം കുറവിലങ്ങാട് ദേശത്തുള്ള കല്ലുപുരയ്ക്കൽ കുടുംബത്തിന്റെ ഉത്ഭവം കോട്ടയം തെക്കേടം കുടുംബത്തിൽ നിന്നാണെന്നു കരുതപ്പെടുന്നു. തെക്കേടം കുടുംബത്തിന്റെ ശാഖ യായ കല്ലുപുരയ്ക്കൽ കുടുംബം 1870 കളിൽ ഉണ്ടായതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. തെക്കേടത്തു കുടുംബത്തിലെ വലിയ കാര ണവരിൽ തോമാച്ചി (കെ.വി. തോമസ്) 1870 കളിൽ മേൽ കുടും ബത്തിൽ നിന്നു വേർതിരിഞ്ഞ് കല്ലുപുരയ്ക്കൽ കുടുംബത്തിനു അടിസ്ഥാനമിട്ടു.

കല്ലുപുരയ്ക്കൽ കുടുംബത്തിലെ പുരുഷന്മാർ ആ കാല ഘട്ടത്തിലെ നാട്ടുരാജാവിന്റെ സൈന്യാധിപന്മാരായിരുന്നു. കുറ വലിങ്ങാട് കല്ലുപുരയ്ക്കൽ കുടുംബത്തിലെ രണ്ടു കാരണവന്മാർ ആലപ്പുഴ ജില്ലയിലെ തലവടിയിൽ കുടിയേറിയതായി അറിയപ്പെ ടുന്നു. ഇതിൽ ഒരാൾ തിരിച്ചു വീണ്ടും കുറവിലങ്ങാട്ടേക്കു പോയ തായി അറിയുന്നു. മറ്റേയാൾ തലവടിയിൽ താമസിച്ച് വിവാഹിതനാ യി കല്ലുപുരയ്ക്കൽ കുടുംബപേരിൽ അറിഞ്ഞു പോന്നു.


കല്ലുപുരയ്ക്കൽ കുടുംബത്തിൽപ്പെട്ട ഒരാൾ നിരണം കളി യന്താനത്തു ഭവനത്തിൽ നിന്നും വിവാഹം കഴിച്ച് അവിടേയ്ക്കു ദത്തു കയറി. അങ്ങനെ ദത്തു കയറിയ ആളിന്റെ പിൻതലമുറ ക്കാരനാണ് കളിയന്താനത്ത് കോരളവർക്കിയുടെ പിതാവ് കളി യന്താനത്ത് തോമ. കോരള വർക്കിയുടെ പിതാവിന് രണ്ട് സഹോ ദരന്മാരും ഒരു സഹോദരിയും ഉണ്ടായിരുന്നു. ഇതിൽ കോരള


വർക്കിയുടെ അപ്പൻ വടശ്ശേരിക്കരയിൽ 1920 കാലഘട്ടത്തിൽ കുടിയേറി. സഹോദരങ്ങളിൽ ഒരാൾ നിരണത്തും മറ്റേയാൾ വെണ്ണിക്കുളത്തും താമസ്സമായി. സഹോദരിയുടെ കുടുംബപശ്ചാത്തലത്തേക്കുറിച്ച് കൂടുതൽ രേഖകൾ കിട്ടിയിട്ടില്ല.

തിരുവല്ലയ്ക്കു സമീപപ്രദേശമായ നിരണത്തു നിന്നു വന്നതായിരുന്നു കളിയത്താനത്തു കുടുംബത്തിലെ പൂർവ്വികർ. അതിനാൽ കളിയന്താനത്തു കുടുംബക്കാർ നിരണത്തുകാർ എന്ന് അറിയപ്പെട്ടു.


## കളിയന്താനത്ത് തോമാ-മറിയാമ്മ ദമ്പതി പരമ്പര


കളിയന്താനത്തു തോമ തിരുവല്ല കണ്ടത്തിൽ മറിയാമ്മയെ വിവാഹം ചെയ്തു. മറിയാമ്മ- തോമാ ദമ്പതികളുടെ ആദ്യത്തെ മകനായി കളിയന്താനത്ത് കോരള വർക്കി ജനിച്ചു. ജനനവും ബാല്യകാലവും തിരുവല്ലയിലെ അമ്മവീടായ കണ്ടത്തിൽ ഭവനത്തിൽ ആയിരുന്നു. 1920 കാലഘട്ടത്തിൽ നിരണത്തു നിന്നും കളിയാന്താനത്തു തോമ-മറിയാമ്മ ദമ്പതികൾ ബാലനായ വർക്കിയേയും കൂട്ടി വടശ്ശേരിക്കരയിലേക്ക് താമസം മാറി. പിന്നീട് ഇവർക്ക് രണ്ട് മക്കൾ കൂടി ജനിച്ചു - ഏലിയാമ്മ, പാപ്പച്ചൻ. ഈ മൂന്നു പേരുടെ സന്തതി പരമ്പരകളെയാണ് ഈ ഗ്രന്ഥത്തിലെ തുടർന്നുള്ള ഭാഗങ്ങളിൽ രേഖപ്പെടുത്തുന്നത്.



**കോരള വർക്കി**



**ഏലിയാമ്മ**


**കോരള തോമസ്**


Kaliayanthanath Thoma & Mariamma
1
Kaliyanthanath Korala Varkey – Rahelamma
KV Joshua - Jolly
Fr. Jacob Kalianthanth
KV George - Leelamma
KV Abraham- Lizikumari
KV Thomas - Mariamma
KVMariamma – K.G. John
KV Cicily- VE Yohannan
KV Saramma- Gregory
KVAnnamma- Abraham
2
Kalaiyanthanath Aliyamma - Kalayil Mathai
KV Geevarghese- Ammini
KM Cicily- Thomas
KM Cherian- Annakutty
KV Mariamma- G Chacko
KM Annamma - Daniel
KM Sosamma- Abraham
3
Kaliyanthanath Korala Thomas - Mamikutty
Thressiamma - Thomas
Annamma - Ninan
Marykutty - Samuel
T.Thomas - Rachel


Kaliayanthanath Thoma & Mariamma
Kaliyanthanath Korala Varkey – Rahelamma
1 KV Thomas - Mariamma
Raju - Suja
Princy - Jose
Alex - Suni
Anu - Kunjumon
2 KV Joshua - Jolly
Nina - Saji
Tina - Wales
Sheena- Sagi
3 KVMariamma – K.G. John
Shaji - Biji
Fr. Thomas Maruthoor
Roselin- Moncy
Sherly - Prince
4 KV Cicily- VE Yohannan
Joby - Susan
Josy - Suja
Jolly - Saji
Joji - Betty
Jyothi - Salu
Fr. Joshy Vazhappileth
5 Fr. Jacob Kalianthanath
6 KV George - Leelamma
Liju - Sh
Linu - Leena
Aji - Leena
Liji - Binu
7 KV Saramma - Gregory
Aji - Dolly
Georgy - Annakutty
8 KV Abraham- Lizikumari
Allin - Abirami
Albi- Sebin
Alzi- Charles
9 KVAnnamma- Abraham
Jubi - Rosemary
Jain - Tinu


Kaliayanthanath Thoma & Mariamma
Kaliyanthanath Aliyamma - Kalayil Mathai
KV Mariamma - G Chacko
Lissamma - Joykutty
Valsa James
Mohan - Regi
Jose - Deena
Santhosh - Aswathy
Bobby - Rosy
KM Annamma - Daniel
Annie - Rahul
Elizabeth - David
KM Sosamma -Abraham
Biji- Jiji
Bini- Sinoj
Bittu - Rinky
KV Geevarghese - Ammini
Jennet - Varghese
Annet- Snowyi
KM Cicily- Thomas
Sam - Nancy
Sharon- Terry
KM Cherian - Annakutty
Joe - Shyni
Jonitta- Sunil


Kaliayanthanath Thoma & Mariamma
Kaliyanthanath Korala Thomas - Mamikutty
Marykutty - Samuel
Biju - Susan
Binu - Jincy
Byju - Reena
T. Thomas - Rachel
Nisha - Arun
Asha - Aneesh
Dr. Nimisha
Thressiamma - Thomas
Jinu - Selin
Julie - Sandeep
Annamma - Ninan
Robin -- Hima
Dr. Roj - Dr. Nivethitha
Reshma - Jeri
Reema - Jijo

## കളിയന്താനത്ത് കോരള വർക്കി (നിരണത്ത് വർക്കി സാർ)

തിരുവല്ലയിലെ അമ്മവീട്ടിൽ നിന്ന് വർക്കി തന്റെ പത്താമത്തെ വയസ്സിൽ (1920) മാതാപിതാക്കളോടൊപ്പം വടശ്ശേരിക്കരയിലേക്ക് താമസം മാറി. പ്രൈമറി വിദ്യാഭ്യാസം തിരുവല്ലയിൽ ആയിരുന്നു എന്ന് മനസ്സിലാക്കുന്നു. തുടർന്ന് മിഡിൽ സ്കൂൾ വിദ്യാഭ്യാസം വടശ്ശേരിക്കരയിൽ ആയിരുന്നു. മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹം ചെങ്ങറയിലുള്ള ഹാരിസൺ പ്ലാന്റേഷനിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീട് വടശ്ശേരിക്കരയിൽ സ്ഥിതി ചെയ്യുന്ന (ഇപ്പോഴത്തെ കുടുംബവീടിന്റെ കിഴക്കുഭാഗം) ഫോറസ്റ്റ് വകുപ്പിന്റെ റെസ്റ്റ് ഹോമിൽ വാച്ചർ ജോലിയിൽ പ്രവേശിച്ചു. അവിടെ നിന്നും ഫോറസ്റ്ററായി 55-ാം വയസ്സിൽ വിരമിച്ചു.

കോരള വർക്കിയുടെ ഇളയ രണ്ടു സഹോദരങ്ങളുണ്ടായിരുന്നു - ഏലിയാമ്മയും കളിയന്താനത്ത് കോരള തോമസും.

തിരുവല്ലയിലെ തന്റെ ബാല്യകാലത്തു തന്നെ പി.ടി. ഗീവർഗ്ഗീസ് പണിക്കർ (മാർ ഈവാനിയോസ് തിരുമേനി) അച്ചനുമായി ദേവാലയ ശുശ്രൂഷകളിൽ പങ്കെടുക്കാൻ ഉള്ള സാഹചര്യം ലഭിച്ചു. പിന്നീട് വടശ്ശേരിക്കരയിൽ താമസം ആയപ്പോൾ പെരുന്നാട്ടിൽ ബഹു. അച്ചന്റെ ബഥനി ആശ്രമവുമായി ഇടപെട്ടു പ്രവർത്തിയ്ക്കാൻ കോരള വർക്കിക്ക് സാധിച്ചു. ബഥനിയുമായിട്ടുള്ള തന്റെ ബന്ധം മാർ ഈവാനിയോസ് തിരുമേനിയിൽ മതിപ്പുളവാക്കാൻ സാഹചര്യം ഒരുക്കി. മാർ ഈവാനിയോസ് തിരുമേനി റോമിലേക്ക് എഴുതിയ കത്തുകൾ പോസ്റ്റുമാർഗ്ഗം അയയ്ക്കുവാൻ കോരള വർക്കിയെ ചുമതലപ്പെടുത്തി. അങ്ങനെ അഭിവന്ദ്യ തിരുമേനിയോട് കൂടുതൽ അടുത്തു പ്രവർത്തിയ്ക്കുവാൻ ഈ കാലഘട്ടത്തിൽ കഥാപുരുഷനു സാധിച്ചു.

കോരളവർക്കി 1930 കാലഘട്ടത്തിൽ തന്നെ മാർ ഇവാനിയോസ് പിതാവിനൊപ്പം പുനരൈക്യപ്പെട്ടു. വടശ്ശേരിക്കര ഇടവകയിലെ ആദ്യത്തെ മൂന്നു ഭവനങ്ങളിൽ ഒന്നാണ് കളിയന്താനത്തു കുടുംബം. കോരളവർക്കി ആദ്യകാലം മുതൽ ഇടവകയിലെ സജീവ

അംഗമായിരുന്നു. 50 വർഷക്കാലം Catechism അധ്യാപകനായി. അതിനുള്ള പേപ്പൽ ബഹുമതി മാർ ഗ്രിഗോറിയസ് തിരുമേനിയിൽ നിന്നു സ്വീകരിച്ചു. നിരണത്ത് വർക്കി സാർ എന്നാണ് നാട്ടിൽ അറിയപ്പെടുന്നത്.



1928-ൽ കളിയന്താനത്തു കോരളവർക്കി റാന്നി ചരളേൽ വീട്ടിൽ റാഹേലമ്മയെ വിവാഹം ചെയ്തു. അന്ന് വധൂവരന്മാർക്കു ഏകദേശം 15 ഉം 18 ഉം വയസ്സ് പ്രായമായിരുന്നു. ചരളേൽ കുടുംബം അതിപുരാതനമായ ഓർത്തഡോക്സ് കുടുംബമായിരുന്നു; റാഹേലമ്മ വീട്ടിലെ മൂത്ത മകളും. ഇളയവരായി നാലു സഹോദരന്മാരും (കൊച്ചുകുട്ടി, ശാമുവേൽ, ജോർജ്ജ്, പൊടിയച്ചൻ), രണ്ടു സഹോദരിമാരും (പെണ്ണമ്മ, അന്നമ്മ). ഇതിൽ കൊച്ചുകുട്ടിയും അന്നമ്മയും വിവാഹിതരായി റാന്നിയിൽ താമസിച്ചു വന്നു. പെണ്ണമ്മയും മറ്റു സഹോദരങ്ങളും വിവാഹിതരായി തണ്ണിത്തോട്ടത്തിൽ താമസ്സമായി.

കോരള വർക്കി - റാഹേൽ ദമ്പതികൾക്ക് ഒൻപത് മക്കൾ ജനിച്ചു. ഇവരുടെ വിശദ വിവരങ്ങൾ ഈ ഗ്രന്ഥത്തിന്റെ അടുത്ത ഭാഗത്ത് ഉൾപ്പെടുത്തുന്നു.

റാഹേലമ്മ 1991 ഫെബ്രുവരി 11-ാം തീയതിയും, കോരള വർക്കി 1996 ജൂൺ 2-ാം തീയതിയും നിര്യാതരായി. ഇവരുടെ ഭൗതിക ശരീരം വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## കളിയന്താനത്ത് ഏലിയാമ്മ


കളിയന്താനത്ത് തോമ-മറിയാമ്മ ദമ്പതികൾക്ക് രണ്ടാമതായി ഏലിയാമ്മ എന്ന മകൾ ജനിച്ചു. വെണ്ണിക്കുളം കാലായിൽ

മത്തായി എന്ന ആളുമായി വിവാഹം ചെയ്യിച്ചു. ഇവരുടെ ജീവിതാരംഭകാലത്ത് ജോലി സംബന്ധമായി ചെങ്ങറയിലും പിന്നീട് വടശ്ശേരിക്കരയിലെ പേഴുംമ്പാറയിലും താമസ്സിച്ചു. ഇവർക്ക് രണ്ട് ആൺമക്കളും (ജോയിക്കുട്ടി, ജയിംസുകുട്ടി), നാല് പെൺമക്കളും (ലില്ലിക്കുട്ടി, കുഞ്ഞുമോൾ, സിസിലി, മോളിക്കുട്ടി) ഉണ്ട്. മക്കളെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ അടുത്ത ഭാഗത്ത് ഉൾപ്പെടുത്തുന്നു. മക്കളിൽ നാലു പേർ മുംബൈയിൽ സ്ഥിരതാമസമാക്കിയതിനാൽ അവർ തങ്ങളുടെ മാതാപിതാക്കളെ മുംബൈയിലേക്ക് കൊണ്ടു പോയി. അങ്ങനെ അവരുടെ ജീവിതത്തിന്റെ അവസാന കാലത്ത് മുംബൈയിൽ കഴിച്ചു.



അവിടെ വച്ച് രണ്ടുപേരും നിര്യാതരായി. കാലായിൽ മത്തായി (ഫെബ്രു. 17, 2002), ഏലിയാമ്മ (ജനു. 6, 2002), മുംബൈയിലെ മലങ്കര കത്തോലിക്കാ ദേവാലയ സെമിത്തേരിയിൽ ഇവർ അന്ത്യവിശ്രമം കൊള്ളുന്നു.

## കളിയന്താനത്ത് കോരള തോമസ് (പാപ്പച്ചൻ)



കളിയന്താനത്ത് തോമാ-മറിയാമ്മ ദമ്പതികളുടെ മൂന്നു മക്കളിൽ ഏറ്റം ഇളയവനായ പാപ്പച്ചൻ എന്നു വിളിപ്പേരുള്ള കോരള തോമസ്. സ്കൂൾ വിദ്യാഭ്യാസം വടശ്ശേരിക്കരയിൽ ആയിരുന്നു. 1930കളിൽ മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം തിരുവനന്തപുരത്തേക്കുവന്നു. തിരുമേനി 'ടോം' എന്നാണ് വിളിച്ചിരുന്നത്. പിന്നീട് യുവാവായ പാപ്പച്ചനെ തിരുമേനി മദ്രാസിൽ മിലിട്ടറി എഞ്ചിനീയറിംഗ് സർവ്വീസിൽ ജോലിക്കായി അയച്ചു. അവിടെ വച്ച് അസുഖ ബാധിതനാ

യപ്പോൾ ജോലിയിൽ തുടരാൻ സാധിക്കാതെ വരുകയും തിരുവനന്ത പുരത്തേക്ക് തിരിച്ച് പോരുകയും ചെയ്തു. ആ സമയത്ത് മാർ ഈവാനിയോസ് തിരുമേനി നാലാഞ്ചിറയിൽ കോളേജ് തുടങ്ങാനു ള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. പാപ്പച്ചനെ തിരുമേനി കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലക്കാരനായി നിയോഗിച്ചു. അങ്ങനെ ബഥനിക്കുന്നിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന മാർ ഈവാനിയോസ് കോളേജിന്റെ ആദ്യത്തെ കെട്ടിടത്തിന്റെ അടിത്തറ കെട്ടുന്നതു മുതലുള്ള ജോലികളുടെ ചുമതലക്കാരനാ യി പ്രവർത്തിച്ചു. തുടർന്ന് ജോലിക്കാർക്കു വേണ്ട ഭക്ഷണം നൽ കുന്ന മെസ്സ് നടത്തിപ്പുകാരനായിരുന്നു. 1948-ൽ മാർ ഈവാനി യോസ് കോളേജ് ആരംഭിച്ചപ്പോൾ കോളേജിലെ ഒരു നോൺ ടീച്ചിംഗ് സ്റ്റാഫംഗമായി ജോലി നോക്കുകയും ചെയ്തു.

കൊലിയക്കോട് (വെഞ്ഞാറമൂട്) ഉള്ള വേണാട് വീട്ടിൽ മാമിക്കുട്ടി എന്ന് വിളിപ്പേരുള്ള ത്രേസ്യാമ്മയെ 1948 ഫെബ്രുവരി 1-ാം തീയതി വിവാഹം ചെയ്തു. വിവാഹശേഷം മാർ ഈവാനി യോസ് കോളേജിന്റെ ക്യാമ്പസിനുള്ളിൽ ഇവർക്ക് താമസിക്കാനു ള്ള ചെറിയ വീട് ഈവാനിയോസ് തിരുമേനി അനുവദിച്ചു കൊടു ത്തു. ഈ വീട്ടിൽ 1977 വരെ താമസ്സിച്ചു. അതിനുശേഷം നാലാഞ്ചിറ ബനഡിക്ട് നഗറിൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി നല്കിയ സ്ഥലത്ത് വീടുവെച്ച് താമസിച്ചു വന്നു. 1982-ൽ കോള ജിലെ ജോലിയിൽ നിന്നു വിരമിച്ചു.

പാപ്പച്ചൻ - മാമിക്കുട്ടി ദമ്പതികൾക്ക് നാലുമക്കൾ. മേരി ക്കുട്ടി, ത്രേസ്യാമ്മ, തങ്കച്ചൻ, അന്നമ്മ. ഇവരുടെ കുടുംബബന്ധങ്ങ ളും മക്കളുടെ വിവരങ്ങളും അടുത്ത ഭാഗത്ത് ചേർത്തിരിക്കുന്നു.

1986 ജനുവരി 6-ാം തീയതി പാപ്പച്ചനും 2016 നവംബർ 7-ാം തീയതി മാമിക്കുട്ടിയും നിര്യാതരായി. ഇരുവരുടെയും മൃതശരീരം നാലാഞ്ചിറ സെന്റ് തോമസ് മലങ്കര കത്തോലിക്ക ദേവാലയത്തിന്റെ ശാന്തിതീരം സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

# വേർപാടിന്റെ വേദനയിൽ







## നാലാം ഭാഗം

# കളിയന്താനത്തു കുടുംബത്തിലെ ഇളംതലമുറ

**ക**ളിയന്താനത്ത് തോമ-മറിയാമ്മ ദമ്പതികളുടെ മൂന്ന് മക്കളായ കളിയന്താനത്ത് കോരള വർക്കി, കളിയന്താനത്ത് ഏലിയാമ്മ, കളിയന്താനത്ത് കോരള തോമസ്സ് എന്നിവരുടെ തലമുറകളെയാണ് ഈ ഭാഗത്തിൽ വിവരിക്കുന്നത്.

## കോരള വർക്കി-റാഹേൽ സന്തതി പരമ്പര

കോരള വർക്കി - റാഹേൽ ദമ്പതികൾക്ക് ഒൻപത് മക്കൾ - അഞ്ച് ആൺമക്കൾ, നാല് പെൺമക്കൾ. ഇതിൽ ഈ ഗ്രന്ഥത്തിന്റെ രചനാ സമയത്ത് (ജനു. 2026) ഏഴ് മക്കൾ ജീവിച്ചിരിപ്പുണ്ട്. മൂത്ത മകൻ തോമസ്സും, ഏറ്റവും ഇളയമകൾ ലീലാമ്മയും മരണപ്പെട്ടു. മക്കളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.




Standing Front L - R: 1. K.V. Joshua, 2. K.V. Cicily, 3. K.V. Mariamma, 4. Korala Varkey, 5. K.V. Annamma, 6. K.V. Saramma
Standing Back L-R: 1. K.V. Thomas, 2. Fr. Jacob Kaliyanthanath, 3. K.V. George, K.V. Abraham.


| മക്കൾ | വിളിപ്പേര് | ജനനം | മരണം |
|---|---|---|---|
| കെ.വി. തോമസ്സ് | കുഞ്ഞൂട്ടി | 30.11.1930 | 26.07.2014 |
| കെ.വി. ജോഷ്വ | കുഞ്ഞച്ചൻ | 31.08.1932 | |
| കെ.വി. മറിയാമ്മ | പൊടിയമ്മ | 31.12.1935 | |
| കെ.വി. സിസ്സിലി | ചിന്നമ്മ | 04.04.1939 | |
| കെ.വി. ജേക്കബ് | കുഞ്ഞുമോനച്ചൻ | 04.10.1940 | |
| കെ.വി. ജോർജ്ജ് | ജോർജ്ജ്കുട്ടി | 27.10.1943 | |
| കെ.വി. സാറാമ്മ | അമ്മിണി | 27.02.1946 | |
| കെ.വി. എബ്രഹാം | മോനച്ചൻ | 14.05.1948 | |
| കെ.വി. അന്നമ്മ | ലീലാമ്മ | 20.05.1950 | 27.10.2019 |

## കെ.വി. തോമസ് (കുഞ്ഞൂട്ടി)

1930 നവംബർ 30-ാം തീയതി വടശ്ശേരിക്കരയിൽ ജനനം. പെരുനാട് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് ജ്ഞാനസ്നാനം നല്കി; പ്രൈമറി-മിഡിൽ സ്കൂൾ വിദ്യാഭ്യാസം വടശ്ശേരിക്കരയിൽ. 7-ാം തരത്തിൽ തിരുവനന്തപുരത്തു അരുവിയോടുള്ള സെന്റ് റീത്താസ് സ്കൂളിൽ പഠിച്ചു (ഉദ്ദേശം 1946). 1946 കാലഘട്ട ത്തിൽ ധന്യൻ മാർ ഈവാനിയോസ് തിരുമേനി തോമസ്സിനെ തന്റെ കൂടെ തിരുവനന്തപുരം അരമനയിലേക്കു കൊണ്ടു വന്നു. അവിടെ വന്ദ്യപിതാവിന്റെ സഹായി ആയിട്ടുള്ള സേവനം ആരംഭിച്ചു. ഈ ശുശ്രൂഷ 1953 ജൂലൈ 15-ാം തീയതി വന്ദ്യപിതാവ് കാലം ചെയ്യുന്നതുവരെ തുടർന്നു.



ധന്യൻ മാർ ഈവാനിയോസ് തിരുമേനിയോടൊപ്പമുള്ള ജീവിതം ചെറുപ്പക്കാരനായ തോമസ്സിൽ വളരെയേറെ ദൈവിക അനുഗ്രഹങ്ങൾ സമ്മാനിച്ചു. തന്റെ വിശ്വസ്തനായ ഒരു സഹായി ആയി വന്ദ്യതിരുമേനി തോമസ്സിനെ കൊണ്ടു നടന്നു. തിരുമേനി യുടെ ബാംഗ്ലൂർ, മദ്രാസ്, പൂന, മംഗലാപുരം മുതലായ സ്ഥലങ്ങ ളിലെ യാത്രകളിൽ അദ്ദേഹത്തിന്റെ സഹായി ആയി തോമസ്സും ഒപ്പം ഉണ്ടായിരുന്നു. തിരുമേനിയുടെ അവസാന കാലഘട്ടത്തിൽ അദ്ദേഹത്തിന് ചികിത്സാർത്ഥം മദ്രാസിലേക്കു പോകേണ്ടി വന്ന പ്പോൾ തോമസ്സും കൂടെ ഉണ്ടായിരുന്നു (1952). മാർ ഈവാനിയോ സ് പിതാവിന്റെ ജീവിത കാലഘട്ടത്തിൽ വൈദിക വിദ്യാർത്ഥിയും വൈദികനുമായ ഫാദർ തോമസ് ഇഞ്ചയ്ക്കലോടി അച്ചൻ രചിച്ച "ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്' (രണ്ടാം ഭാഗത്തിൽ), അവസാന നാളിൽ വന്ദ്യപിതാവിനെ രോഗശയ്യയിൽ ശുശ്രൂഷിച്ച വരുടെ കൂട്ടത്തിൽ കെ.വി. തോമസ്സിന്റെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട് (p. 355).



1953 ജൂലൈ 15-ാം തീയ തി മാർ ഈവാനിയോ സ് തിരുമേനി കാലം ചെയ്തു. തുടർന്ന് ബന ഡിക്ട് മാർ ഗ്രിഗോറി യോസ് തിരുമേനി സഭ യുടെ സാരഥ്യം ഏറ്റെ ടുത്ത് തിരുവനന്തപു രം അതിരൂപതയുടെ ആർച്ചു ബിഷപ്പായി. തുടർന്നും കെ.വി. തോമസ്സ് അരമനയിൽ അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓഫീസിലെ സഹായി ആയിട്ട് നിയോഗിക്കപ്പെട്ടു. തന്റെ നിയോഗം 1965-ൽ മാർ ഈവാനി യോസ് കോളേജിൽ ഔദ്യോഗിക ജീവിതത്തിൽ പ്രവേശിക്കുന്ന തുവരെ തുടർന്നു പോന്നു.



1958 ആഗസ്റ്റ് 25-ാം തീയതി കാട്ടൂർ വാഴക്കുന്നത്തു ചാണ്ടി കോശിയുടെയും അന്നമ്മയുടെയും മൂത്ത മകൾ **മറിയാമ്മ ചാണ്ടി (പെണ്ണമ്മ)**യെ വിവാഹം ചെയ്തു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വെച്ച് ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വിവാഹം ആശീർവദിച്ചു. തുടർന്ന് രണ്ടരവർഷക്കാലം വടശ്ശേരിക്കരയിലെ കുടുംബവീട്ടിൽ ഭാര്യയുമൊത്ത് താമസിച്ചു.

മാർ ഈവാനിയോസ് തിരുമേനിയുടെ അവസാന ആഗ്രഹ പ്രകാരം (വിൽപ്പത്രം) കൊച്ചു തോമസ്സിനു 1000 രൂപ പാരിതോഷികമായി കൊടുക്കണമെന്ന് രേഖപ്പെടുത്തിയിരുന്നു. ഈ തുക അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കെ.വി. തോമസ്സിന്റെ വിവാഹശേഷം നല്കി. ഈ തുക ഉപയോഗിച്ച് നാലാഞ്ചിറ ബഥനി കുന്നിന്റെ പടിഞ്ഞാറു ഭാഗത്തു സ്ഥിതി ചെയ്യുന്ന ഇടവക്കോട് എന്ന സ്ഥലത്ത് 33 സെന്റ് സ്ഥലവും വീടും വാങ്ങി. 1961-ൽ ഈ വീട്ടിലേക്ക് സഹധർമ്മിണിയും ആദ്യമകനുമായി (വർഗ്ഗീസ് തോമസ്) താമസം മാറ്റി. പിന്നീട് ഈ സ്ഥലത്തോടു ചേർന്ന 32 സെന്റ് സ്ഥലം കൂടി വാങ്ങി കൃഷിയും മറ്റും ചെയ്ത് ഗൃഹഭരണം നടത്തി പോന്നു. 1961-ൽ നാലാഞ്ചിറ സെന്റ് തോമസ് ദേവാലയത്തിൽ അംഗമായി. മാർ ഈവാനിയോസ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ടുമെന്റിൽ 1965-ൽ അറ്റൻഡർ പദവിയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1985-ൽ 20 വർഷത്തെ സേവനത്തിനുശേഷം ഔദ്യോഗിക ജോലിയിൽ നിന്നും വിരമിച്ചു.

കെ.വി. തോമസ് - മറിയാമ്മ ദമ്പതികൾക്ക് രണ്ട് ആൺ മക്കളും രണ്ട് പെൺമക്കളും ഉണ്ട്. മൂത്തമകൻ **വർഗ്ഗീസ് തോമസ്**

**(രാജു)**. 1960 നവംബർ മാസം ജനനം. എം.കോം. വിദ്യാഭ്യാസം ചെയ്തു. തുടർന്ന് മാർ ഈവാനിയോസ് കോളേജിൽ ക്ലർക്ക് ആയി ജോലിയിൽ പ്രവേശിച്ചു. കറ്റാനം വലിയവിളയിൽ യോഹന്നാൻ - മേരിക്കുട്ടി ദമ്പതികളുടെ നാലാമത്തെ മകൾ **സുജ ജോണി**നെ 1992-ൽ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകൻ, **ബിനോയി** (അദ്ധ്യാപകൻ). ഭാര്യ **ജസ്ന** (അദ്ധ്യാപിക). സുജ ജോൺ നാലാഞ്ചിറ സർവ്വോദയ വിദ്യാലയത്തിലെ അദ്ധ്യാപിക ആയി സേവനം ചെയ്തു. രണ്ടുപേരും റിട്ടയർമെന്റിനു ശേഷം മകന്റെ കുടുംബത്തോടൊപ്പം വിശ്രമജീവിതം നയിക്കുന്നു.





രണ്ടാമത്തെത് മകൾ ആണ്, **പ്രിൻസി തോമസ്സ്** (ജനനം - 1963). കുറ്റിച്ചൽ മണക്കാട്ട് കാർമ്മൽ ഭവനിൽ വി.ഐ. ജോർജ്ജ് - ലിസി ദമ്പതികളുടെ മൂത്തമകൻ **ജോസ് ജോർജ്ജി**നെ 1988-ൽ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കൾ. **ജിബിൻ ജോസ്** (എഞ്ചിനീയർ), **നീന സൂസൻ ജോസ്** (ടീച്ചർ). ഇരുവരും വിവാഹിതരായി. നീനയുടെ ഭർത്താവ് **ഷിൻജോ** എഞ്ചിനീയറായി വിദേശത്ത് ജോലി ചെയ്യുന്നു. ജിബിന്റെ ഭാര്യ **സ്റ്റെഫി** എം.ബി.എ.യ്ക്ക് ശേഷം കുടുംബബിസിനസ്സ് നടത്തുന്നു.

മൂന്നാമത്തെത് **മകൻ അലക്സ് തോമസ്** (ജനനം 1965) ആണ്. അമ്പൂരി തെക്കേ വീട്ടിൽ ടി.യു. ജോസ് - മേരിക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ മകൾ **സുനി ജോസി**നെ 1996-ൽ വിവാഹം ചെയ്തു. രണ്ടു മക്കൾ. **നിതിൻ അലക്സ്** (ഓട്ടോ മൊബൈൽ മെക്കാനിക്ക്), **നീതു അലക്സ്** (വിദ്യാർത്ഥിനി).



നാലാമത്തെത് മകൾ - **അന്നമ്മ തോമസ് (അനു)** ആണ്. ജനനം 1968. പട്ടം സെന്റ് മേരീസ് സ്കൂളിൽ അദ്ധ്യാപികയായിരുന്നു. മണിമല മാടത്താനിൽ ജോസഫ് വർഗ്ഗീസ് - റാഹേലമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകനായ **ചാക്കോ ജോസഫിനെ (കുഞ്ഞുമോൻ)** 1997-ൽ വിവാഹം ചെയ്തു. ഇവർക്ക് രണ്ടാൺമക്കൾ - **റോജിൻ ചാക്കോ** (എഞ്ചിനീയർ), **റെജിൻ ചാക്കോ** (വിദ്യാർത്ഥി).



കെ.വി. തോമസ് തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചശേഷം ഇടവക്കോട് തന്റെ വീടിനോട് ചേർന്ന് ഒരു കട മുറി പണിയിച്ച് സ്വന്തമായി നിത്യോപയോഗ സാധനങ്ങളുടെ ഒരു പീടിക നടത്തി പോന്നു. അവസാന കാലഘട്ടത്തിൽ രോഗശയ്യയിൽ ഏതാനും മാസങ്ങൾ കിടപ്പിലായി. 2014 ജൂലൈ 26-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. ഭാര്യ മറിയാമ്മ 2022 മാർച്ച് 18-ന് നിദ്ര പ്രാപിച്ചു. ഇരുവരും നാലാഞ്ചിറ സെന്റ് തോമസ് ദേവാലയത്തിന്റെ "ശാന്തിതീരം' സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## കെ.വി. ജോഷ്വാ (കുഞ്ഞച്ചൻ)

1932 ആഗസ്റ്റ് 31-ാം തീയതി വടശ്ശേരിക്കരയിൽ ജനനം. പെരുനാട് ബഥനി ഓർത്തഡോക്സ് ദേവാലയത്തിൽ മാമോദീസ. പ്രൈമറി വിദ്യാഭ്യാസം വടശ്ശേരിക്കര EALP സ്കൂളിൽ. മിഡിൽ സ്കൂൾ - ഹൈസ്കൂൾ വിദ്യാഭ്യാസം കുമ്പളാംപൊയ്ക CMS, വടശ്ശേരിക്കര ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവിടങ്ങളിൽ ആയിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1952-ൽ തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ ചേർന്ന് ഇന്റർമീഡിയറ്റും, ബി.എസ്.സി (മാത്സ്) പഠനവും 1956-ൽ വിജയകരമായി പൂർത്തിയാക്കി. തുടർന്ന് രണ്ടു മാസം മാമ്പാറ കക്കാട് സെന്റ് തോമസ് മിഡിൽ സ്കൂളിൽ പ്രധാന അദ്ധ്യാപകനായി സേവനം ചെയ്തു. വീണ്ടും 1956-57-ൽ തിരുവനന്തപുരം മാർ തിയോഫിലോസ് ട്രെയിനിംഗ് കോളേജിൽ B.Ed. വിദ്യാഭ്യാസം പൂർത്തിയാക്കി.

അദ്ധ്യാപകനായുള്ള ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത് പത്തനംതിട്ട ജില്ലയിലെ എസ്.എച്ച്. ഹൈസ്കൂളിൽ ആണ് (1957). തുടർന്ന് തിരുവനന്തപുരം നാലാഞ്ചിറയിലുള്ള സെന്റ് ജോൺസ് മോഡൽ എച്ച്.എസ്.ലും പഠിപ്പിച്ചു.

അതിനുശേഷം ഗവൺമെന്റ് സർവ്വീസിൽ അദ്ധ്യാപകനായി നിയമനം ലഭിച്ചു. ആദ്യമായി ഗവൺമെന്റ് സേവനം തുടങ്ങിയത് തൃശൂർ ജില്ലയിൽ വരാവൂർ ഗവ. എച്ച്.എസ്.ൽ (1957-58) ആണ്. പിന്നീട് പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ട ഗവ. എച്ച്.എസ് (1958-62). പത്തനംതിട്ട രൂപതാ മെത്രാനായിരുന്ന അഭി. ക്രിസ്സോസ്റ്റോം തിരുമേനി ഈ കാലഘട്ടത്തിൽ കടമ്മനിട്ട സ്കൂളിൽ തന്റെ ശിഷ്യനായിരുന്നത് സ്മരണാർഹം ആണ്. തുടർന്ന് 1962-63 കാലഘട്ടത്തിൽ വടശ്ശേരിക്കര ഗവൺമെന്റ് ന്യൂ യു.പി.എസ്.ൽ അദ്ധ്യാപകനായി. 1963 ഏപ്രിൽ മാസം  മലേഷ്യയിലേക്കു അദ്ധ്യാപകനായി പോയി. പിന്നീടുള്ള നീണ്ട 21 വർഷക്കാലം മലേഷ്യയിലെ പെനാംപാങ്ങിലുള്ള സെന്റ് മിഖായേൽ സീനിയർ സെക്കണ്ടറി സ്കൂളിൽ സേവനം ചെയ്തു. ഇവിടെ ആദ്യത്തെ 11 വർഷം അദ്ധ്യാ

പകനായും, പിന്നീടുള്ള 10 വർഷം പ്രിൻസിപ്പൽ ആയും ആണ് പ്രവർത്തിച്ചത്.

1965-ൽ വെണ്ണിക്കുളം കളക്കുടിയിൽ നൈനാൻ - ഏലിയാമ്മ ദമ്പതികളുടെ മകൾ **ജോളി**യെ വിവാഹം ചെയ്തു. വിവാഹശേഷം ഭാര്യയെ മലേഷ്യയിലേക്കു കൊണ്ടുപോയി. താൻ ജോലി ചെയ്തിരുന്ന അതേ സ്കൂളിൽ അദ്ധ്യാപികയായി (1966-82). 1982-ൽ നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജ് സ്റ്റെപ്പ് ജംഗ് ഷന് അടുത്തായി പണി കഴിപ്പിച്ച വീട്ടിൽ താമസമാക്കി, കുട്ടികളു ടെ വിദ്യാഭ്യാസം മികച്ച രീതിയിൽ നടത്തി. ജോളി ജോഷ്വാ 1983 മുതൽ 1995 വരെ നാലാഞ്ചിറ സർവ്വോദയ ICSE സ്കൂളിൽ അദ്ധ്യാപിക ആയി പിന്നീട് സേവനം ചെയ്തു. ജോളി ജോഷ്വാ 2020 ആഗസ്റ്റ് 20-ാം തീയതി തിരുവനന്തപുരത്ത് വെച്ച് നിദ്ര പ്രാപിച്ചു. ഭൗതിക ശരീരം എറണാകുളം കാക്കനാട് സെന്റ് മേരീസ് ചർച്ച് സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.



ജോഷ്വാ-ജോളി ദമ്പതികൾക്ക് മൂന്നു പെൺമക്കൾ - മൂത്തമകൾ **നീനാ ജോഷ്വാ**, രണ്ടാമത്തെ മകൾ **ടീന ജോഷ്വാ,** മൂന്നാമത്തെ മകൾ **ഷീന ജോഷ്വാ.** മൂന്നുപേരും വിവാഹിതർ. നീന ജോഷ്വ എറണാകുളത്ത് ആടപ്പള്ളിൽ വീട്ടിൽ **സജി വർഗ്ഗീസി**നെ വിവാഹം ചെയ്തു. സജി വർഗ്ഗീസ് കേരള കൃഷി വകുപ്പ് ഉദ്യോഗസ്ഥനായിരുന്നു. കൃഷി വകുപ്പിലെ ജോ. ഡയറ ക്ടറായി ഔദ്യോഗിക പദവിയിൽ നിന്നു വിരമിച്ച് ഇപ്പോൾ എറണാ

കുളത്ത് വിശ്രമം ജീവിതം നയിക്കുന്നു. നീന ഇൻഡ്യാ ഗവൺമെന്റിന്റെ കീഴിലുള്ള റബ്ബർ ബോർഡിൽ ഉദ്യോഗസ്ഥയാണ്. ഇപ്പോൾ മംഗലാപുരത്തുള്ള റബ്ബർ ബോർഡ് ഓഫീസിൽ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ആണ്. സജി – നീനാ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ – **ജോർജ്ജ് ജോസഫ്** (ഐ.ടി. ഫീൽഡിൽ ജോലി), **ജോഷ്വാ ജോസഫ്** (വിദ്യാർത്ഥി).




**ടീന ജോഷ്വാ** കാഞ്ഞിരപ്പള്ളി മണ്ണംപ്ലാക്കൽ **വെയിൽസ് തോമസ്സിനെ** വിവാഹം ചെയ്തു. വെയിൽസ് തന്റെ കുടുംബ ബിസിനസ് നോക്കി ദുബായിൽ താമസ്സിക്കുന്നു. ടീന എഞ്ചിനീയറിംഗ് ബിരുദധാരിയാണ്. ഇപ്പോൾ വീട്ടമ്മയായി കഴിയുന്നു. ഇവർക്കു രണ്ട് പെൺമക്കൾ. മൂത്ത മകൾ **മെലീഷ വെയിൽസ്** ഫാഷൻ ഡിസൈനർ ആയിരുന്നു. ആകസ്മികമായി 2025 ഏപ്രിൽ



4-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. രണ്ടാമത്തെ മകൾ **സാന്ത്വന വെയിൽസ്** (പി.ജി. സ്റ്റുഡന്റ്, ദുബായ്).

**ഷീനാ ജോഷ്വാ** ബി.കോം ബിരുദധാരിയാണ്. പാല ഇടപ്പറമ്പിൽ വീട്ടിൽ **സാഗി ജോർജ്ജി**നെ വിവാഹം ചെയ്തു. സാഗിയുടെ ജോലി സംബന്ധിച്ച് ഇവർ കുടുംബമായി ദുബായിൽ ദീർഘനാൾ താമസിച്ചു. ഇപ്പോൾ അവിടെ നിന്ന് തിരികെ വന്ന് എറണാകുളത്ത് താമസിക്കുന്നു. ഇവർക്ക് രണ്ട് ആൺമക്കൾ- **സോൾ സാഗി ജോർജ്ജ്** കാനഡയിൽ കമ്പ്യൂട്ടർ ബിരുദത്തിനുശേഷം




അവിടെ തന്നെ ബ്രിട്ടീഷ് കോളംബിയ യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്യുന്നു. രണ്ടാമൻ **ഷെയിൻ സാഗി ജോർജ്ജ്** യു.കെ.യിൽ Lanchester യൂണിവേഴ്സിറ്റിയിൽ എൽ.എൽ.ബി.യ്ക്ക് പഠിക്കുന്നു.

2020-ൽ ജോളി ജോഷ്വായുടെ നിര്യാണത്തെ തുടർന്ന് കെ.വി. ജോഷ്വാ തിരുവനന്തപുരത്തു നിന്നും എറണാകുളത്തേക്ക് താമസം മാറ്റി. മക്കളായ നീനയുടെയും ഷീനയുടെയും കൂടെ മാറി മാറി താമസിച്ചു വരുന്നു.

## കെ.വി. മറിയാമ്മ (പൊടിയമ്മ)

1935 ഡിസംബർ മാസം വടശ്ശേരിയ്ക്കരയിൽ ജനനം. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ പള്ളിയിൽ മാമോദീസ.

വടശ്ശേരിക്കരയിൽ പ്രാഥമിക വിദ്യാഭ്യാസവും മിഡിൽ സ്കൂൾ വിദ്യാഭ്യാസവും നടത്തി. 1958 ആഗസ്റ്റ് 25-ാം തീയതി കുമ്പഴ



മരുതൂർ വീട്ടിൽ **കെ.ജി. ജോണിനെ(കുഞ്ഞൂഞ്ഞ്)** വിവാഹം ചെയ്തു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തി ൽ വെച്ച് വിവാഹം ബഹു. വർഗ്ഗീസ് വടശ്ശേരി അച്ചൻ ആശീർവദിച്ചു. ഇവരുടെ വിവാഹവും, സഹോദരൻ കെ.വി. തോമസിന്റെ വിവാഹവും ഒരേ ദിവസം ആയിരുന്നു.

1966-ൽ മാർ ഈവാനിയോസ് കോളേജിൽ കെ.ജി. ജോൺ അറ്റൻഡർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ക്ലർക്ക് ആയി പ്രമോഷൻ ലഭിച്ചു. തുടർന്ന് 1988-ൽ മാർ ഇവാനിയോസ് കോളേജിൽ നിന്നും ഹെഡ് അക്കൗണ്ടന്റായി ജോലിയിൽ നിന്നും വിരമിച്ചു.

1976-ൽ മക്കളുടെ മികച്ച വിദ്യാഭ്യാസത്തിനായി തിരുവനന്തപുരം നാലാഞ്ചിറയിൽ ഒരു വാടക വീട്ടിലേക്കു കുമ്പഴയിൽ നിന്നും കുടുംബസമേതം താമസ്സം മാറ്റി. ഈ കാലഘട്ടത്തിൽ മൂത്തമകൻ പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നു. മറ്റുള്ളവർ സ്കൂൾ വിദ്യാഭ്യാസത്തിലായിരുന്നു. പിന്നീടുള്ള വർഷങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനു കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് എല്ലാവരേയും മാർ ഈവാനിയോസ് കോളേജിൽ ചേർത്ത് ഉന്നത വിദ്യാഭ്യാസം നൽകി. 1988-ൽ ജോലിയിൽ നിന്നും വിരമിച്ച ശേഷം കെ.ജി. ജോൺ കുടുംബമായി നാലാഞ്ചിറയിൽ സ്ഥിര താമസ്സമാക്കി. ജോലിയിൽ നിന്നും വിരമിച്ചശേഷം തിരുവനന്തപുരം ആർച്ച്ബിഷപ്പ്സ് ഹൗസിൽ കുറച്ചു നാൾ ജോലി ചെയ്തു. പിന്നീട് ഉണ്ടായ സ്ട്രോക്ക്മൂലം ഏതാനും വർഷങ്ങൾ രോഗാ

വസ്ഥയിൽ കഴിഞ്ഞു. 2003 ഫെബ്രുവരി 15-ാം തീയതി ഇഹ ലോകവാസം വെടിഞ്ഞു. നാലാഞ്ചിറ സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ "ശാന്തിതീരം" സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

പൊടിയമ്മ - കുഞ്ഞൂഞ്ഞു ദമ്പതികൾക്ക് രണ്ട് ആൺമക്കളും, രണ്ടു പെൺമക്കളും ആണുള്ളത്. മൂത്ത മകൻ **വറുഗീസ് കെ. ജോൺ (ഷാജി)**, രണ്ടാമത്തെ മകൻ **തോസ്സ് ജോൺ (വിത്സൺ),** മൂന്നാമത്തെത് മകൾ **റോസ്‌ലിൻ ജോൺ**, നാലാമത്തെത് മകൾ **ഷേർളി ജോൺ**.

**വറുഗീസ് കെ. ജോൺ (ഷാജി)** : ജനനം 1959 ജൂലൈ മാസം വടശ്ശേരിക്കര കളിയന്താനത്ത് വീട്ടിൽ. മാമോദീസ വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ. പ്രൈമറി വിദ്യാഭ്യാസം വടശ്ശേരിക്കര EALPS സ്കൂളിൽ ആയിരുന്നു. മിഡിൽ സ്കൂൾ-ഹൈസ്കൂൾ വിദ്യാഭ്യാസം - St. Gorettis School, നാലാഞ്ചിറ, M.P. U.P School, കുമ്പഴ, ഗവ. ബോയ്സ് ഹൈസ്കൂൾ, പത്തനംതിട്ട എന്നിവിടങ്ങളിൽ നടത്തി. പ്രീഡിഗ്രി വിദ്യാഭ്യാസം പത്തനംതിട്ട Catholicate College ലും ബി.കോം., എം.കോം വിദ്യാഭ്യാസം മാർ ഈവാനിയോസ് കോളേജിലും ആയിരുന്നു. തുടർന്ന് അദ്ധ്യാപകനായി പട്ടം സെന്റ് മേരീസ് കോളേജിലും, നാലാഞ്ചിറ ബഥനി കോളേജിലും, അഞ്ചൽ സെന്റ് ജോൺസ് കോളേജിലും, തിരുവന



ന്തപുരം മാർ ഈവാനിയോസ് കോളേജിലും സേവനം ചെയ്തു. 2011-ൽ ബത്തേരി രൂപതയുടെ കീഴിലുള്ള പുൽപ്പള്ളി പഴശ്ശിരാജാ കോളേജിന്റെ പ്രിൻസിപ്പൽ ആയി നിയമിക്കപ്പെട്ടു. 2015-ൽ കോളേജിൽ നിന്നും വിരമിച്ചു. തുടർന്ന് 2016 മുതൽ 2021 വരെ തായ്‌ലന്റിലുള്ള അസംപ്ഷൻ യൂണിവേഴ്സിറ്റിയിൽ മാനേജ്മെന്റ് മാസ്റ്റർ പ്രോഗ്രാമിന്റെ തലവനായി പ്രവർത്തിച്ചു. ഇപ്പോൾ ഏതാനം വിദേശ സർവ്വകലാശാലകളുടെ ഓൺലൈൻ അദ്ധ്യാപകനായി പ്രവർത്തിക്കുന്നു. 1991 ജനുവരിയിൽ പിറവം വെളിയനാട് പഞ്ഞിക്കാട്ടിൽ പി.ടി. ജോർജ്ജ്-അമ്മിണി ദമ്പതികളുടെ മകൾ **ബിജി ജോർജി**നെ വിവാഹം ചെയ്തു. ബിജി ജോർജ്ജ് നാലാഞ്ചിറ സർവ്വോദയ ICSE സ്കൂൾ അദ്ധ്യാപികയായി 2025-ൽ വിരമിച്ചു. ഇവർക്കു രണ്ട് മക്കൾ-**മാനുവൽ ജോൺസ് വർഗീസ്** (UK), ഭാര്യ - **ശ്രുതി ആനി തോമസ്സ്** (UK). മകൾ **ഡോ. ഏയ്ഞ്ചല മരിയ വർഗ്ഗീസ്**, ഭർത്താവ് **സിബിൻ സാബു** (എഞ്ചിനീയർ)വിനൊപ്പം കാനഡയിൽ ആണ്. ഇവർക്കു ഒരു പെൺകുഞ്ഞ് (**മിഖയ്ല എസ്തേർ സിബിൻ**) ഉണ്ട്.

**ഫാ. തോമസ് മരുതൂർ (വിത്സനച്ചൻ)** :

1961 ജൂൺ മാസം വടശ്ശേരിക്കര അമ്മവീട്ടിൽ ജനനം. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മാമോദീസ. 3-ാം ക്ലാസ്സു വരെ വടശ്ശേരിക്കരയിൽ പഠിച്ചു. തുടർന്ന് 4 മുതൽ 8-ാം ക്ലാസ്സുവരെ കുമ്പഴയും പത്തനംതിട്ടയിലും പഠിച്ചു. 1976-ൽ തിരുവനന്തപുരത്തേയ്ക്കു കുടുംബം താമസ്സം മാറ്റിയതിനാൽ 9, 10 ക്ലാസ്സുകളിൽ നാലാഞ്ചിറ സെന്റ് ജോൺസ് മോഡൽ സ്കൂളിൽ പഠിച്ചു. തുടർന്ന് മാർ ഈവാനിയോസ് കോളേജിൽ പ്രീഡിഗ്രി, ബി.എസ്.സി. വിദ്യാഭ്യാസം നടത്തി (1980-85).

മാർ ഈവാനിയോസ് കോളേജിൽ നിന്നും ബി.എസ്.സി. (മാത്സ്) പാസ്സായി. Mar Theophilos Training College ൽ നിന്നും 1986-ൽ B.Ed പൂർത്തിയാക്കിയതിനുശേഷം തിരുവനന്തപുരത്തുള്ള Seventh Day Adventist School ൽ ആദ്ധ്യാപകനായി ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ സെമിനാരിയിൽ വൈദികനാകാൻ ചേരണ

മെന്ന ആഗ്രഹം പ്രകടിപ്പിച്ചു. മാതാപിതാക്കളുടെ സമ്മതത്തോടെയും ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അനുഗ്രഹ ആശീർവാദത്തോടെയും കൂടി സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥി ആയി ചേർന്നു. തുടർന്ന് മലങ്കര മേജർ സെമിനാരി (തിരുവനന്തപുരം)യിൽ ഫിലോസഫിയിലും തിയോളജിയിലും പഠനം പൂർത്തിയാക്കി. 1998 ഫെബ്രുവരി 19-ാം തീയതി അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് തിരുമേനിയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. തന്റെ സഹപാഠികളായി അന്നു വൈദികപട്ടം സ്വീകരിച്ചവർ - ആർച്ച്ബിഷപ്പ് ജോർജ്ജ് പനംതുണ്ടിയിൽ (Archbishop of Floriana), റവ. ഫാ. ബെന്നി നാരകത്തിനാൽ, റവ. ഫാ. സ്ലീബാ ചരുവുപുരേടത്തിൽ, റവ. ഫാ. മാത്യു മരോട്ടിമൂട്ടിൽ, റവ. ഫാ. സാമുവേൽ പുത്തൻപുരയ്ക്കൽ, റവ. ഫാ. ജോസഫ് സദനം എന്നിവരാണ്.



പുരോഹിതനായി ആദ്യ നിയമനം ലഭിച്ചത് തിരുവനന്തപുരം അതിരൂപതയുടെ കീഴിലുള്ള കാട്ടാക്കട ഇടവകയിൽ സഹവികാരി ആയിട്ടാണ്. തുടർന്ന് പട്ടം സെന്റ് അലോഷ്യസ് സെമിനാരിയിൽ സ്പിരിച്ച്വൽ ഡയറക്ടറായും സെന്റ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപകനായും സേവനം ചെയ്തു. അതിനുശേഷം ഇറ്റലിയിലെ ഫ്ളോറൻസിൽ ഒരു വർഷത്തെ ആത്മീയ പരിശീലനം നേടി. പിന്നീട് നെയ്യാറ്റിൻകരയിൽ വിവിധ ഇടവകകളിൽ സേവനം ചെയ്തു. 2012-ൽ MSFX എന്ന മിഷനറി സൊസൈറ്റിയിൽ ചേർന്ന് അമേരിക്കൻ ഐക്യനാടുകളിലെ അരിസോണാ സ്റ്റേറ്റിൽ റ്റൂസോൺ രൂപതയിൽ 3 വർഷം പാരീഷ് പ്രീസ്റ്റായി സേവനം ചെയ്തു.

2017-ൽ MSFX മിഷനറി സൊസൈറ്റിയുടെ ഡയറക്ടർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ, ആ സ്ഥാനത്തിരുന്നുകൊണ്ട് MSFX Society യുടെ Generalate ഹൗസായ നെയ്യാറ്റിൻകരയിൽ സേവനം ചെയ്യുന്നു.

**റോസ്‌ലിൻ ജോൺ** : 1964-ൽ വടശ്ശേരിക്കര അമ്മ വീട്ടിൽ ജനനം. വടശ്ശേരിക്ക മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മാമോദീസ. പ്രൈമറി വിദ്യാഭ്യാസം വടശ്ശേരിക്കരയിൽ. മിഡിൽ സ്കൂൾ, ഹൈസ്കൂൾ, കോളേജ് വിദ്യാഭ്യാസം തിരുവനന്തപുരത്ത്. കടമനിട്ട വാളേക്കും പാറയിൽ **സണ്ണി മാത്യു**വിനെ 1990 ൽ വിവാഹം ചെയ്തു. ഈ വിവാഹ ത്തിൽ രണ്ടു മക്കൾ; **സഞ്ജയ് മാത്യു**വും **അഞ്ജു മാത്യു**വും. ഇരുവരും വിവാഹിത രായി. മകൻ **സഞ്ജയ്** ന്യൂസിലാൻഡിൽ ഉള്ള **പെനി**യെ വിവാഹം ചെയ്ത് അവിടെ സ്ഥിരതാമസമായി. ഇവർക്ക് ഒരു മകൾ ഉണ്ട്. മകൾ **അഞ്ജു** തിരുവനന്തപുരത്ത് നിന്ന് **സോനു**വിനെ വിവാഹം ചെയ്ത് കാനഡയിൽ താമസിക്കുന്നു. ഇവർക്കും ഒരു മകളുണ്ട്.



സണ്ണി മാത്യു 2018-ൽ മരണപ്പെട്ടു. തുടർന്ന് 2024-ൽ നിരണത്ത് ഇടനിലത്തുപറമ്പിൽ **മോൺസി ജോർജി**നെ പുനർ വിവാഹം ചെയ്തു. ഇപ്പോൾ ഇവർ ആലുവയിൽ താമസിക്കുന്നു.

**ഷേർളി ജോൺ** : 1967-ൽ വടശ്ശേരിക്കരയിൽ ജനനം. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ പള്ളിയിൽ മാമോദിസ. പ്രാഥമിക വിദ്യാ ഭ്യാസം വടശ്ശേരിക്കര, കുമ്പഴ എന്നീ സ്ഥലങ്ങളിലായിരുന്നു. തുടർന്ന് മിഡിൽ സ്കൂൾ, ഹൈസ്കൂൾ വിദ്യാഭ്യാസം തിരുവനന്ത പുരത്തും, കോളജ് വിദ്യാഭ്യാസം മാർ ഈവാനിയോസ് കോളജി ലും, മാർ തെയോഫിലോസ് കോളജിലുമായി നടത്തി. തുടർന്ന് അദ്ധ്യാപികയായി പട്ടം സെന്റ് മേരീസ് സ്കൂളിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. 2024-ൽ പ്രസ്തുത സ്കൂളിൽ നിന്നും

വിരമിച്ചു. വടശ്ശേരിക്കര കോന്നാത്തു വീട്ടിൽ **പ്രിൻസ് തോമസി**നെ വിവാഹം ചെയ്തു. ഇവർക്കു രണ്ട് മക്കൾ. മകൻ **ഷെറിൻ തോമസ്** കാനഡയിൽ എഞ്ചിനീയർ. വിവാഹം ചെയ്തു കുടുംബമായി കാനഡയിൽ താമസിക്കുന്നു. മകൾ **ശില്പ തോമസ്** ആർക്കിടെക്ട് ആണ്. ഇപ്പോൾ ദുബായിൽ ജോലി ചെയ്യുന്നു. ഷേർളി കുടുംബമായി തിരുവനന്തപുരത്തു താമസിച്ചു വരുന്നു.



## കെ.വി. സിസ്സിലി (ചിന്നമ്മ)

കളിയന്താനത്ത് കോരള വർക്കി - റാഹേൽ ദമ്പതികളുടെ നാലാമത്തെയാൾ (പെൺമക്കളിൽ രണ്ടാം സ്ഥാനം) 1939 ഏപ്രിൽ 4-ാം തീയതി വടശ്ശേരിക്കരയിൽ ജനിച്ചു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മാമോദീസ. പ്രാഥമിക വിദ്യാഭ്യാസവും മിഡിൽ സ്കൂൾ വിദ്യാഭ്യാസവും വടശ്ശേരിക്കരയിൽ നടത്തി. 1964 ഏപ്രിൽ മാസം ചിന്നമ്മയെ വാഴപ്പിള്ളേത്തു ഈശോ-മറിയാമ്മ ദമ്പതികളുടെ മകൻ



**വി.ഇ. യോഹന്നാൻ (കുഞ്ഞൂട്ടി)** വിവാഹം ചെയ്തു. അദ്ദേഹം

സ്കൂൾ അദ്ധ്യാപകനായിരുന്നു. വടശ്ശേരിക്കര വാഴപ്പിള്ളേത്തു ജോസഫ് കശീശ പിതൃസഹോദരനും, ബഹു. വാഴപ്പിള്ളേത്തു മാത്യു റമ്പാൻ ഇളയ സഹോദരനുമാണ്. യോഹന്നാൻ 06.05.2021–ൽ നിര്യാതനായി. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.



യോഹന്നാൻ – ചിന്നമ്മ ദമ്പതികൾക്ക് 6 മക്കൾ ഉണ്ടായി. മൂത്ത മകൻ **ജോബി** (ജനനം 1965) എന്ന വിളിപ്പേരുള്ള **ഗീവർഗ്ഗീസ് ജോൺ** യു.എ.ഇ.യിൽ ജോലി നോക്കുന്നു. ഭാര്യ **സൂസൻ** വിദേശത്തു നഴ്സായി ജോലി നോക്കിയശേഷം ഇപ്പോൾ നാട്ടിൽ കഴിയുന്നു. ഇവർക്ക് ഒരു മകൾ **(സുബി സിസിലി വർഗ്ഗീസ്)** ഉണ്ട്. സുബി വിവാഹിതയായി, ഭർത്താവ് **രാഹുലും** ഒത്ത് യു.കെ. യിൽ ജോലി ചെയ്യുന്നു.

രണ്ടാമത്തെ മകൻ **ജോസി** എന്ന് വിളിപ്പേരുള്ള **ജോഷ്വാ ജോൺ** 1967–ൽ ജനിച്ചു. ജോസിയുടെ ഭാര്യ **സുജ.** ജോസിയും കുടുംബവും യു.എ.ഇ.യിൽ അനേകവർഷങ്ങൾ ജോലി ചെയ്ത ശേഷം ഇപ്പോൾ നാട്ടിൽ ബിസിനസ്സ് നടത്തുന്നു. ഇവർക്കു രണ്ടു മക്കൾ. മൂത്ത മകൻ **ജഫ് ജോൺ** ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ **ഫേബ** ബാംഗ്ലൂരിൽ വിദ്യാർത്ഥിനിയാണ്.

മൂന്നാമത്തെ മകൾ **ജോളി ജോൺ** 1969–ൽ ജനിച്ചു. വടശ്ശേരിക്കര ജീരകത്തിനാൽ **സജി സാമുവേലി**നെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കൾ. മൂത്ത മകൾ **സുജി** നഴ്സ് ആയി ജോലി ചെയ്യുന്നു. ഭർത്താവ് **സജു** (എഞ്ചിനീയർ)നൊപ്പം ഇപ്പോൾ സൗദിയിൽ ആണ് താമസം. ഇവർക്ക് രണ്ട് മക്കൾ ഉണ്ട്. രണ്ടാമത്തെ മകൻ **സാംജോ** അദ്ധ്യാപകനായി നാട്ടിൽ ജോലി ചെയ്യുന്നു.



നാലാമത്തെ മകൻ **ജോജി ജോൺ**, 1970–ൽ ജനിച്ചു. വിദേശത്തു അനേക വർഷം ജോലി ചെയ്തശേഷം ഇപ്പോൾ കുടുംബ വീട്ടിൽ താമസ്സിക്കുന്നു. ജോജിയുടെ ഭാര്യ **ബെറ്റി**. ഇവർക്ക് രണ്ട് പെൺമക്കൾ. മൂത്ത മകൾ **ടിജി** ഇപ്പോൾ കാനഡ യിൽ പഠിയ്ക്കുന്നു. ഇളയമകൾ **ബിജി** വടശ്ശേരിക്കരയിൽ സ്കൂൾ പഠനം നടത്തുന്നു.

അഞ്ചാമത്തെ മകൾ **ജ്യോതി** എന്ന് വിളിപ്പേരുള്ള **റേച്ചൽ ജോൺ** 1972–ൽ ജനിച്ചു. മാവേലിക്കര കറ്റാനം കരിപ്പാലിൽ **സാലു** എന്ന് വിളിപ്പേരുള്ള **ജോൺ ചെറിയാനെ** വിവാഹം ചെയ്തു. ഇവർക്കു രണ്ടു മക്കൾ. മകൻ **ജോബിൻ** (എഞ്ചിനീയർ) ഓസ്ട്രേ ലിയയിൽ ജോലി ചെയ്യുന്നു. മകൾ **ജോസ്ലിൻ** തിരുവനന്ത പുരത്ത് മാതൃഭൂമി FM Radioയിൽ RJ ആയി ജോലി ചെയ്യുന്നു. സാലു – ജ്യോതി കുടുംബം അനേക വർഷത്തെ പ്രവാസ ജീവിതത്തിന ുശേഷം ഇപ്പോൾ മണ്ണന്തലയിൽ സ്ഥിരതാമസ്സമായി.

**ഫാ. (ഡോ.) ജോഷി ജോൺ വാഴപ്പിള്ളേത്ത്** : യോഹന്നാൻ - ചിന്നമ്മ ദമ്പതികളുടെ മക്കളിൽ ആറാമനായി ജോഷി ജോൺ 1974-ൽ വടശ്ശേരിക്കരയിൽ ജനിച്ചു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മാമോദീസ നല്കി. മാത്യു എന്നാണ് മാമോദീസ പേര്. സ്കൂൾ വിദ്യാഭ്യാസം വടശ്ശേരിക്കരയിൽ



പൂർത്തിയാക്കി. തന്റെ കുട്ടിക്കാലം മുതൽ വൈദികൻ ആകാനുള്ള ആഗ്രഹം മനസ്സിൽ കൊണ്ടു നടന്നു. ഇതിനു പ്രചോദനമായത് പിതൃസഹോദരനായ വാഴപ്പിള്ളേത്ത് മാത്യുറമ്പാച്ചനും, മാതൃസഹോദരനായ കളിയന്താനത്ത് ജേക്കബ് അച്ചനുമായിരുന്നു. അവരുടെ ജീവിത മാതൃക കണ്ടു വളർന്ന ജോഷി എസ്. എസ്.എൽ.സി. പഠനം പൂർത്തിയാക്കിയപ്പോൾ സെമിനാരിയിൽ ചേരുവാനുള്ള ആഗ്രഹം മാതാപിതാക്കളെ അറിയിച്ചു. മകന്റെ ആഗ്രഹത്തെ മാതാപിതാക്കൾ ദൈവനിയോഗമായി കരുതി 1989 ജൂൺ മാസം തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയൽ വൈദിക വിദ്യാർത്ഥിയായി ചേർത്തു. മൈനർ സെമിനാരിയിലെ ആദ്യത്തെ വൈദിക പരിശീലനത്തിനുശേഷം തിരുവനന്തപുരത്തെ മലങ്കര മേജർ സെമിനാരിയിൽ ഫിലോസഫിയും തിയോളജിയും പഠിച്ചു പൂർത്തിയാക്കി.

2000 ഡിസംബർ 26-ാം തീയതി തിരുവനന്തപുരം അതിരൂപതയുടെ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവയിൽ നിന്നും അടൂരിൽ നടന്ന പ്രൗഢ ഗംഭീരമായ പട്ടത്വ കൂദാശ ചടങ്ങിൽ സഹപാഠികളായ പന്ത്രണ്ട് പേരൊടൊപ്പം Dn. ജോഷി വാഴപ്പിള്ളേത്ത് വൈദികപട്ടം സ്വീകരിച്ചു. സഹപാഠികളായി ഈ സുദിനത്തിൽ വൈദികപട്ടം

സ്വീകരിച്ചവർ : Fr. Thomas Malancharuvil, Fr. Jacob John, Fr. Joseph P. Antony, Fr. Nelson Valiyaveettil, Fr. Varghese Kalayilvadakkethil, Fr. Robert Ennavila, Fr. Robert Palavila, Fr. Geevarghese Ezhiyathu, Fr. Antony Plamparambil, Fr. Johnson Kochuthundiyil, Fr. Santhosh Koickal, Fr. Mathew Puthenpurayil.

2001 ജനുവരി 3-ാം തീയതി മാതൃ ഇടവകയായ വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വെച്ച് പ്രഥമ ദിവ്യബലി സമർപ്പിച്ചു. ആദ്യനിയമനം ഇലഞ്ഞിമേൽ, നൂറനാട്, കൂരമ്പാല തെക്ക്, കൂരമ്പാല വടക്ക് എന്നീ ഇടവകകളിലെ അസിസ്റ്റന്റ് വികാരി ആയിട്ട് ആയിരുന്നു. പിന്നീട് തിരുവനന്തപുരം അതിരൂപതയുടെ തെക്കൻ വൈദിക ജില്ലയിൽപ്പെട്ട കുളത്തൂർ, നല്ലൂർവട്ടം, ആലുവിള എന്നീ ഇടവകകളിൽ വികാരി ആയി 6 വർഷം സേവനം ചെയ്തു. ഇതിൽ പ്രത്യേകം പരാമർശിക്കേണ്ടത് കുളത്തൂർ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ പണി പൂർത്തീകരിച്ച് കൂദാശ ചെയ്യപ്പെട്ടു എന്നുള്ളതാണ്. ഈ ദേവാലയം ഇപ്പോൾ ഒരു തീർത്ഥാടന കേന്ദ്രമായി നിലകൊള്ളുന്നു.

2010 ജനുവരിയിൽ മലങ്കരയുടെ പത്തനംതിട്ട ഭദ്രാസനം രൂപീകൃതമായപ്പോൾ ഫാ. ജോഷി വാഴപ്പിള്ളേത്ത് തന്റെ മാതൃ ഇടവക സ്ഥിതി ചെയ്യുന്ന പത്തനംതിട്ട രൂപതയിലേക്ക് സേവനം ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. അങ്ങനെ പത്തനംതിട്ട രൂപ തയുടെ കീഴിലുള്ള കാർമല, അതുംമ്പുംകുളം, ആവോലിക്കുഴി, ചന്ദനപ്പള്ളി, അങ്ങാടിക്കൽ എന്നീ സ്ഥലങ്ങളിലെ മലങ്കര കത്തോലി ക്കാ ദേവാലയ വികാരി ആയി നിയമിതനായി.

പഠനത്തിൽ മിടുക്കനായ ഫാ. ജോഷി വാഴപ്പിള്ളേത്തിനെ തന്റെ രൂപതാ അദ്ധ്യക്ഷൻ അഭി. യൂഹാന്നോൻ മാർ ക്രിസ്സോസ്റ്റം മെത്രാപ്പോലീത്ത ഉപരിപഠനാർത്ഥം ബാംഗ്ലൂരിലെ ധർമ്മാരാം കോളേജിൽ കാനൻ നിയമം പഠിയ്ക്കുവാനായി അയച്ചു (2011-14). ഈ കാലഘട്ടത്തിൽ ബാംഗ്ലൂരിലുള്ള സിംഗ്സാന്ദ്ര ഇടവക വികാരി യായും ശുശ്രൂഷ ചെയ്തു. 2014-ൽ കാനൻ നിയമപഠനം വിജയ കരമായി പൂർത്തിയാക്കിയശേഷം നാട്ടിൽ തിരിച്ചെത്തിയ അച്ചനെ

പത്തനംതിട്ട രൂപതയുടെ പ്രോക്യൂറേറ്റർ ആയി നിയമിച്ചു. ബാലാരിഷ്ഠതകളിൽ കൂടി കടന്നു പോയ രൂപതയെ തന്റെ സമർപ്പിതമായ സേവനം കൊണ്ട് മെച്ചപ്പെട്ട സാമ്പത്തിക ഭദ്രതയിലേക്കു ഉയർത്തുവാൻ സാധിച്ചു. ഈ കാലഘട്ടത്തിൽ തോട്ടപുറം ഇടവക വികാരി ആയും സേവനം അനുഷ്ഠിച്ചു. തുടർന്ന് രൂപതാദ്ധ്യക്ഷൻ അച്ചനെ 2017-ൽ റോമിലേക്ക് ഉപരിപഠനത്തിനായി അയച്ചു. 2020-ൽ ലാറ്ററൻ സർവ്വകലാശാലയിൽ കാനൻ നിയമ ത്തിൽ ഡോക്ടറേറ്റ് നേടി നാട്ടിൽ തിരിച്ചെത്തിയ അച്ചനെ കോന്നി ഇടവക വികാരിയായും, രൂപതയുടെ ചാൻസലർ ആയും നിയമിച്ചു. ഈ പദവികളിൽ 2022വരെ സേവനം അനുഷ്ഠിച്ചു. 2022-ൽ അമേരിക്കൻ ഐക്യ നാടുകളിലെ കണക്റ്റികട്ടിലുള്ള ഹാർട്ട്ഫോർഡ് രൂപതയിൽ വൈദികനായി സേവനം ചെയ്യുവാൻ അവസരം ലഭിച്ചു. ഇക്കാലളവിൽ വാട്ടർബറി ബസിലിക്കയുടെ അസിസ്റ്റന്റ് വികാരിയായും ഹാർട്ട്ഫോർട് രൂപതയുടെ ട്രൈബ്യൂണലായും ശുശ്രൂഷ ചെയ്തു. 2025-ൽ നാട്ടിൽ തിരികെ എത്തിയ അച്ചൻ ഇപ്പോൾ പൂന- കട്കി രൂപതയുടെ ചാൻസലർ, ജുഡീഷ്യൽ വികാരി, കത്തീഡ്രൽ വികാരി മുതലായ ശുശ്രൂഷകൾ ചെയ്തു വരുന്നു. തനിയ്ക്കു കിട്ടിയ താലന്തുകൊണ്ട് 30 ഉം 60 ഉം 100 ഉം മേനി ഫലം പുറപ്പെടുവിക്കുന്ന ഈ ക്രിസ്തുദാസൻ സഭയുടെയും, സമൂഹത്തിന്റെയും, കുടുംബത്തിന്റെയും മുതൽക്കൂട്ടാണ് എന്നു പറയുന്നതിൽ ഞങ്ങൾ അഭിമാനിയ്ക്കുന്നു.

## കെ.വി. ജോർജ്ജ് (ജോർജ്ജുകുട്ടി)

കോരള വർക്കി - റാഹേൽ ദമ്പതികളുടെ മക്കളിൽ ആറാമനായി **ജോർജുകുട്ടി** എന്ന് വിളി പ്പേരുള്ള **കെ.വി. ജോർജ്ജ്** 1943 ഒക്ടോബർ 27-ാം തീയതി ജനിച്ചു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മമോദീസ നല്കപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും വടശ്ശേരിക്കരയിൽ ആയിരുന്നു. വിദ്യാഭ്യാസത്തിനുശേഷം കൃഷിയും നാലാഞ്ചിറയിൽ ബിസിനസ്സും നടത്തിയിരുന്നു. പിന്നീട് ഫോട്ടോഗ്രാഫറായും പ്രവർത്തിച്ചു. 1970 ഏപ്രിൽ 13-ാം തീയതി കൂടൽ നെടുമൺകാവിൽ പുത്തൻവിളയിൽ **സാറാമ്മ**യെ **(ലീലാമ്മ)** വിവാഹം ചെയ്തു.



ഇവർക്കു മൂന്ന് ആൺമക്കളും ഒരു മകളുമുണ്ട്. എല്ലാവരും വിവാഹിതരാണ്. മൂത്തമകൻ **ലിജു ജോർജ്ജ്** 1971ൽ ജനനം. B.Sc., B.Ed. വിദ്യാഭ്യാസത്തിനു ശേഷം ഹൈസ്കൂൾ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. ഇപ്പോൾ ഹെഡ്മാസ്റ്റർ ആണ്. ലിജുവിന്റെ ഭാര്യ **ഷൈനി** (കൊട്ടാരക്കര അലക്കുഴി, പാലക്കുഴി ചാക്കോ-ലീലാമ്മ ദമ്പതികളുടെ മകൾ) ഗവ. ഹയർസെക്കന്ററി സ്കൂൾ അധ്യാപിക




യാണ്. ഇവർക്ക് ഒരു മകളും (**അലീന**), ഒരു മകനും (**ആഷിൻ**) ഉണ്ട്. മകൾ അലീന പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽ എം.എ. എക്കണോമിക്സ് പഠിക്കുന്നു. ആഷിൻ പ്ലസ്ടു വിദ്യാർത്ഥിയാണ്.

രണ്ടാമത്തെ മകൻ **ലിനു ജോർജ് (കൊച്ചുമോൻ)** 1972 ൽ ജനിച്ചു. ബി.എ. വിദ്യാഭ്യാസത്തിനു ശേഷം കുവൈത്തിൽ ജോലി

ചെയ്യുന്നു. ഭാര്യ **ലീന** (റാന്നി തോട്ടമൺ കല്ലുംപുറത്ത് വീട്ടിൽ) നഴ്സായി കുവൈത്തിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടു ആൺ മക്കൾ (**ലിയോ, ലിജോ**). ഇരുവരും വിദ്യാർത്ഥികളാണ്.



മൂന്നാമത്തെ മകൻ **അജി ജോർജ്** 1973ൽ ജനിച്ചു. ബി.എ. വിദ്യാഭ്യാസത്തിനുശേഷം വടശ്ശേരിക്കര കോ-ഓപ്പറേറ്റീവ് ബാങ്കിൽ ജോലി ചെയ്യുന്നു. ഭാര്യ **ലീന അജി** (വെണ്ണിക്കുളം പടതോട്, മരുതൂർ വീട്ടിൽ). ഇവർക്കു ഒരു മകനും **(കോൾവിൻ)**, ഒരു മകളും **(ക്രീസ)** ഉണ്ട്. ഇരുവരും സ്കൂൾ വിദ്യാർത്ഥികളാണ്.






മക്കളിൽ നാലാമത്തെ ആൾ **ലിജി** 1978ൽ ജനിച്ചു. സ്കൂൾ, കോളേജ് വിദ്യാഭ്യാസം വടശ്ശേരിക്കരയിലും പത്തനംതിട്ടയിലും. പന്തളം കുളനടയിൽ ഉള്ളന്നൂർ മലമുറ്റത്തു വീട്ടിൽ **ബിനു ഫിലിപ്പ്** വിവാഹം ചെയ്തു. ഇവർക്കു ഒരു മകളും **(ലയ)**, ഒരു മകനും **(ലിയോൺ)**. ഇരുവരും വിദ്യാർത്ഥികളാണ്. ലയ മധുര അപ്പോളോ ഹോസ്പിറ്റലിൽ നഴ്സിംഗ് വിദ്യാർത്ഥിനിയാണ്.

## കെ.വി. സാറാമ്മ (അമ്മിണി)

കോരള വർക്കി - റാഹേൽ ദമ്പതികളുടെ മക്കളിൽ ഏഴാമത്തതായി (പെൺമക്കളിൽ മൂന്നാമത്തെ ആൾ) അമ്മിണി 1946 ഫെബ്രുവരി 27-ാം തീയതി വടശ്ശേരിക്കരയിൽ ജനിച്ചു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മാമോദീസ നല്കപ്പെട്ടു. പ്രൈമറി സ്കൂൾതലം മുതൽ ഹൈസ്കൂൾ വരെ വടശ്ശേരിക്കരയിലെ വിവിധ സ്കൂളുകളിൽ പഠനം നടത്തി. പഠനത്തിൽ മികവു പുലർത്തിയ കുട്ടിയെ മാതാപിതാക്കൾ കോളേജ് വിദ്യാഭ്യാസത്തിനായി പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ പ്രവേശിപ്പിച്ചു. കാതോലിക്കേറ്റ് കോളേജിൽ പ്രീഡിഗ്രി ബി.എസ്.സി. (മാത്സ്) വിദ്യാഭ്യാസം പൂർത്തീകരിച്ചതിനു ശേഷം തിരുവനന്തപുരം മാർ തിയോഫിലോസ് ട്രെയിനിംഗ് കോളജിൽ B.Ed. പഠനം പൂർത്തിയാക്കി. B.Ed. നു ശേഷം ഔദ്യോഗിക ജീവിതം ആരംഭിച്ചു. സ്കൂൾ അധ്യാപികയായി ആദ്യ നിയമനം ലഭിച്ചത് 1969-ൽ നങ്ങ്യാർ

കുളങ്ങര B.B. G.H.S. ൽ ആയി രുന്നു. ഈ സ്കൂളിൽ നിന്ന് 1989-ൽ നെയ്യാറ്റിൻകരയ്ക്ക് സമീപമുള്ള നെല്ലിമൂട് സെന്റ് ക്രിസ്സോസ്റ്റോം സ്കൂളിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. അവിടെ 1998 വരെ ജോലി ചെയ്തു. 1998-ൽ നാലാഞ്ചിറ St. Gorettis H.S. ലേക്ക് സ്ഥലം മാറ്റം ലഭിച്ചു. 2000-ാം ആണ്ട് മാർച്ച് മാസം പ്രസ്തുത സ്കൂളിൽ നിന്ന് ഔദ്യോഗിക ജീവിതത്തിന് വിരാമമിട്ടു.

1970 ഏപ്രിൽ 12-ാം തീയതി വെഞ്ഞാറമൂട് വേണാട് വീട്ടിൽ



തോമസ് -ത്രേസ്യാമ്മ ദമ്പതികളുടെ മകനായ **ഗ്രിഗറി തോമസ് (ഇയോച്ചൻ)**നെ വിവാഹം ചെയ്തു. ശ്രീ. ഗ്രിഗറി തോമസ് ആ സമയത്ത് ഇന്ത്യൻ ടെലിഫോൺസ്സിൽ എഞ്ചിനീയർ ആയി ജോലി ചെയ്യുകയായിരുന്നു.

അമ്മിണി - ഈയോച്ചൻ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ ആണ് ഉള്ളത്. മൂത്തമകൻ **ടോം ജി. വേണാട് (അജി)** 1973-ലും രണ്ടാമത്തെ മകൻ **ജോർജി വേണാട് (കൊച്ചുമോൻ)** 1975-ലും



ജനിച്ചു. അജി എഞ്ചിനീയറിംഗ് വിദ്യാഭ്യാസം നാട്ടിൽ പൂർത്തിയാക്കിയശേഷം 1996-ൽ അമേരിക്കൻ ഐക്യനാടുകളിൽ ഫ്ളോറിഡ സ്റ്റേറ്റിൽ ഒരു സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു. 1998-ൽ **ഡോളി തോമസ്** (D/o. Thomas O.C. & Rosamma, ഊരോത്തു വീട്, കിഴക്കമ്പലം, എറണാകുളം) നെ വിവാഹം ചെയ്തു. ഇവർക്കു രണ്ട് ആൺമക്കൾ : **ആഗ്നൽ ടി. വേണാട്, അലൻ ടി. വേണാട്.** രണ്ടു പേരും യു.എസിൽ വിദ്യാർത്ഥികളാണ്. ഇവർ കുടുംബ സമേതം യു.എസ്.എ.യിലെ ഫ്ളോറിഡയിൽ താമസിക്കുന്നു.

രണ്ടാമത്തെ മകൻ **ജോർജി വേണാട് (കൊച്ചുമോൻ)** ബി.എസ്.സി. നഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കി, 2006-ൽ അമേരിക്കൻ ഐക്യനാടുകളിൽ ജോലിയിൽ പ്രവേശിച്ചു. 2004-ൽ വിവാഹം ചെയ്തു. ചങ്ങനാശ്ശേരി ബോണി വില്ലായിൽ തോമസ് - മോളി ദമ്പതികളുടെ മകൾ **അന്നാ തോമസ് (അന്നക്കുട്ടി)** ആണ് ഭാര്യ. ഇവർക്കു മൂന്നു മക്കൾ ഉണ്ട്. മൂത്ത രണ്ട് ആൺമക്കൾ, **നൈതാനും, ജോനാതാനും** ഇരട്ടകളാണ്. മൂന്നാമത്തെ മകൾ **അബിഗെയിൽ.** ഇവർ മൂന്നുപേരും വിദ്യാർത്ഥികളാണ്. പഠനത്തിൽ മിടുക്കനായ ജോർജി വേണാട് അമേരിക്കയിൽ വെച്ച് M.Sc.



നഴ്സിംഗ് പാസ്സായി രജിസ്ട്രേഡ് നഴ്സ് (R.N.) ആയി അമേരിക്കയിൽ ജോലി ചെയ്യാൻ ഉള്ള യോഗ്യത നേടി. ഇപ്പോൾ ഇവർ അമേരിക്കയിലെ ഫ്ളോറിഡയിൽ താമസിക്കുന്നു.

ഗ്രിഗറി - അമ്മിണി ദമ്പതികൾ 16 വർഷം (1972-88) ജീവിച്ചത്, ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളിയിലാണ്. രണ്ടു പേരുടെയും ജോലിസ്ഥലം അവിടെയടുത്ത് ആയിരുന്നു. കാർത്തിക പള്ളിയിൽ വെച്ച് മലങ്കര കത്തോലിക്കാപള്ളിയിലെ ആക്ടീവ് മെമ്പേഴ്സ് ആയിരുന്നു. ഗ്രിഗറി സൺഡേ സ്കൂൾ അധ്യാപകനായും ജില്ലാ സൺഡേ സ്കൂൾ സെക്രട്ടറി ആയും സേവനം ചെയ്തിട്ടുണ്ട്. 1988-ൽ തിരുവനന്തപുരത്ത് സ്ഥലം വാങ്ങി വീടു നിർമ്മിച്ചു താമസം തുടങ്ങി. നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗർ കാമ്പസ്സിൽ ജയമാത ലെയിനിൽ ജയമാതാ ഇൻസ്റ്റിറ്റ്യൂട്ടിനോടു ചേർന്നുള്ള സ്ഥലത്താണ് വീട്. ഗ്രിഗറി ബി.എസ്.എൻ.എൽ.ൽ ഡിവിഷൻ എഞ്ചിനീയർ ആയി റിട്ടയർ ചെയ്തു. ഇപ്പോൾ ഇവർ രണ്ടുപേരും നാലാഞ്ചിറ വേണാട് വീട്ടിൽ താമസ്സിക്കുന്നു.

## കെ.വി. എബ്രഹാം (മോനച്ചൻ)

കളിയന്താനത്ത് കോരള വർക്കി - റാഹേൽ ദമ്പതികളുടെ മക്കളിൽ എട്ടാമനായി (ആൺ മക്കളിൽ അഞ്ചാമൻ) 1948 മെയ് 14-ാം തീയതി വടശ്ശേരിക്കരയിൽ **മോനച്ചൻ** എന്ന വിളിപ്പേരുള്ള **കെ.വി. എബ്രഹാം** ജനിച്ചു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വെച്ച് ബഹു. മാത്യു തേക്കുംകാട്ടിൽ അച്ചനിൽ നിന്നും മാമോദീസ സ്വീകരിച്ചു.

പ്രാഥമിക വിദ്യാഭ്യാസം വടശ്ശേരിക്കര കുമരംപേരൂർ EALP സ്കൂളിൽ നിന്നും, മിഡിൽ സ്കൂൾ വിദ്യാഭ്യാസം വടശ്ശേരിക്കര ഹൈസ്കൂളിൽ നിന്നും ആയിരുന്നു. തുടർന്ന് മൂത്ത ജേഷ്ഠൻ കെ.വി. തോമസിന്റെ തിരുവനന്തപുരത്തെ വീട്ടിൽ താമസിച്ച് നാലാഞ്ചിറ സെന്റ് ജോൺസ് മോഡൽ ഹൈസ്കൂളിൽ 8, 9 ക്ലാസ്സുകളിൽ പഠിച്ചു. പിന്നീട് ബഥനി ആശ്രമത്തിൽ ചേർന്ന് പഠിയ്ക്കാൻ ഉള്ള ആഗ്രഹപ്രകാരം 10-ാം ക്ലാസ്സിൽ കറ്റാനം Pope Pius XI ഹൈസ്കൂളിൽ ചേർന്നു. അവിടെ നിന്നും 1965-ൽ എസ്.എസ്.എൽ.സി. പാസ്സായി. 1966 മുതൽ 1971 വരെ വൈദിക വിദ്യാർത്ഥി ആയി ബഥനി ആശ്രമത്തിൽ ജീവിച്ചു. ഈ കാലയളവിൽ മാർ

ഈവാനിയോസ് കോളേജിൽ നിന്നും പ്രീഡിഗ്രി പാസ്സായി, പൂന പേപ്പൽ സെമിനാരിയിൽ ഫിലോസഫി കോഴ്സു പഠിച്ചു പൂർത്തിയാക്കി. തുടർന്ന് വൈദിക പഠനം തന്റെ ഇംഗിതത്തിനു വഴങ്ങുന്നതല്ല എന്നു മനസ്സിലാക്കി ബഥനി ആശ്രമത്തോട് വിട പറഞ്ഞു. അതിനുശേഷം ബോംബെയിൽ താമസ്സിച്ചുകൊണ്ട് (മാവിയുടെ മകൻ ജോയിച്ചാനോടൊപ്പം) ബാന്ദ്ര എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ റഫ്രിജറേഷൻ എഞ്ചിനീയറിംഗിൽ ചേർന്നു പഠിച്ചു. പ്രസ്തുത കോഴ്സ് പാസ്സായതിനുശേഷം ബോംബെയിലെ ബാബ അറ്റോമിക് റിസേർച്ച് സെന്ററിൽ AC പ്ലാന്റ് ഓപ്പറേറ്റർ ആയി 1978 വരെ ജോലി ചെയ്തു.

ബോംബെയിലെ ജീവിതകാലത്ത് എടുത്തു പറയാവുന്ന സംഭവം മലങ്കര കുർബ്ബാന ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്തു എന്നുള്ളതാണ്. 1973 വരെ ബോംബെയിലെ മലങ്കര വിശ്വാസികൾക്ക് മലങ്കര കുർബ്ബാന കാണുവാനുള്ള അവസരം ഉണ്ടായിരുന്നില്ല. എന്നാൽ കെ.വി. എബ്രഹാമിന്റെ നേതൃത്വത്തിൽ ഏതാനം ചെറുപ്പക്കാരുടെ സഹകരണത്തോടെ 1973-ൽ ലാറ്റിൻ പള്ളിയുടെ ഒരു ഹാളിൽ മലങ്കര കുർബ്ബാന ആരംഭിക്കാൻ സാധിച്ചു. അതിനുവേണ്ടി പൂന ബഥനി ആശ്രമത്തിൽ നിന്നും വൈദികരെ ഇവിടേയ്ക്ക് കൊണ്ടുവന്നു.

1978-ൽ സൗദി അറേബ്യയിലുള്ള ARAMCO ഓയിൽ കമ്പനിയിൽ പ്രോസ്സസ് ഓപ്പറേറ്റർ ആയി ജോലിയിൽ പ്രവേശിച്ചു. ഏതാണ്ട് 8 വർഷക്കാലം സൗദിയിൽ ജോലി ചെയ്തു. 1986-ൽ പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് തിരികെ വന്നു.

മാവേലിക്കര മോറോത്ത് ചാണ്ടിപ്പിള്ള കുഞ്ഞൂഞ്ഞ് - ഏലിയമ്മ ദമ്പതികളുടെ മകൾ **ലിസ്സികുമാരി**യെ 1979 ഏപ്രിൽ 29 -ാം തീയതി വിവാഹം ചെയ്തു. ലിസ്സികുമാരി നങ്ങ്യാർകുളങ്ങര B.B.H.S.-ൽ ഹൈസ്കൂൾ ടീച്ചറായിരുന്നു. ഈ സ്കൂളിലെ തന്നെ H.M. ആയിട്ട് പിന്നീട് ഉയർത്തപ്പെടുകയും 2010-ൽ ജോലിയിൽ നിന്നും വിരമിയ്ക്കുകയും ചെയ്തു. ഇവരുടെ വിവാഹശേഷം മാവേലിക്കരയിൽ

വീട് നിർമ്മിച്ച് സ്ഥിര താമസം (1986) തുടങ്ങി. ഇപ്പോൾ ഇരുവരും ഇടവക പ്രവർത്തന ങ്ങളിൽ മുഴുകി വിശ്രമ ജീവിതം നയിക്കുന്നു. എബ്രഹാം - ലിസ്സി ദമ്പതികൾക്ക് മൂന്നു മക്കൾ.



മൂത്തമകൻ **അലിൻ എബ്രഹാം** ഇലക്ട്രോണിക്സ് എഞ്ചിനീയറാണ്. ഇപ്പോൾ ബാംഗ്ലൂരിൽ ബെൻസ് മോട്ടോഴ്സിന്റെ R&D യിൽ ജോലി ചെയ്യുന്നു. അലിൻ വിവാഹം ചെയ്തിരിക്കുന്നത് സോഫ്റ്റ്വെയർ എഞ്ചിനീയർ ആയ **അഭിരാമി**യാണ്. ഇവരുടെ മകൾ **ദിയ അലിൻ** 4-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. ഇപ്പോൾ ഇവർ കുടുംബമായി ബാംഗ്ലൂരിൽ താമസ്സിക്കുന്നു.



രണ്ടാമത്തെ മകൾ **ആൽബി എബ്രഹാം** ഫുഡ് ടെക്നോളജി യിൽ M. Tech പാസ്സായശേഷം Govt. of India യുടെ Quality Council of India, Assistant Director ആയി ഡൽഹിയിൽ ജോലി ചെയ്യുന്നു. ഭർത്താവ് **സെബിൻ ജി. സാം,** ബാങ്ക് മാനേജർ ആയി തൃശൂരിൽ ജോലി ചെയ്യുന്നു. ഇവർക്കു ഒരു മകനും **(ആർസൻ)**, ഒരു മകളും **(എൽസ)**. ഇരുവരും സ്കൂൾ വിദ്യാർത്ഥികളാണ്.





മൂന്നാമത്തെ മകൾ **ആൽസി എബ്രഹാം** എഞ്ചിനീയറിംഗിൽ M-Tech ബിരുദം പൂർത്തിയാക്കി യശേഷം ഇപ്പോൾ ചെന്നൈ യിൽ ഭർത്താവിന്റെ ബിസിനസ്സ് പാർട്ണർ ആയി പ്രവർത്തിക്കു ന്നു. ഭർത്താവ് **ചാൾസ് ആന്റണി** ഇലക്ട്രോണിക്സ് എഞ്ചിനീയർ ആണ്. ഇപ്പോൾ ചെന്നൈയിൽ Ed-Tech സ്ഥാപനം നടത്തി വരുന്നു. ഇവർക്ക് ഒരു മകൻ (**നീൽ ചാൾസ്**) ഉണ്ട്. 2-ാം ക്ലാസ് വിദ്യാർത്ഥി.

## കെ.വി. അന്നമ്മ (ലീലാമ്മ)

ജനനം 1950 മെയ് 30-ാം തീയതി വടശ്ശേരിക്കരയിൽ. മാ മോദീസ പേര് അന്നമ്മ. പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും വടശ്ശേരിക്കരയിൽ പൂർത്തിയാക്കി. പ്രീഡിഗ്രി വിദ്യാഭ്യാസം റാന്നി സെന്റ്. തോമസ് കോളേജിൽ 1972-ൽ പൂർത്തി യാക്കി. അതിനുശേഷം ജർമ്മനിയിൽ പോയി. 1989-വരെ ജർമ്മനി യിൽ നഴ്സായി ജോലി ചെയ്തു.



പത്തനംതിട്ട പുത്തൻപീടികയിൽ കുമ്പഴേത്തു ഭവനത്തിൽ ജോർജ് - കുഞ്ഞമ്മ ദമ്പതികളുടെ മകനായ **എബ്രഹാം ജോർജിനെ (കുഞ്ഞവറാച്ചൻ)** 1977-ൽ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കൾ ഉണ്ട്. മൂത്ത മകൻ **ജൂബി എബ്രഹാം** 1980 ൽ ജനിച്ചു. എഞ്ചിനീയറിംഗ് പഠനത്തിനുശേഷം ബഹ്റിനിൽ ജോലി ചെയ്യുന്നു. ഭാര്യ **റോസ്മേരി** (**റൂബി**). ഇവർക്ക് രണ്ട് ആൺമക്കൾ (**ജറോം, ജ്യുവൽ**) ഉണ്ട്. വിദ്യാർത്ഥികളാണ് (ഫാമിലി ഫോട്ടോ p. 112).

ഇളയ മകൻ **ജെയിൻ എബ്രഹാം** 1985ൽ ജനിച്ചു. ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ്, ബാംഗ്ലൂരിൽ എഞ്ചിനീയറായി ജോലി ചെയ്യുന്നു. ഭാര്യ **ടിനു ജെയിൻ**. ഇവർക്ക് ഒരു മകൾ (**എമിലിയ**) ഉണ്ട്. ഇപ്പോൾ കുടുംബമായി ജെയിൻ ബാംഗ്ലൂരിൽ താമസ്സിക്കുന്നു.



2019 ഒക്ടോബർ 27-ാം തീയതി പത്തനംതിട്ട ഓമല്ലൂരിൽ വച്ച് ഉണ്ടായ ഒരു വാഹനാപകടത്തിൽ ഞങ്ങളുടെ പ്രിയപ്പെട്ട ലീലാമ്മാമ്മ മരണപ്പെട്ടു. ലീലാമ്മയുടെ ഭൗതികശരീരം പുത്തൻപീടിക മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

# കളിയന്താനത്ത് ഏലിയാമ്മ - കാലായിൽ മത്തായി സന്തതി പരമ്പര

കളിയന്താനത്ത് ഏലിയാമ്മ വെണ്ണിക്കുളം കാലായിൽ മത്തായിയെ വിവാഹം ചെയ്തു. ഇവർക്ക് ആറു മക്കൾ ഉണ്ടായി. നാലു പെൺമക്കളും, രണ്ട് ആൺമക്കളും.

## കെ.വി. മറിയാമ്മ (ലില്ലിക്കുട്ടി)

മൂത്തമകൾ ലില്ലിക്കുട്ടി വടശ്ശേരിക്കരയിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം വടശ്ശേരിക്കരയിലും, ഹൈസ്കൂൾ വിദ്യാഭ്യാസം തിരുവനന്തപുരത്തുമായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു



ശേഷം ടി.ടി.സി. പഠിച്ചു. സ്കൂൾ അധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. 1955-ൽ മാവേലിക്കര കല്ലുമല കാരമൂട്ടിൽ വീട്ടിൽ **ജി. ചാക്കോ**യെ വിവാഹം ചെയ്തു. ജി. ചാക്കോ മാർ ഈവാനിയോസ് തിരുമേനിയുടെ മാവിയുടെ ചെറുമകൻ ആണ്. തിരുമേനി തിരുവനന്തപുരത്തു 1948-ൽ മാർ ഈവാനിയോസ് കോളേജ് ആരംഭിച്ചപ്പോൾ ജി. ചാക്കോ അവിടെ നോൺ ടീച്ചിംഗ് സ്റ്റാഫ് ആയി ജോലിയിൽ പ്രവേശിച്ചു. ലില്ലിക്കുട്ടി - ചാക്കോ ദമ്പതികൾക്ക് ആറു മക്കൾ പിറന്നു. രണ്ട് പെൺമക്കളും നാല് ആൺമക്കളും.

മൂത്ത മകൾ **ലിസ്സമ്മ ചാക്കോ** ഹൈസ്കൂൾ അദ്ധ്യാപിക യായി ഖത്തറിൽ എം.ഇ.എസ്. സ്കൂളിൽ 30 വർഷത്തോളം സേവ നം ചെയ്തു. ഭർത്താവ് **ജോയിക്കുട്ടി** ആനമുടിയത്ത് (കൈപ്പട്ടൂർ) ഖത്തറിൽ തന്നെ ഒരു കമ്പനിയിൽ ഉദ്യോഗസ്ഥനായിരുന്നു. ഇവർ ക്ക് മൂന്നു മക്കൾ - രണ്ടു പെൺമക്കളും (**ജിൻസി, ജിൻഷാ**) ഒരു മകനും (**ജിബിൻ**). ഇപ്പോൾ എല്ലാവരും ജോലിസംബന്ധമായി ഖത്തറിൽ താമസിക്കുന്നു.



രണ്ടാമത്തെ മകൾ **വത്സാ ചാക്കോ** മിലിട്ടറിയിൽ നഴ്സാ യി ജോലി ചെയ്തതിനുശേഷം ഖത്തർ ഹമദ് ഹോസ്പിറ്റലിൽ നഴ്സായി സേവനം ചെ യ്തു. പിന്നീട് ഖത്തറി ൽ തന്നെ വിവിധ സ്കൂ ളുകളിൽ നഴ്സിംഗ് ഹെഡാ യി ജോലി ചെ യ്തു. പന്തളം ഉളനാട് **ബാബു**വിനെ വിവാഹം ചെയ്തു. ഇവരുടെ ഏക മകൻ (**ആദിത്യ ജയിംസ്**) ഇപ്പോൾ ഖത്തർ എയർവെയിസിൽ പൈലറ്റായി ജോലി ചെയ്യുന്നു.





മൂന്നാമത്തെയാൾ **മോഹൻ ചാക്കോ** അഡ്വക്കേറ്റായി തിരുവനന്തപുരത്തു പ്രാക്ടീസ് ചെയ്യുന്നു. ഭാര്യ **റെജി സി.കെ.** തിരുവനന്തപുരം കോടതിയിൽ അഡ്വക്കേറ്റാണ്. ഇവർക്കു രണ്ട് ആൺമക്കൾ ഉണ്ട്. മൂത്ത മകൻ **അരുൺ** ന്യൂസിലന്റിൽ ജോലി ചെയ്യുന്നു. ഭാര്യ **ഡിയാൻഡ്ര** ന്യൂസിലന്റിൽ വിദ്യാർത്ഥിനിയാണ്. രണ്ടാമത്തെ മകൻ **കിരൺ** ബാംഗ്ലൂരിൽ സീനിയർ സോഫ്റ്റ്‌വെയർ എഞ്ചിനീയറായി ജോലി ചെയ്യുന്നു.


ലില്ലിക്കുട്ടി - ചാക്കോ ദമ്പതികളുടെ മക്കളിൽ നാലാമത്തെയാൾ **ജോസ് ചാക്കോ** ചാർട്ടേഡ് അക്കൗണ്ടന്റ് ആണ്. ഇപ്പോൾ ഒമാനിൽ ജോലി ചെയ്യുന്നു. ഭാര്യ **ഡീന** വീട്ടമ്മയാണ്. ഇവർക്കു രണ്ടു മക്കൾ. മകൻ **റാണാ ജോസ്** സിംഗപ്പൂരിൽ സൈബർ സോഫ്റ്റ്‌വെയർ എഞ്ചിനീയർ ആണ്. മകൾ **റിയ ജോസ്** കൊട്ടിയം ഹോളിക്രോസ് ഹോസ്പിറ്റലിൽ ഡോക്ടറാണ്.





അഞ്ചാമത്തെയാൾ **സന്തോഷ് ചാക്കോ** ഖത്തറിൽ ഒരു കമ്പനിയുടെ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്. ഭാര്യ **അശ്വതി** ഖത്തറിൽ തന്നെ ഹൈസ്കൂൾ അദ്ധ്യാപികയാണ്. ഇവർക്ക് രണ്ട് മക്കൾ. മകൾ **ഐശ്വര്യ,** യു.കെ. യിൽ എയർലൈൻസിൽ ജോലി ചെയ്യുന്നു. മകൻ **അഭിഷേക്** എഞ്ചിനീയറിംഗ് വിദ്യാർത്ഥി ആണ്.

ആറാമത്തെയാൾ **ബോബി ചാക്കോ** ഫോട്ടോഗ്രാഫിയിൽ നൈപുണ്യം നേടിയിട്ട് Action Photos എന്ന സ്റ്റുഡിയോ നടത്തി വന്നു. ഭാര്യ **റോസി** വീട്ടമ്മയാണ്. രണ്ടു മക്കൾ. മകൻ **സച്ചിൻ ബോബി** ഫോട്ടോഗ്രാഫർ ആണ്. മകൾ **ശില്പ ബോബി** മാതൃ ഭൂമിയിൽ CSR കോഡിനേറ്റർ ആയി ജോലി ചെയ്യുന്നു.



ജി. ചാക്കോ 1989 ജൂൺ 10-ാം തീയതിയും ലില്ലിക്കുട്ടി 2009 ഏപ്രിൽ 15-ാം തീയതിയും മരണപ്പെട്ടു. ഇരുവരും നാലാഞ്ചിറ സെന്റ് തോമസ് ദേവാലയ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## കെ.വി. ഗീവർഗ്ഗീസ് (ജോയിക്കുട്ടി)

ഏലിയാമ്മ - മത്തായി ദമ്പതികളുടെ മകൻ **ജോയിക്കുട്ടി** വടശ്ശേരിക്കരയിൽ ജനിച്ചു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മാമോദീസ നല്കി. സ്കൂൾ വിദ്യാഭ്യാസം വടശ്ശേരിക്കരയിൽ ആയിരുന്നു. പത്താം ക്ലാസ്സ് പാസ്സായതിനുശേഷം പിതൃസഹോദരൻ മുംബൈയിലേക്കു കൊണ്ടു പോയി. അവിടെ ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ഗൾഫ് നാടുകളിൽ അനേക വർഷം ജോലി ചെയ്തു. ജോയിക്കുട്ടി വിവാഹം ചെയ്തത് റെയിൽവേ ഉദ്യോഗസ്ഥയായ **അമ്മിണി**യെയാണ്. ഇവർക്കു രണ്ടു പെൺമക്കൾ മൂത്തമകൾ **ജനറ്റ് (ജനി)** ജോലിസംബന്ധമായി അമേരിക്കയിൽ പോവുകയും ഭർത്താവ് **വർഗ്ഗീസു**മൊത്ത് കുടുംബമായി അവിടെ താമസ്സിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ മകൾ **അനറ്റ് (മിനി)** ബാംഗ്ലൂരിൽ ബിസിനസ്സ് നടത്തുന്നു. ഇപ്പോൾ ഭർത്താവ് **സ്നോയി**യുമൊത്ത് എറണാകുളത്തു താമസ്സിക്കുന്നു.



2025 സെപ്തംബർ 11-ാം തീയതി ജോയിക്കുട്ടി നിര്യാതനായി. എറണാകുളം, കാക്കനാട് സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. അമ്മിണി ഇളയമകൾ മിനിയുമൊത്ത് എറണാകുളത്തു താമസിക്കുന്നു.

## കെ.എം. അന്നമ്മ (കുഞ്ഞുമോൾ)

ഏലിയാമ്മ-മത്തായി ദമ്പതികളുടെ മൂന്നാമത്തെയാളായി **കുഞ്ഞുമോൾ** വടശ്ശേരിക്കരയിൽ ജനിച്ചു. വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മാമോദീസ സ്വീകരിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മുംബൈയിൽ ടെലിഫോൺസിൽ ജോലിയിൽ പ്രവേശിച്ചു. ഭർത്താവ് **ഡാനിയേൽ** മുംബൈയിലെ ഒരു കമ്പനിയിൽ ഉദ്യോഗസ്ഥനായിരുന്നു. ഇവർക്ക് രണ്ടു പെൺമക്കൾ. മൂത്ത മകൾ **ആനി (ഡെന)** അമേരിക്കയിൽ ഭർത്താവ് **രാഹുലു**മൊത്ത് കുടുംബമായി താമസ്സിക്കുന്നു. രണ്ടാമത്തെ മകൾ **എലിസബത്ത് (ഡയാന)** നേഴ്സിംഗിൽ Ph.D. കരസ്ഥമാക്കുകയും പ്രശസ്തമായ ഒരു കോർപ്പറേറ്റ് സ്ഥാപനത്തിൽ ജോലി നോക്കുകയും ചെയ്യുന്നു. ഭർത്താവ് **ഡേവിഡു**മൊത്ത് കുടുംബമായി മുംബൈയിലാണ് താമസം. കുഞ്ഞുമോൾ-ഡാനിയേൽ മകൾ ഡയാനയോടൊപ്പം മുംബൈയിൽ താമസ്സിക്കുന്നു.





## കെ.എം. സിസ്സിലി

ഏലിയാമ്മ - മത്തായി ദമ്പതികളുടെ നാലാമത്തെയാൾ **സിസ്സിലി** വടശ്ശേരിക്കരയിൽ ജനിച്ചു. മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മാമോദീസ. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ജ്യേഷ്ഠൻ മുംബൈയിലേക്കു കൊണ്ടു പോയി. അവിടെ ഒരു കമ്പനിയിൽ ജോലിയിൽ പ്രവേ

ശിച്ചു. **തോമസ്** ആണ് ഭർത്താവ്. ഇവർക്കു രണ്ട് മക്കൾ. മൂത്തമകൻ **സാം** ഐ.ടി. ഫീൽഡിൽ ജോലി ചെയ്യുന്നു. ഭാര്യ **നാൻസി**. ഇവർക്ക് ഒരു മകളുണ്ട്. മകൾ **ഷാരോൺ** കാത്തേ പസഫിക് എയർലൈൻസിൽ ജോലി ചെയ്യുന്നു. ഭർത്താവ് **ടെറി**. ഇവർക്ക് രണ്ട് പെൺമക്കളുണ്ട്. ഇവരെല്ലാവരും കുടുംബമായി മുംബൈയിൽ താമസിക്കുന്നു.

## കെ.എം. ശോശാമ്മ (മോളിക്കുട്ടി)

അഞ്ചാമത്തെയാൾ **മോളിക്കുട്ടി** വടശ്ശേരിക്കരയിൽ ജനിച്ചു. മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മാമോദീസ. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മുംബൈയിൽ ജ്യേഷ്ഠ സഹോദരൻ



കൊണ്ടുപോയി. അവിടെ ജോലി കരസ്ഥമാക്കി. **അബ്രഹാം (ബേബിക്കുട്ടി)**യെ വിവാഹം ചെയ്തു. ഇവർക്കു മൂന്നു മക്കൾ. രണ്ടു പെൺമക്കൾ - **ബിജി, ബിനി.** ഒരു മകൻ - **ബിറ്റു**. എല്ലാവരും വിവാഹിതരാണ്. മോളിക്കുട്ടി - ബേബിക്കുട്ടി ദമ്പതികൾ അവരുടെ ജോലിയിൽ നിന്നും വിരമിച്ചതിനുശേഷം സ്വദേശമായ കറ്റാനത്തേക്ക് തിരികെ വന്ന് സ്ഥിരതാമസ്സമായി. ബിജിയുടെ ഭർത്താവ് **ജിജി.** ഇവർക്ക് ഒരു മകൻ. ബിനിയുടെ ഭർത്താവ് **സിനോജ്**. ഇവർക്ക് ഒരു മകൾ. ബിറ്റുവിന്റെ ഭാര്യ **റിങ്കി**. ഇവർക്ക് ഒരു മകനും ഒരു മകളും.

# കെ.എം. ചെറിയാൻ (ജയിംസ്കുട്ടി)

ഏലിയാമ്മ-മത്തായി ദമ്പതികൾക്ക് ആറാമനായി മകൻ **ജയിംസ്കുട്ടി** എന്ന് വിളിപ്പേരുള്ള **കെ.എം. ചെറിയാൻ** വടശ്ശേരിക്കര ജനിച്ചു. മാമോദീസ വടശ്ശേരിക്കര മലങ്കര കത്തോലിക്കാ ദേവാലയത്തിൽ. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ജ്യേഷ്ഠൻ മുംബൈയിൽ കൊണ്ടുപോയി. റെയിൽവേയിൽ ജോലി കരസ്ഥമാക്കി. 1989-ൽ വടശ്ശേരിക്കര പഴയിടത്തുവീട്ടിൽ തോമസ്സ് - ഏലിയാമ്മ ദമ്പതികളുടെ മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കൾ. മകൻ **ജോ** മുംബൈയിൽ ഒരു കമ്പനിയിൽ HR മാനേജർ ആയി ജോലി ചെയ്യുന്നു. ജോയുടെ ഭാര്യ **ഷൈനി** (HSBC ബാങ്ക് ഉദ്യോഗസ്ഥ). ഇവർക്ക് ഒരു മകനും ഒരു മകളും. മകൾ **ജോണീറ്റ** ചെന്നൈയിൽ, ഭർത്താവ് **എബ്രഹാം മാത്യു (സുനിൽ)** അഡ്വക്കേറ്റ് ആണ്. ഇവർക്ക് ഒരു മകൾ.



ജയിംസ്കുട്ടി മുംബൈയിൽ (താന) മലങ്കര കത്തോലിക്കാ കൂട്ടായ്മ കെട്ടിപ്പടുക്കാൻ ആരംഭകാലം മുതൽ പ്രവർത്തിച്ചു. താനയിലെ മലങ്കര സെന്റ് തോമസ് കത്തോലിക്കാ ദേവാലയ നിർമ്മാണത്തിൽ (1999) നേതൃത്വപരമായ പങ്ക് വഹിച്ചു. അവിടെ കൂടുതൽ ഇടവകാംഗങ്ങളെ ചേർക്കുന്നതിലും ഭക്തസംഘടനകൾ തുടങ്ങുന്നതിലും മറ്റും സ്തുത്യർഹമായ സേവനം ചെയ്തു. ഭാര്യ അന്നക്കുട്ടിയുമൊത്ത് ഇപ്പോൾ മുംബൈയിൽ താമസിക്കുന്നു.

# കളിയന്താനത്ത് കോരള തോമസ് - ത്രേസ്യാമ്മ (മാമിക്കുട്ടി) സന്തതി പരമ്പര

ടോം എന്ന് വിളിപ്പേരുള്ള കോരള തോമസ്-മാമിക്കുട്ടി ദമ്പതികൾക്ക് നാലു മക്കൾ : **മേരിക്കുട്ടി, ത്രേസ്യാമ്മ, തങ്കച്ചൻ, അന്നമ്മ**

## മേരിക്കുട്ടി

1949 ഒക്ടോബർ 12-ാം തീയതി തിരുവനന്തപുരം നാലാഞ്ചിറയിൽ ജനനം. നാലാഞ്ചിറ സെന്റ് തോമസ് ആശ്രമ ദേവാലയത്തിൽ മാമോദീസ. സ്കൂൾ വിദ്യാഭ്യാസം നാലാഞ്ചിറ സെന്റ് ഗൊരേറ്റിസിൽ ആയിരുന്നു. പന്തളം കുടശ്ശനാട് കുറ്റിമേലേതിൽ **സാമുവേലി**നെ 1967 മെയ് 25നു വിവാഹം ചെയ്തു. കർമ്മനിരതനും കഠിനാധ്വാനിയുമായ സാമുവേൽ മാർ ഈവാനിയോസ് കോളേജ് കാന്റീൻ അനേക വർഷം നടത്തി. നാലാഞ്ചിറയിൽ വീട് നിർമ്മിച്ച് സ്ഥിരതാമസ്സമാക്കി. ഇവർക്ക് മൂന്ന് ആൺമക്കൾ. മൂത്ത മകൻ **ബിജു കെ. സാമുവൽ**, ഇപ്പോൾ കുവൈറ്റിൽ ജോലി



ചെയ്യുന്നു. ഭാര്യ **സൂസൻ** കുവൈറ്റിൽ നഴ്സാണ്. ഇവർക്ക് രണ്ട് മക്കൾ ഉണ്ട്. **അശ്വിൻ ബിജു** എഞ്ചിനീയർ ആണ്. **ആൽവീന (മാളു)** ഓസ്ട്രേലിയയിൽ സൈക്കോളജി മാസ്റ്റർ ഡിഗ്രിക്ക് പഠിക്കുന്നു. രണ്ടാമത്തെ മകൻ **ബിനു കെ. സാമുവൽ** ബി.കോം പഠനത്തിനു ശേഷം അമേരിക്കയിൽ പോയി ജോലി കരസ്ഥമാക്കി. ഇപ്പോൾ, അമേരിക്കയിലെ ഫ്ളോറിഡയിൽ സ്ഥിരതാമസമാണ്. ഭാര്യ **ജിൻസി** അമേരിക്കയിൽ നഴ്സായി ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മകൻ ഉണ്ട്. **ജോതം ബിനു**. ഡിഗ്രി പഠനത്തിനു ശേഷം അമേരിക്കയിൽ ജോലി ചെയ്യുന്നു. മൂന്നാമത്തെ മകൻ **ബൈജു കെ. സാമുവൽ** സ്വന്തമായി ബിസിനസ്സ് നടത്തുന്നു. ഭാര്യ **റീന** ഹയർ സെക്കന്ററി സ്കൂൾ അധ്യാപികയാണ്. ഇവർ കുടുംബമായി നാലാഞ്ചിറയിൽ താമസിക്കുന്നു. ഇവർക്ക് രണ്ടു മക്കൾ - മകൻ **ആരോൺ ബൈജു സാമുവൽ** TCS ൽ എഞ്ചിനീയറാണ്; മകൾ **ലെയ ബൈജു (മിന്നു)** എഞ്ചിനീയറിംഗ് വിദ്യാർഥിനിയും.

2018 ഡിസംബർ 30-ാം തീയതി സാമുവൽ കുറ്റിമേലേതിൽ നിര്യാതനായി. നാലാഞ്ചിറ സെന്റ് തോമസ് ദേവാലയ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## ത്രേസ്യാമ്മ

1951 ജൂലൈ 8-ാം തീയതി ജനനം. നാലാഞ്ചിറ സെന്റ് തോമസ് ആശ്രമ ദേവാലയത്തിൽ മാമോദീസ. സ്കൂൾ വിദ്യാഭ്യാസം നാലാഞ്ചിറ സെന്റ് ഗോരേറ്റിസ്സിൽ. അതിനുശേഷം നഴ്സിംഗ് പഠിച്ച് മിലിട്ടറി സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. അവിടെ നിന്ന് വിരമിച്ച ശേഷം സൗദി അറേബ്യയിൽ നഴ്സായി പ്രവർത്തിച്ചു. 1977 ജനു. 30ന് പന്തളം പഴയ കാവിൽ **പി.വി. തോമസ്സിനെ (തങ്കച്ചൻ)** വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. മകൻ **ജോർജ്ജ് തോമസ് (ജിനു)** ബിസിനസ്സ് ചെയ്യുന്നു. ഭാര്യ **എലിസബത്ത് (സെലിൻ)** സ്കൂൾ അധ്യാപികയാണ്. ഇവർക്ക് ഒരു മകളും ഒരു മകനും ഉണ്ട്. ഇവർ നാലാഞ്ചിറയിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. ത്രേസ്യാമ്മയുടെ മകൾ **ജൂലി തോമസ്സ്** ഡൽഹി എയർപോർട്ടിൽ എഞ്ചിനീയർ ആയി ജോലി നോക്കുന്നു.

ഭർത്താവ് **സന്ദീപ്**. ഇവർക്ക് മൂന്നു പെൺമക്കൾ. ഇവർ ഇപ്പോൾ ഡൽഹിയിൽ താമസിക്കുന്നു.



## തോമസ്സ്. ടി (തങ്കച്ചൻ)

പാപ്പച്ചൻ - മാമിക്കുട്ടി ദമ്പതികളുടെ ഏക മകൻ **തങ്കച്ചൻ** എന്ന് വിളിപ്പേരുള്ള **ടി. തോമസ്** 1955 ഏപ്രിൽ 28-ാം തീയതി നാലാഞ്ചിറയിൽ ജനിച്ചു. നാലാഞ്ചിറ സെന്റ് തോമസ് ആശ്രമ ദേവാലയത്തിൽ മാമോദീസ. പ്രാഥമിക വിദ്യാഭ്യാസം നാലാഞ്ചിറ സെന്റ് ഗൊരേറ്റി സ്കൂളിൽ, ഹൈസ്കൂൾ വിദ്യാഭ്യാസം സെന്റ് ജോൺസ് മോഡൽ ഹൈസ്കൂൾ, നാലാഞ്ചിറ. തുടർന്ന് പ്രീഡിഗ്രി, ഡിഗ്രി പഠനം മാർ ഈവാനിയോസ് കോളേജിൽ നടന്നു. ഡിഗ്രി യ്ക്കു ശേഷം മാർ ഈവാനിയോസ് കോളേജിൽ ഓഫീസ് ക്ലർക്കാ യി മൂന്ന് വർഷം (1977-80) സേവനം ചെയ്തു. അതിനു ശേഷം യൂക്കോ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. 35 വർഷത്തെ (1980-2015) സേവനത്തിനുശേഷം ബാങ്ക് മാനേജർ പദവിയിൽ ഇരുന്നു കൊണ്ട് 2015-ൽ വിരമിച്ചു. 1983 മെയ് 15-ാം തീയതി വിവാഹിതനാ യി. ഭാര്യ ഹരിപ്പാട് നെൽപ്പുരയിൽ ഇട്ടിമത്തായി - അച്ചാമ്മ ദമ്പതി കളുടെ മകൾ **റേയ്ച്ചൽ മത്തായി (ബേബിക്കുട്ടി)**. റേയ്ച്ചൽ

മത്തായി AGs ഓഫീസിലെ ഉദ്യോഗസ്ഥയായിരുന്നു. 37 വർഷത്തെ സേവനത്തിനുശേഷം സീനിയർ അക്കൗണ്ട്സ് ഓഫീസർ ആയി വിരമിച്ചു. ഇവർക്ക് മൂന്ന് പെൺമക്കൾ. മൂത്തമകൾ **നിഷ തോമസ്** (എഞ്ചിനീയർ), ഭർത്താവ് **അരുൺ കുര്യൻ** (എഞ്ചിനീയർ, ടെക്നോ പാർക്ക്, തിരുവനന്തപുരം). ഇവർക്ക് മൂന്ന് ആൺമക്കളും ഒരു മകളു മുണ്ട്. ഇപ്പോൾ തിരുവനന്തപുരത്ത് വട്ടപ്പാറയ്ക്ക് സമീപം കുറ്റിയാനി യിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. രണ്ടാമത്തെ മകൾ **ആഷാ തോമസ്** (എഞ്ചിനീയർ), ഭർത്താവ് **അനീഷ് വർഗ്ഗീസ്** (എഞ്ചിനീ യർ, E.Y.) ഇവർക്ക് മൂന്ന് പെൺമക്കൾ. ഇപ്പോൾ തിരുവനന്തപു രം വട്ടപ്പാറയിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. മൂന്നാമത്തെ മകൾ **ഡോ. നിമിഷ തോമസ്**, ഇപ്പോൾ യു.കെ.യിൽ പൾമോളജിസ്റ്റായി ജോലി ചെയ്യുന്നു. ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേ ജിൽ നിന്ന് എം.ബി.ബി.എസ്സ്. പഠനം പൂർത്തിയാക്കി, യു.കെ.യിൽ റെസ്പറേറ്ററി മെഡിസിനിൽ എം.ഡി. ബിരുദം കരസ്ഥമാക്കി.



റേയ്ച്ചൽ മത്തായി 2025 ആഗസ്റ്റ് 15-ാം തീയതി ആകസ്മികമായി ഇഹലോകവാസം വെടിഞ്ഞു. നാലാഞ്ചിറ സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## അന്നമ്മ

1957 മെയ് 7-ാം തീയതി നാലാഞ്ചിറയിൽ ജനനം. നാലാഞ്ചിറ സെന്റ് തോമസ് ആശ്രമ ദേവാലയത്തിൽ വച്ച് മാമോദീസ. സ്കൂൾ വിദ്യാഭ്യാസം നാലാഞ്ചിറ സെന്റ് ഗോരോറ്റിസ്സിലും പ്രീഡിഗ്രി വിദ്യാഭ്യാസം മാർ ഈവാനിനോസ് കോളേജിലും ആയിരുന്നു. അതിനുശേഷം നഴ്സിംഗ് പഠനം പൂർത്തിയാക്കി മിലിട്ടറി സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. മിലിട്ടറിയിൽ നിന്ന് വിരമിച്ച ശേഷം സൗദി അറേബ്യ, അബുദാബി എന്നീ സ്ഥലങ്ങളിൽ നഴ്സായി സേവനം ചെയ്തു. 1982 ഏപ്രിൽ 29-ാം തീയതി വിതുര തങ്ങളത്തിൽ **നൈനാൻ നൈനാനെ (ബാബു)** വിവാഹം ചെയ്തു. ഇവർ രണ്ടു പേരും അബുദാബിയിൽ ദീർഘകാലം ജോലി ചെയ്ത



തിനുശേഷം നാലാഞ്ചിറയിൽ സ്ഥിര താമസമാക്കി. ഇവർക്ക് നാല് മക്കൾ ഉണ്ട്. മൂത്ത മകൻ **റോബിൻ ടി. നൈനാൻ** (എഞ്ചിനീയർ) ഖത്തറിൽ ഐ.ടി. കമ്പനിയിൽ ജോലി ചെയ്യുന്നു. ഭാര്യ **ഹിമ** നഴ്സായി ഖത്തറിൽ ആണ്. ഇവർക്ക് രണ്ട് ആൺമക്കൾ ഉണ്ട്. രണ്ടാമത്തെ മകൻ **ഡോ. റോജ് ടി. നൈനാൻ** നേവൽ ഹോസ്പിറ്റൽ, വിശാഖപട്ടണത്തിൽ ജോലി ചെയ്യുന്നു. ഭാര്യ **ഡോ. നിവേദിത**, ഇതേ ഹോസ്പിറ്റലിൽ സേവനം ചെയ്യുന്നു. ഇവർക്ക് രണ്ട് ആൺമക്കൾ ഉണ്ട്. മൂന്നാമത്തേയും നാലാമത്തെയും മക്കൾ

ഇരട്ട സഹോദരിമാരായ **റീമയും, രേഷ്മ**യും ആണ്. റീമ എഞ്ചിനീയറായി തിരുവനന്തപുരം ടെക്നോപാർക്കിൽ ജോലി ചെയ്യുന്നു. ഭർത്താവ് **ജിജോ ആന്റണി** ടെക്നോപാർക്കിൽ എഞ്ചിനീയർ ആണ്. ഇവർക്ക് ഒരു പെൺകുഞ്ഞ് ഉണ്ട്. ഇപ്പോൾ തിരുവനന്തപുരത്ത് സ്ഥിരതാമസം ആക്കിയിരിക്കുന്നു. രേഷ്മ എഞ്ചിനീയറായി അമേരിക്കൻ ഐക്യനാടുകളിൽ ജോലി ചെയ്യുന്നു. ഭർത്താവ് **ജെറി വർഗ്ഗീസ്** അമേരിക്കയിൽ എഞ്ചിനീയറാണ്. ഇവർക്ക് ഒരു ആൺ കുഞ്ഞ് ഉണ്ട്.

2025 ജൂലൈ 4-ാം തീയതി തങ്ങളത്തിൽ നൈനാൻ നൈനാൻ (ബാബു) ആകസ്മികമായി നിത്യതയിലേക്ക് യാത്രയായി. നാലാഞ്ചിറ സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

# പ്രാർത്ഥനയിൽ ഓർമ്മിക്കാൻ



**02.06.1996 11.02.1991**



**17.02.2002 06.01.2002**



**06.01.1986 07.11.2016**



**26.07.2014 18.03.2022**



**10.06.1989 15.04.2009**



**15.02.2003**



30.12.2018



27.10.2019



20.08.2020



06.05.2021




04.04.2025



04.07.2025




15.08.2025



11.09.2025

# ദുഃഖാർത്തരായ കുടുംബാംഗങ്ങൾ







# കുടുംബത്തിലെ ബന്ധു വൈദികർ



റവ. ഡോ. തോമസ്സ് പാറയ്ക്കൽ




റവ. ഫാ. വർഗീസ് ചാമയ്ക്കാലായിൽ (Jr.)



റവ. ഫാ. വർഗീസ് ചാമയ്ക്കാലായിൽ (Sr.)



റവ. ഡോ. സിറിൾ ആനന്ദ് OIC



വന്ദ്യ. മാത്യൂസ് റമ്പാൻ ചാമയ്ക്കാലായിൽ
(1945-2015)



റവ. ഫാ. എബ്രഹാം കളക്കുടിയിൽ
(1928-2012)

## അനുബന്ധം 1


### കത്തോലിക്കാ സഭയുടെ അടിസ്ഥാന വിശ്വാസ സത്യങ്ങൾ (Core Beliefs of the Catholic Church)

- പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേക ദൈവ വിശ്വാസം.
  We believe in One God and in three persons (Trinity). Father (Creator), Son (Jesus Christ, Redeemer), Holy Sprit (Sanctifier).
- പിതാവിനാൽ അയയ്ക്കപ്പെട്ട പുത്രൻ (Jesus Christ), കന്യക മറിയത്തിൽ നിന്നും ജനിച്ച്, ഈ ലോകത്തിൽ രക്ഷാകരദൗത്യം പൂർത്തിയാക്കി. ക്രൂശിക്കപ്പെട്ട്, മരിച്ച്, ഉയർക്കപ്പെട്ട്, സ്വർഗ്ഗത്തിലേക്ക് കരേറി.
  Jesus, being God incarnate, born of the Virgin Mary, lived for the Salvation of mankind, crucified, died, Resurrected and Ascended into Heaven.
- വിശ്വാസത്തിന്റെ അടിസ്ഥാനവും ഉറവിടവും ദൈവവചനമാണ് (The word of God). ദൈവവചനം വിശുദ്ധ പാരമ്പര്യത്തിലൂടെയും (Sacred Tradition), വിശുദ്ധ ലിഖിതത്തിലൂടെയും (Sacred Scripture - Bible) നമുക്ക് നല്കപ്പെട്ടിരിക്കുന്നു.
  The source of faith is the word of God. We obtained the word of God through the sacred Tradition and Scriptures (The Holy Bible).
- അപ്പസ്തോലിക സംഘത്തിന്റെ തലവനായ വിശുദ്ധ പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ റോമിലെ മാർപാപ്പയാണ് സഭയുടെ ദൃശ്യ തലവൻ.
  Recognizing the Pope as the Head of the Catholic Church, who is the descender of St. Peter the first Apostle and Head of the Church.
- യേശു മിശിഹായുടെ രക്ഷാകര രഹസ്യങ്ങൾ സഭയിലെ കൂദാശകളിലൂടെ ഇന്ന് നിറവേറ്റപ്പെടുന്നു.
  The Seven Sacraments are believed as Jesus Christ's Secrets of Salvation rendered through the Church today.

## അനുബന്ധം 2

# Pope Leo XIV

## ലെയൊ പതിനാലാമൻ മാർപാപ്പ



ആഗോള കത്തോലിക്ക സഭയുടെ തലവനായി 2025, മെയ് 8-ാം തീയതി ലെയൊ പതിനാലാമൻ മാർപാപ്പ തെരഞ്ഞെടുക്കപ്പെട്ടു. വി. പത്രോസിന്റെ പിൻഗാമിയായ 267-ാമത്തെ മാർപാപ്പയാണ് ലെയൊ പതിനാലാമൻ. റോബർട്ട് ഫ്രാൻസിസ് പ്രവോസ്റ്റ്

എന്ന നാമധാരിയായ ലെയൊ പതിനാലാമൻ മാർപാപ്പ അമേരിക്കൻ ഐക്യനാടുകളിലെ ഷിക്കാഗോയിൽ 1955 സെപ്തംബർ 14-ാം തീയതി ജനിച്ചു. ഒരു സന്യാസ വൈദികനായി (Order of St. Augustine) 1982-ൽ വൈദീക പട്ടം സ്വീകരിച്ചു. ഒരു മിഷനറി ആയി അദ്ദേഹം ലാറ്റിൻ അമേരിക്കയിലെ പെറുവിൽ 1980 – 90 കാലഘട്ടങ്ങളിൽ സേവനം ചെയ്തു. പിന്നീട് അദ്ദേഹം പെറുവിലെ ഷിക്ലായോ രൂപതയുടെ ബിഷപ്പായി അവരോധിക്കപ്പെട്ടു (2015-2023). 2023 സെപ്തംബർ 30-ന് ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ സഭയുടെ രാജകുമാരനായ കാർഡിനൻ പദവിയിലേക്കു ഉയർത്തി. തുടർന്ന് 2025-ൽ ഫ്രാൻസിസ് മാർപാപ്പയുടെ കാലശേഷം മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു. അമേരിക്കൻ ഐക്യനാടുകളിൽ നിന്നുള്ള ആദ്യത്ത പോപ്പാണ് ലെയൊ പതിനാലാമൻ മാർപാപ്പ.

ലാറ്റിൻ അമേരിക്കയിലെ പാവപ്പെട്ടവരുടെ ഇടയിൽ ഒരു മിഷനറി ആയി പ്രവർത്തിച്ച ലെയൊ പതിനാലാമൻ മാർപാപ്പ സഭയുടെ ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ മനസ്സിലാക്കി അതിൽ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യാവകാശങ്ങളെപ്പറ്റി, കാലാവസ്ഥ വ്യതിയാനങ്ങൾ, ആഗോളതലത്തിൽ നടന്നുകൊണ്ടിരിക്കുന്ന കുടിയേറ്റങ്ങൾ എന്നീ പ്രശ്നങ്ങളിൽ സഭാതലത്തിൽ വ്യക്തമായ കാഴ്ചപ്പാടുകൾ ഉള്ള വ്യക്തിത്തമാണ് ലെയൊ പതിനാലാമൻ മാർപാപ്പ. അദ്ദേഹത്തിന്റെ വാക്കുകളെ ലോകം സശ്രദ്ധം ശ്രവിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഒന്നിലധികം ഭാര്യമാരോ, ഭർത്താക്കന്മാരോ (Polygamy / Polyandry) ഉണ്ടായിരിക്കുക, ഒരേ സമയം ഉഭയസമ്മതപ്രകാരം അനേകം വ്യക്തികളുമായി സ്നേഹത്തിലും ലൈംഗിക ബന്ധത്തിലും (Polyamory) ആയിരിക്കുക എന്നീ ആധുനിക ലോകത്തെ പ്രവണതകളെ അദ്ദേഹം ശക്തമായി അപലപിക്കുന്നു. ഏകപതിത്വത്തെ (Monogamy) അടിസ്ഥാനപ്രമാണമായി അംഗീകരിച്ചുകൊണ്ട്, വിവാഹം ഒരു പുരുഷന്റെയും സ്ത്രീയുടെയും ജീവിതാന്ത്യം വരെയുള്ള ദൈവീക ഉടമ്പടിയായി ലെയോ പതിനാലാമൻ പാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

# അനുബന്ധം 3

## ഏഴു കൂദാശകൾ
## The Seven Sacraments

അദൃശ്യമായദൈവീക വരപ്രസാദം ലഭ്യമാകുന്ന ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ.

ക്രിസ്തീയ ജീവിതത്തിലെ പ്രധാന സംഭവങ്ങളിലൂടെ കടന്നു പോകുന്നതാണ് ഈ കൂദാശകൾ. ഈ ലോകജീവിതത്തെയും ആത്മീയ ജീവിതത്തെയും ബന്ധിപ്പിച്ചു നിർത്തുന്ന കണ്ണികളാണ് കൂദാശകൾ. യേശുക്രിസ്തുവിൽ നിന്ന് അപ്പോസ്തോലന്മാരാൽ കൈമാറ്റപ്പെട്ടവയാണ് കൂദാശകൾ എന്നു സഭാമക്കൾ വിശ്വസിക്കുന്നു.

| | കൂദാശ | ലഭ്യമാകുന്ന വരപ്രസാദം | ബൈബിൾ ഭാഗം |
|---|---|---|---|
| 1. | മാമോദീസ | ജന്മപാപം നീക്കുന്നു | മത്ത. 28:19-20, മർക്കോ. 16:16, റോമ 6:3-4, അപ്പ.പ്ര. 2:38, 8:38, 9:18 |
| 2. | സ്ഥൈര്യലേപനം | ആത്മാവിനെ പ്രാപിക്കുന്നു | ലൂക്ക 24:49, അപ്പ. പ്ര. 2: 17-18 |
| 3. | വി. കുർബാന | കർത്താവിനെ സ്വീകരിക്കുന്നു | മത്താ. 26:26-28, മർക്കോ 14:22-24, ലൂക്കാ22:17-20, 1 കോറി 11:23-26. |

| | | | |
|---|---|---|---|
| 4. | കുമ്പസാരം | കർമ്മപാപം മോചിക്കുന്നു. | മത്താ.16:19, 18:18, യോഹ. 20:21-23 |
| 5. | രോഗീലേപനം | ആത്മാവിനേയും, ശരീരത്തേയും സൗഖ്യമാക്കുന്നു. | യാക്കോ 5:14-15, മത്ത. 8:3, യോഹ. 9:6, മർക്കോ 6:13, |
| 6. | പട്ടത്വം | അപ്പോസ്തോലിക ദൗത്യത്തിനായുള്ള വിളി | ലൂക്ക 9:23, 10:1-12, മത്താ. 10:1-15, |
| 7. | വിവാഹം | തലമുറയ്ക്ക് ജന്മം നല്കി വളർത്തുവാനുള്ള വിളി | ഉല്പ 1:27, 2:24, മത്ത. 19:5-6 |



ജൂബിയും കുടുംബവും




ജെയ്നും കുടുംബവും



## ST. ANTONY'S MALANKARA CATHOLIC CHURCH
## VADASSERIKKARA